**2008 സപ്തംബർ– ഒക്ടോബർ**

1183 കന്നി - തുലാം

1429 റമദാൻ– ശവ്വാൽ

1387 തബൂക് - ഇഖാ

പുസ്തകം 8 ലക്കം 5

വില 10 രൂപ


بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

## വി ഷ യ വി വ രം


ആമുഖം

തീവ്രവാദം ഇല്ലായ്മ ചെയ്യണം **4**

**യുഗനാദം**



എല്ലാ ഓരോ ശത്രുവും ഈ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതിനു കഴിയുന്നത്ര ശ്രമിക്കുകയും അതിലേക്ക് അവസാനത്തെ ശക്തിപോലും വിനിയോഗിക്കയും ചെയ്തിട്ട്, ഒടുവിൽ തങ്ങളോ ജയിച്ചത്, അതല്ല ദൈവമോ എന്നു നോക്കിക്കൊള്ളട്ടെ.... എന്നാൽ, സത്യവാദി നാശമടയുകയില്ലെന്നും അദ്ദേഹം ദൈവത്തിന്റെ സൈന്യങ്ങൾക്ക് മദ്ധ്യേ വിഹരിക്കുകയാകുന്നുവെന്നും നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. അദ്ദേഹത്തെ തിരിച്ചറിയാത്തവൻ നിർഭാഗ്യവാൻ.

പശ്ചാത്തപിച്ചു മടങ്ങുക........................................ **5**

**വിശുദ്ധഖുർആൻ**

സൂറത്തുൽ ബഖറ. അർത്ഥം, വ്യാഖ്യാനം.................... **6**

**ഖുത്ബ**

പള്ളികൾ ദൈവസ്മരണക്കും സമസൃഷ്ടി സേവനത്തിനുമുള്ള കേന്ദ്രങ്ങൾ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ്) **9**

**ലേഖനം**

ദൈവീക പ്രസ്ഥാനങ്ങൾ പരാജയപ്പെടുകയില്ല ....................
ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്) **13**

അഹ്മദികളും ഹജ്ജ് കർമ്മവും
മുഹമ്മദ് ഫാറൂഖ്. എച്ച്.ഏ. **16**

ഖിലാഫത്ത്: വാഗ്ദത്ത മസീഹിന്റെ ലിഖിതങ്ങളുടെ വെളിച്ചത്തിൽ........................................ **18**
എ. അമീൻ

മറ്റൊരു സമ്പദ്വ്യവസ്ഥയ്ക്ക് ലോകം കാത്തിരിക്കുന്നു.................... **22**
ഇബ്നു മുഹമ്മദ്

ഹദ്റത്ത് അഹ്മദുമായി ബന്ധപ്പെട്ട ചില കോടതി രംഗങ്ങൾ.................... **26**
എ.ക്യു. മഹ്ദി

ത്യാഗത്തിന്റെ സൗരഭ്യം പരത്തുന്ന ചരിത്രപ്പുറങ്ങൾ ........................ **29**
ഈജാസ്

തിരുമനസ്സിന്റെ തിരുമുമ്പിൽ നാലാം ഖലീഫയുടെ ഓർമ്മകൾ.................... **31**
അഡ്വ. ടി.നിസാർ അഹ്മദ്, കണ്ണൂർ

കേരള സംസ്ഥാന മജ്ലിസ് അൻസാറുല്ലാഹ് വാർഷിക റിപ്പോർട്ട് 2007–08.................................. **35**
അഡ്വ. ജമീൽ അഹ്മദ്

മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമാ .................... **37**
സ്റ്റാഫ് റിപ്പോർട്ടർ

ബയ്ത്തുൽമാൽ അറിയിപ്പ് .................... **39**

വിശുദ്ധഖുർആന്റെ ആഴവും അഴകും തിരിച്ചറിഞ്ഞ ആലിക്കോയ സാഹിബ് .................... **40**
എൻ.ഇ. ഹഖ്

അനുസ്മരണം................... **42**



*എഡിറ്റർ ഇൻ ചാർജ്:*
എം. നാസിർ അഹ്മദ്

*മാനേജർ:*
എം. മുഹമ്മദ് സലിം

**SATHYAMITHRAM**
**ANSARULLAH PUBLICATION**

Printed and Published by Majlis Ansarullah State Committee, Kerala
at BRB Offset Printers & Publishers, Thavakkara, Kannur- 17.
Ph: 0497- 2761010, 2761020

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# തീവ്രവാദം ഇല്ലായ്മ ചെയ്യണം

**തീ**വ്രവാദ വിധ്വംസക പ്രവർത്തനങ്ങൾ അടുത്തകാലത്തായി അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുകയാണ്. ലോകത്തിലെ എല്ലാ വൻകരകളിലും അതിന്ന് സമാധാന ജീവിതത്തിന് ഭംഗമുണ്ടാക്കിയിരിക്കുന്നു. ദൗർഭാഗ്യവശാൽ അതേറെയും നടക്കുന്നത് മുസ്‌ലിം രാഷ്ട്രങ്ങളിലോ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലോ ആണ്. അതുകൊണ്ടുതന്നെ തീവ്രവാദ പ്രവർത്തനങ്ങളിൽ മുഖ്യഭാഗവും ഇസ്‌ലാമിന്റെ പേരിലാണ് കെട്ടിവെക്കുന്നത്. ഇത് ഏറെക്കുറേ ശരിവെക്കുന്ന രീതിയിലാണ് അംഗുലീപരിമിതമെങ്കിലും ചില മുസ്‌ലിംകളിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങൾ.

മുമ്പ് ഇന്ത്യയുടെ ഉത്തരഭാഗങ്ങളിൽ പ്രത്യേകിച്ച് കശ്മീരിൽ കേൾവികേട്ട ഇത്തരം പ്രവർത്തനങ്ങളുടെ ഒരു പ്രധാനകേന്ദ്രമായി തെക്കേ ഇന്ത്യ വിശിഷ്യാ കേരളം മാറിയിരിക്കുന്നതായാണ് സമീപകാല വാർത്തകൾ വ്യക്തമാക്കുന്നത്. കശ്മീരിലേയും മറ്റുമുള്ള യുവാക്കൾ ഇത്തരം പ്രവർത്തനങ്ങളിൽനിന്ന് മാറിനിൽക്കാനാരംഭിച്ചപ്പോഴാണ് ഇവിടങ്ങളിൽ ഇതു വ്യാപകമായത് എന്നത് ശ്രദ്ധേയമാണ്. ഇതിൽനിന്നും മനസ്സിലാകുന്നത് ഇതിന്റെ പിന്നിലുള്ളവരുടെ ഉദ്ദേശ്യം മതപ്രചാരണമോ മതാനുയായികളുടെ സംരക്ഷണമോ അല്ലെന്നാണ്. പണസമ്പാദനവും മറ്റു നിക്ഷിപ്ത താൽപര്യങ്ങളുമാണ് ഇവരെ നയിക്കുന്നതെന്ന് വ്യക്തം.

ഇസ്‌ലാമിൽ തീവ്രവാദത്തിന് സ്ഥാനമില്ല. ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്. നബി(സ) തിരുമേനി ഒരിക്കലുംതന്നെ സ്വന്തം രാജ്യത്തുനിന്നുകൊണ്ട് പ്രതിരോധയുദ്ധം നടത്തിയിട്ടില്ല. അദ്ദേഹത്തിനും അനുയായികൾക്കും നേരിടേണ്ടിവന്ന അക്രമങ്ങൾ അതിന്റെ സകല പരിധികളും കടന്നപ്പോഴും ആരേയും ആക്രമിക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. സമാധാന ജീവിതം നയിക്കുന്നതിന്നായി മദീനയിലേക്ക് പാലായനം ചെയ്യുകയാണ് അദ്ദേഹം ചെയ്തത്. അതായത് ഇസ്‌ലാമിൽ തീവ്രവാദമൊന്നില്ലയെന്ന് സാരം.

മാലെ ഗാവ് സ്ഫോടനവുമായി ബന്ധപ്പെട്ട് ഹിന്ദുതീവ്രവാദികൾ പിടിയിലായതോടെ തീവ്രവാദത്തിന് മതമില്ലായെന്ന് വ്യക്തമായിരിക്കുന്നു. ജൂതന്മാരും തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ചുരുക്കത്തിൽ ഇവരുടെയൊക്കെ ലക്ഷ്യം ഒന്നാണ്. അത് മറ്റൊന്നുമല്ല. ആഢംബരജീവിതം നയിക്കാനുള്ള മോഹമാണ് അത്. അതിന്നായി ഇക്കൂട്ടർ പാവപ്പെട്ടവരെ ചൂഷണം ചെയ്യുകയാണ്. നിത്യജീവിതത്തിന് വഴികണ്ടെത്താൻ വിഷമിക്കുന്ന കുടുംബങ്ങളിലെ യുവാക്കളെ നല്ല ജോലിയും മറ്റും വാഗ്ദാനം ചെയ്ത് വലയിലാക്കുകയാണിവർ. തീവ്രവാദ വിധ്വംസക പ്രവർത്തനങ്ങൾ നാടിനും വീടിനും ഒരു ഗുണവും ചെയ്യുന്നില്ല. അത് സാമ്പത്തികമായി രാഷ്ട്രങ്ങളെ പിന്നോട്ടടിപ്പിക്കാനും നിരപരാധികളുടെ ജീവൻ നഷ്ടപ്പെടാനും മാത്രമേ കാരണമാകുന്നുള്ളൂ.

ഇതിന് തടയിടണമെങ്കിൽ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. യുവാക്കൾക്ക് തൊഴിൽ നൽകാനും അതുവഴി പട്ടിണിയകറ്റാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിന് മുൻകൈയെടുക്കേണ്ടത് ഭരണാധികാരികളാണ്. അതിനുള്ള നയപരിപാടികൾ ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്. ഒപ്പം ഛിദ്രശക്തികളെ അടിച്ചമർത്താനും ഒറ്റപ്പെടുത്താനുമുള്ള ശക്തമായ നടപടികളുമുണ്ടാകണം. ഇതിനെല്ലാമുപരി യഥാർത്ഥ മതം പഠിപ്പിക്കാനുള്ള ശ്രമം മതനേതാക്കളുടെ ഭാഗത്ത് നിന്നുണ്ടാവുകയും വേണം. എങ്കിൽ മാത്രമേ ഇത് തടയാനാകൂ. തങ്ങളുടെ കുട്ടികളുടെ ഓരോ ചലനവും വീക്ഷിക്കാനും അവരെ നേർവഴിയിലേക്ക് നടത്താനുള്ള ഉപദേശങ്ങൾ നൽകാനും രക്ഷിതാക്കളും മുതിർന്നവരും തയ്യാറായേ പറ്റൂ.



# പശ്ചാത്തപിച്ചു മടങ്ങുക

**ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)**

**ദി**വ്യമായ ഈ പ്രവർത്തനത്തെ മനുഷ്യന് തടയാൻ സാധിക്കുമോ? കൊള്ളാം! കഴിയുമെങ്കിൽ നിങ്ങൾ ശ്രമിച്ചുനോക്കുവിൻ. നബിമാരുടെ ശത്രുക്കൾ പ്രവർത്തിച്ചുപോന്ന എല്ലാ ഉപായങ്ങളും ഒന്നൊഴിയാതെ നിങ്ങളും ഉപയോഗിച്ചുനോക്കുവിൻ. അങ്ങേയറ്റംവരെ പ്രവർത്തിച്ചുനോക്കുവിൻ. മരണത്തെ സമീപിക്കുന്നതുവരെ നിങ്ങൾ എന്റെ നാശത്തിന്നായി പ്രാർത്ഥന നടത്തിക്കൊൾവിൻ. എന്നിട്ട് നിങ്ങൾക്കതുകൊണ്ട് എന്ത് ഹാനി വരുത്തുവാൻ സാധിച്ചു എന്ന് നോക്കേണ്ടതാണ് (അർബയീൻ).

എല്ലാ ഓരോ ശത്രുവും ഈ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതിനു കഴിയുന്നത്ര ശ്രമിക്കുകയും അതിലേക്ക് അവസാനത്തെ ശക്തിപോലും വിനിയോഗിക്കയും ചെയ്തിട്ട്, ഒടുവിൽ തങ്ങളോ ജയിച്ചത്, അതല്ല ദൈവമോ എന്നു നോക്കിക്കൊള്ളട്ടെ.... എന്നാൽ, സത്യവാദി നാശമടയുകയില്ലെന്നും അദ്ദേഹം ദൈവത്തിന്റെ സൈന്യങ്ങൾക്ക് മദ്ധ്യേ വിഹരിക്കുകയാകുന്നുവെന്നും നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. അദ്ദേഹത്തെ തിരിച്ചറിയാത്തവൻ നിർഭാഗ്യവാൻ (ബറാഹീനെ അഹ്മദിയ്യ).

“മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസമുണ്ടായിട്ടില്ലെന്നു തോന്നുമാറ് അടിമേൽ മറിഞ്ഞുപോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കരരൂപത്തിലുള്ള മറ്റു പല നാശങ്ങളും സംഭവിക്കും. ഇങ്ങേയറ്റം ബുദ്ധിയുള്ളവരുടെ ദൃഷ്ടിയിൽ ഈ സംഗതികൾ എത്രയും അസാധാരണമായവയായിത്തീരും. അതുകളെ സംബന്ധിച്ച് യാതൊന്നും പ്രകൃതിശാസ്ത്രത്തിന്റേയോ തത്ത്വജ്ഞാനത്തിന്റേയോ ഗ്രന്ഥങ്ങളിലെ ഏടുകൾ പരിശോധിച്ചാൽ കാണപ്പെടുകയില്ല. അപ്പോൾ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്നുവെച്ച് മനുഷ്യർ വല്ലാതെ പരിഭ്രമിക്കും. ആ നാളുകൾ അടുത്തുവരുന്നു. അല്ല, അവ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു മഹാപ്രളയത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല, ഭീകരങ്ങളായ മറ്റു വിപത്തുകളും ഭൂമിയിൽനിന്നും ആകാശത്തുനിന്നും വെളിപ്പെടും. ഇതെല്ലാം സംഭവിക്കുന്നത് മനുഷ്യർ ദൈവത്തെ മറന്ന് ഭക്തിമാർഗ്ഗത്തെ ഉപേക്ഷിക്കുകയും മുഴുവനായും ലൗകീകത്തിൽതന്നെ പതിക്കുകയും ചെയ്തതിനാലത്രെ. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഈ നാശങ്ങൾ അല്പം പുറകോട്ട് മാറ്റിവെക്കപ്പെടുമായിരുന്നു. എന്നാൽ, ഞാൻ വന്നതോടുകൂടി ആ ദൈവത്തിന്റെ മറഞ്ഞുകിടക്കുന്ന രഹസ്യ പരിപാടികളെല്ലാം പ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു. ‘ഒരു പ്രവാചകനെ എഴുന്നേല്പിച്ചല്ലാതെ നാം ഒരു ജനതയേയും ശിക്ഷിക്കുകയില്ല എന്ന് ദൈവം ഖുർആനിൽ പറഞ്ഞിരിക്കുന്നു (36:30). ആകയാൽ പശ്ചാത്തപിച്ചു മാനസാന്തരപ്പെടുന്നവർക്ക് രക്ഷ ലഭിക്കും. ആപത്തിനെ ഭയപ്പെടുന്നവർക്ക് കരുണ ചെയ്യപ്പെടും. (ഹക്കീക്കത്തുൽ വഹ്യ്).

# സൂറത്തുൽ ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

إِنَّ الصَّفَا وَالْمَرْوَةَ مِن شَعَآئِرِ اللّهِ فَمَنْ حَجَّ الْبَيْتَ أَوِ اعْتَمَرَ فَلاَ جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا وَمَن تَطَوَّعَ خَيْرًا فَإِنَّ اللّهَ شَاكِرٌ عَلِيمٌ

**159. "നിശ്ചയമായും സഫായും മർവായും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ടവയാണ്. അതുകൊണ്ട് വല്ലവനും ആ (കഅ്ബാ) മന്ദിരത്തിൽചെന്ന് ഹജ്ജോ ഉംറയോ നിർവഹിക്കുന്നുവെങ്കിൽ, അപ്പോൾ അവയ്ക്കിടയിൽ പ്രദക്ഷിണം ചെയ്യുന്നതിൽ അവന് കുറ്റമൊന്നുമില്ല. ആരെങ്കിലും സ്വമേധയാ നന്മ ചെയ്യുന്നുവെങ്കിൽ, നിശ്ചയമായും അല്ലാഹു (അതിനെ) വിലമതിക്കുന്നവനും (എല്ലാം) നന്നായി അറിയുന്നവനുമാകുന്നു" (2:159).**

### പദാർത്ഥം

إِنَّ الصَّفَا നിശ്ചയമായും സഫാ وَالْمَرْوَةَ മർവായും مِن شَعَآئِرِ اللّهِ അല്ലാഹുവിന്റെ അടയാളങ്ങളിൽപെട്ടതാണ്. وَمَنْ ആർ حَجَّ ഹജ്ജ് നിർവ്വഹിക്കുക الْبَيْتَ ഗൃഹം (കഅ്ബ മന്ദിരം) أَوِ അല്ലെങ്കിൽ اعْتَمَرَ ഉംറ നിർവ്വഹിക്കുക فَلاَ جُنَاحَ കുറ്റമില്ല عَلَيْهِ അവർക്ക് أَن يَطَّوَّفَ ത്വവാഫ് ചെയ്യുന്നതിൽ بِهِمَا അതിൽ രണ്ടിനും ഇടയിൽ وَمَن ആർ تَطَوَّعَ സ്വമേധയാ خَيْرًا നന്മ فَإِنَّ اللّهَ നിശ്ചയമായും അല്ലാഹു شَاكِرٌ വിലമതിക്കുന്നവൻ عَلِيمٌ നന്നായി അറിയുന്നവൻ.

### വ്യാഖ്യാനം

സഫായും മർവായും രണ്ട് കുന്നുകളാണ്. ഇവ രണ്ടും അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ടതുമാണ്. ഹജ്ജും ഉംറയും ചെയ്യുമ്പോൾ കഅ്ബ ദേവാലയത്തിന്റെ പ്രദക്ഷിണം കഴിഞ്ഞാൽ ഈ രണ്ട് കുന്നുകൾക്കിടയിലാണ് ഏഴുതവണ ഓടാറുള്ളത്. സഫാ കുന്നിൽനിന്നും തുടങ്ങി മർവയിൽ അവസാനിക്കുന്നതാണ് ഒന്നാമത്തെ ഓട്ടം. പിന്നീട് തിരിച്ചും. ഈ ഓട്ടം ഹദ്റത്ത് ഹാജറ(അ) ഹദ്റത്ത് ഇസ്മാഈൽ (അ) എന്നിവരെ ഓർമ്മപ്പെടുത്തുന്നതുകൊണ്ടാണ് ഇതിനെ അടയാളമായി പറഞ്ഞിരിക്കുന്നത്.

തന്റെ ഭാര്യ ഹാജറയേയും മകൻ ഇസ്മാഈലിനേയും ആരോരുമില്ലാത്ത നീരുറവ പോലുമില്ലാത്ത മരുപ്രദേശമായ മക്കയിൽ വിട്ടേച്ചുവരാൻ ഹദ്റത്ത് ഇബ്റാഹീം(അ)നോട് അല്ലാഹു കല്പിച്ചു. ഈ കല്പന പാലിച്ചുകൊണ്ട് ഹദ്റത്ത് ഇബ്റാഹീം(അ) അവർ ഇരുവരേയും കഅ്ബയുടെ അടുത്ത് പാർപ്പിക്കുകയുണ്ടായി. അവിടെ ഒരു തുള്ളി വെള്ളമോ ഒരു പുല്ലുപോലുമോ ഉണ്ടായിരുന്നില്ല. അദ്ദേഹം അവർക്ക് നൽകിയ ഒരു തോൽസഞ്ചി നിറയെ വെള്ളവും ഒരു പൊതി കാരക്കയുമാണ് അവരുടെ പക്കൽ ഉണ്ടായിരുന്നത്. അങ്ങനെ നിറഞ്ഞകണ്ണുകളോടെ അല്ലാഹുവിനോടുള്ള പ്രാർത്ഥനയിൽ നിരതനായിക്കൊണ്ട് അദ്ദേഹം അവരെ വിട്ടുപിരിഞ്ഞു. ദിവസങ്ങൾ കഴി

ഞ്ഞു. അവരുടെ കൈവശമുണ്ടായിരുന്ന വെള്ളം പൂർണ്ണമായും തീർന്നു. ദാഹപരവശനായ ഇസ്മാഈൽ വെള്ളത്തിനായി കേണു. ഉമ്മ ഹാജറാ(അ)യ്ക്ക് കുട്ടിയുടെ ഈ അവസ്ഥ കണ്ട് സഹിച്ചിരിക്കാൻ കഴിഞ്ഞില്ല. വെള്ളവുമന്വേഷിച്ച് ആ ഉമ്മ അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു. എന്നാൽ, വെള്ളം എവിടെനിന്ന് ലഭിക്കാൻ! തൊട്ടടുത്തതാ സഫാ കുന്ന്. ആരെയെങ്കിലും കണ്ടാൽ തന്റെ മകനുവേണ്ടി അല്പം വെള്ളം ചോദിക്കാം എന്ന് കരുതി അവർ സഫാ കുന്നിലേക്ക് ഓടിക്കയറി. എന്നാൽ, അവിടെയെങ്ങും ആരേയും കാണാത്തതുകൊണ്ട് ഉടനെ അടുത്ത കുന്നായ മർവയിലേക്ക് ഓടിക്കയറി. എന്നാൽ, അവിടേയും ആരേയും കാണാൻ കഴിഞ്ഞില്ല. വീണ്ടും സഫാകുന്നിലേക്ക് ഓടിവന്നു. അവിടെനിന്ന് മർവയിലേക്കും. അങ്ങനെ ഏഴുപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും വെള്ളവുമന്വേഷിച്ച് അവർ ഓടിനടന്നു. ഏഴാമത്തെ പ്രാവശ്യം അവർ മർവായിൽ എത്തിയപ്പോൾ എവിടെനിന്നോ ഒരശരീരി കേട്ടു. അവർ വിളിച്ചുപറഞ്ഞു. ഈ ശബ്ദം ആരുടേതാണ്. താങ്കൾക്ക് കഴിയുമെങ്കിൽ ഞങ്ങളെ സഹായിച്ചാലും." ഈ ശബ്ദം അല്ലാഹുവിന്റെ ഒരു മാലാഖയുടേതായിരുന്നു. ആ മാലാഖ പറഞ്ഞു. ഹാജറാ! മകന്റെ അടുത്തേക്കുപോകൂ. ഇസ്മാഈലിന്റെ കാലിനു താഴെ ദൈവം ഒരു നീരുറവ ഒഴുക്കിയിട്ടുണ്ട്.

ഇതുകേട്ടപ്പോൾ ഹാജറ മകന്റെ അടുത്തേക്ക് തിരിച്ചുവന്നു. മകൻ ദാഹപരവശനാണ്. അവിടെയതാ ഒരു നീരുറവ വളരെ ശക്തിയായി ഒഴുകുന്നു. അതാണ് സംസം കിണർ. ഇത് ഹദ്റത്ത് ഇസ്മാഈൽ(അ)ന് വേണ്ടി അത്ഭുതകരമായി അല്ലാഹു ഒഴുക്കിയ നീരുറവയാണ്. ഈ ഒരു ഉറവ കാരണം മക്ക വിപ്ലവകരമായ മാറ്റത്തിന് ഇടയാകുകയും അല്ലാഹു അതിനെ ഒരു മഹാനഗരമായി മാറ്റുകയും ചെയ്തു.

ഇവിടെ അല്ലാഹു സഫാ മർവാ എന്നീ രണ്ട് കുന്നുകളെ എടുത്തുപറയാനുള്ള കാരണം, ക്ഷമയോടും സ്ഥിരചിത്തതയോടുംകൂടി ദീനീ സേവനത്തിൽ ഭാഗവാക്കാകുന്നവരെ അവൻ ഒരിക്കലും വ്യർഥാവിലാക്കില്ലെന്ന പരമമായ സത്യം വിവരിക്കുന്നതിനു വേണ്ടിയാണ്. അല്ലാഹു അവർക്ക്- ഹദ്റത്ത് ഹാജറക്കും ഇസ്മാഈലിനും നൽകിയതുപോലെ ആകാശീയമായ അടയാളങ്ങളും നിത്യജീവനും അതിരറ്റ പാരിതോഷികങ്ങളും നൽകി അനുഗ്രഹിക്കുന്നതാണ്. നിങ്ങൾ ക്ഷമ കൈക്കൊള്ളുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കും തന്റെ പാരിതോഷികങ്ങൾ നൽകുകയും അവന്റെ അടയാളങ്ങളിൽ ഒരടയാളമാക്കി മാറ്റുകയും ചെയ്യുന്നതാണ്.

"***ഫലാ ജുനാഹ അലൈഹി അൻയുത്തവ്വഫ ബിഹിമാ***" അവയ്ക്കിടയിൽ പ്രദക്ഷിണം ചെയ്യുന്നതിൽ കുറ്റമൊന്നുമില്ല. ചിലർ കരുതിയിരുന്നത് സഫാ മർവാ കുന്നുകൾക്കിടയിൽ ഓടുന്നത് തെറ്റാണെന്നാണ്. ഈ ചിന്താഗതിയെ അല്ലാഹു ഇവിടെ തിരുത്തുകയും അത് അനുവദനീയമാണെന്ന് പറയുകയും ചെയ്യുന്നു. ഇവിടെ ചിലർ ധരിക്കുന്നതുപോലെ ഇതിന് രണ്ടിനുമിടയിൽ പ്രദക്ഷിണം വെക്കുന്നത് നിർബന്ധമില്ല എന്നതും തെറ്റാണ്. അതിനിടയിൽ പ്രദക്ഷിണം വെക്കുന്നതുകൊണ്ട് തെറ്റില്ല എന്ന് പറഞ്ഞത് കൊണ്ട് അവർ കണക്കുകൂട്ടുന്നത് വേണമെങ്കിൽ പ്രദക്ഷിണം ആവാം, നിർബന്ധമില്ല എന്നാണ്. എന്നാൽ തിരുനബി(സ.അ)ന്റെ ചര്യയും ഹദ്റത്ത് ആയിശ(റ)യുടെ വചനവും എല്ലാം വ്യക്തമാക്കുന്നത് സഫാ മർവാ കുന്നുകൾക്കിടയിലുള്ള പ്രദക്ഷിണം നിർബന്ധമാണെന്നാണ്. '***വമൻ തതവ്വഅ ഖൈറൻ***' ആര് സ്വമേധയാ നന്മ ചെയ്യുന്നുവോ എന്ന വചനത്തിൽ അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നത് പ്രതിഫലം കാംക്ഷിച്ചുകൊണ്ട് നന്മ ചെയ്യുന്നവർ അല്ലാഹുവിനോട് കച്ചവടം ചെയ്യുകയാണ് എന്നും അല്ലാഹുവിനോട് പകരത്തിനു പകരം ചോദിക്കുന്നത് നല്ലതല്ല എന്നുമാണ്. അല്ലാഹു മനുഷ്യരിൽ ചെയ്തിരിക്കുന്ന എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നതിനായിരിക്കണം ആരാധനകൾ അനുഷ്ഠിക്കുന്നത്. ഞാൻ ആരാധനയൊന്നും നടത്തിയിട്ടില്ലെങ്കിൽ എനിക്കൊരനുഗ്രഹവും ലഭിക്കില്ല എന്ന ചിന്താഗതിയോടെ ആയിരിക്കരുത്. ആരാധനക്ക് പകരം പാരിതോഷികം പ്രതീക്ഷിക്കുക എന്നത് വളരെ താഴ്ന്നരീതിയിലുള്ള ആഗ്രഹമാണ്. അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്ന അനുഗ്രഹങ്ങളും പ്രീതിയും ഓർത്തുകൊണ്ട് അതിന്റെ നന്ദിസൂചകമായി അവന്റെ സവിധത്തിൽ സാഷ്ടാംഗം ചെയ്യുക എന്നതാണ് യഥാർത്ഥ ഇബാദത്ത്.

'***ഫഇന്നല്ലാഹ ശാക്കിറും അലീം***' അല്ലാഹു വിലമതിക്കുന്നവനും നന്നായി അറിയുന്നവനുമാകുന്നു. നിങ്ങൾ അല്ലാഹുവുമായി ക്രയവിക്രയം ചെയ്യാതെ അവനിൽ പൂർണ്ണമായും തവക്കുൽ ചെയ്യുക. നിങ്ങളുടെ നന്മകളെ അവൻ ഒരിക്കലും പാഴാക്കില്ല. നിങ്ങൾക്ക് അതിന്റെ പ്രതിഫലം നൽകുന്നതാണ്. ഇവിടെ ശാക്കിറും എന്നതിനൊപ്പം അലീം എന്നും പറഞ്ഞിട്ടുണ്ട്. അതിന് ചില കാരണങ്ങളുണ്ട്. മനുഷ്യന് നൽകുന്ന പ്രതിഫലം ഓരോരുത്തർക്കും അനുയോജ്യമായ രീതിയിലാണ് അല്ലാഹു നൽകുക. കാരണം അവർ ഓരോരുത്തരുടേയും അവസ്ഥ അറിയുന്നവനാണ്. ഒരു അന്ധന് വളരെ വിലപിടിച്ച കണ്ണട ലഭിച്ചതുകൊണ്ട് എന്ത് പ്രയോജനം. അതുകൊണ്ട് ഓരോരുത്തരുടേയും ആവശ്യങ്ങൾ, കഴിവുകൾ എന്നിവ പരിഗണിച്ചായിരിക്കണം അവർക്കും പാരിതോഷികങ്ങൾ നൽകേണ്ടത്. അല്ലാഹു അലീം എല്ലാം നല്ലപോലെ അറിയുന്നവൻ ആയതുകൊണ്ട് ആ രീതിയിലായിരിക്കും അവൻ പ്രതിഫലങ്ങൾ നൽകുക.

إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنَ الْبَيِّنَاتِ وَالْهُدَىٰ
مِن بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ ۙ أُولَٰئِكَ يَلْعَنُهُمُ
اللَّهُ وَيَلْعَنُهُمُ اللَّاعِنُونَ ﴿١٦٠﴾

**160. “നാം അവതരിപ്പിച്ച സ്പഷ്ടമായ ദൃഷ്ടാന്തങ്ങളേയും മാർഗ്ഗദർശനത്തേയും ഈ ഗ്രന്ഥത്തിൽ ജനങ്ങൾക്ക് നാം അത് വിശദീകരിച്ചു കൊടുത്തശേഷം ആരത് മറച്ചുവെക്കുന്നുവോ, നിശ്ചയമായും അക്കൂട്ടരെ അല്ലാഹു ശപിക്കുന്നതാണ്. (മറ്റു) ശപിക്കുന്നവരും അവരെ ശപിക്കുന്നതായിരിക്കും.”**

## പദാർത്ഥം

إِنَّ الَّذِينَ നിശ്ചയമായും അവർ يَكْتُمُونَ അവർ മറച്ചുവെക്കുന്നു. مَا أَنزَلْنَا ഏതൊന്ന് നാം ഇറക്കിയോ مِنَ الْبَيِّنَاتِ സ്പഷ്ടമായ നിർദ്ദേശങ്ങളിൽനിന്ന് وَالْهُدَىٰ മാർഗ്ഗദർശനത്തേയും مِن بَعْدِ ശേഷം مَا بَيَّنَّاهُ നാം അത് വിശദീകരിച്ചുകൊടുത്തു لِلنَّاسِ ജനങ്ങൾക്ക് فِي الْكِتَابِ ഗ്രന്ഥത്തിൽ أُولَٰئِكَ അക്കൂട്ടർ يَلْعَنُهُمُ اللَّهُ അല്ലാഹു അവരെ ശപിക്കുന്നതാണ് وَيَلْعَنُهُمُ അവരെ ശപിക്കുന്നതുമാണ് اللَّاعِنُونَ ശപിക്കുന്നവർ.

## വ്യാഖ്യാനം

‘ലാഇൻ’ എന്നാൽ ശപിക്കുന്നവൻ എന്നാണർത്ഥം. ശപിക്കുന്നവർ രണ്ടുതരക്കാരുണ്ട്. ഒരു വിഭാഗം മോശം സ്വഭാവക്കാരാണ്. അവർ എപ്പോഴും മറ്റുള്ളവരെ ശപിക്കുകയും അവരെ ചീത്തപറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെ ശപിക്കുന്നവരെ കുറിച്ചല്ല ഈ ആയത്തിൽ പരാമർശിക്കുന്നത്. കാരണം അവർ തന്റെ സഹോദരങ്ങളെ ശപിച്ചുകൊണ്ട് അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരാണ്. അവർ അല്ലാഹുവിനോടൊപ്പം മറ്റുള്ളവരെ ശപിക്കുന്നതിൽ പങ്കുചേരുക സാധ്യമല്ല. പ്രസ്തുത വചനത്തിൽ പറയുന്നത് അല്ലാഹുവും ശപിക്കുന്നവരും അവരെ ശപിക്കും എന്നാണ്. അപ്പോൾ അല്ലാഹുവിനോടൊപ്പം കൂടുന്ന ശപിക്കുന്നവർ ആരാണ്. ഇവിടെ ശപിക്കുന്നവരുടെ രണ്ടാമത്തെ വിഭാഗത്തിൽപെട്ടവരെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. മറ്റുള്ളവരുടെ പ്രവൃത്തി കാരണം അവരെ ശപിക്കാൻ അല്ലാഹു ചിലർക്ക് ഉത്തരവ് നൽകിയിരിക്കും. അവർ പ്രവാചകന്മാരും അല്ലാഹുവിന്റെ വരിഷ്ഠ ദാസരുമല്ലാതെ മറ്റാരുമല്ല. ഇവർ അല്ലാഹുവിൽനിന്ന് ലഭിക്കുന്ന ഇൽഹാമിന്റെ വെളിച്ചത്തിൽ ഇന്ന വ്യക്തികൾക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകുമെന്നും ഇന്ന വ്യക്തികൾക്ക് അല്ലാഹുവിന്റെ ശിക്ഷയുണ്ടാകുമെന്നും മുന്നറിയിപ്പ് നൽകുന്നു.

‘അൽകിതാബ്’ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് വിശുദ്ധഖുർആനും അന്നാസ് എന്നതുകൊണ്ട് മുസ്‌ലിംകളുമാണ്. യുദ്ധപ്രഖ്യാപനം നടത്തിക്കഴിഞ്ഞാൽ പല കപടന്മാരും രംഗത്ത് വരുന്നതാണ്. ത്യാഗത്തിന്റെ അധ്യാപനങ്ങൾ കേൾക്കുമ്പോൾ അവർ മുഖം തിരിച്ചുകളയുന്നു. എതിരാളികളുടെ മുമ്പാകെ ചങ്കൂറ്റത്തോടെ കാര്യങ്ങൾ തുറന്നടിക്കാൻ ധൈര്യപ്പെടാത്തവരാണവർ. കാര്യങ്ങൾ തുറന്നുപറഞ്ഞാൽ എല്ലാവരും നമുക്കെതിരിലാവില്ല എന്ന ചിന്ത അവരെ വലയം ചെയ്യുന്നതാണ്. അതുകൊണ്ട് അവർ ഗ്രന്ഥത്തിലുള്ള നിർദ്ദേശങ്ങൾ മറച്ചുവെക്കുകയും മറ്റുള്ളവരുമായി മയത്തിൽ വർത്തിക്കാൻ ആഗ്രഹിക്കുകയും കാപട്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവർ വിജയത്തിന്റെ നാളുകളിലാണ് ഉടലെടുക്കുന്നത്. ഈ കാര്യങ്ങളൊക്കെ നല്ലതുതന്നെയെങ്കിലും മറ്റുള്ളവരോട് ഇത് ഇപ്പോൾ പറയേണ്ട കാര്യമുണ്ടോ എന്നായിരിക്കും അവർ ചോദിക്കുക. നിഷേധികളേയും ശത്രുക്കളേയും കുറിച്ച് അവരുടെ നാശത്തെ സംബന്ധിച്ചോ ശിക്ഷയെ സംബന്ധിച്ചോ വല്ല മുന്നറിയിപ്പും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അതെല്ലാം നേരത്തേ തന്നെ അവരെ അറിയിക്കേണ്ടതാണ്. എന്നാൽ മാത്രമേ അത് അടയാളമായിത്തീരുകയുള്ളൂ.

ഇവിടെ അല്ലാഹു പറയുന്നു: നിങ്ങൾ ഇങ്ങനെയുള്ള വസ്തുതകൾ മറച്ചുവെക്കുകയാണെങ്കിൽ അതികഠിനമായ ശിക്ഷ, ദൈവശാപം നിങ്ങൾക്ക് ലഭിക്കുന്നതാണ്. അതുകൊണ്ട് ഇതിൽനിന്ന് വിട്ടുനിൽക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ചില ഗ്രന്ഥങ്ങളിൽ എതിരാളികളുടെമേൽ നിരന്തരമായി ശാപം ചൊരിഞ്ഞിട്ടുണ്ട് എന്ന് ചിലർ ആക്ഷേപിക്കാറുണ്ട്. ലഅ്നത്ത് ലഅ്നത്ത് എന്ന് പലവുരു ആവർത്തിച്ചാവർത്തിച്ചെഴുതിയിരിക്കുന്നു. എന്തിനാണ് ഇത് ചെയ്തത്? ആ മഹാത്മാവ് ശാപം എഴുതിക്കൊണ്ട് അവരെ തെറി പറഞ്ഞിരിക്കുകയാണെന്നാണ് ആക്ഷേ

പേജ് - 25 - ൽ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

# പള്ളികൾ ദൈവസ്മരണക്കും സമസൃഷ്ടി സേവനത്തിനുമുള്ള കേന്ദ്രങ്ങൾ

ഇക്കാലത്ത് ഭൗതിക ചുറ്റുപാടും ഇടപഴകലും മനുഷ്യനെ ഭൗതികതയിലേക്ക് ആകർഷിച്ചു കൊണ്ടിരിക്കുകയാണ്. നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ പോലും ചിന്ത അല്ലാഹുവിലേക്ക് പോകുന്നില്ല. നമസ്കരിക്കുമ്പോൾ അവൻ ദിക്റുകളുംമറ്റും ഉരുവിടുന്നുണ്ടെങ്കിലും എന്താണ് താൻ പറയുന്നത് എന്ന് അവൻതന്നെ അറിയാതെ പോകുന്നു. സലാം വീട്ടി നമസ്കാരത്തിൽനിന്ന് വിരമിക്കുകയും ചെയ്യുന്നു.

ഇക്കാലത്ത് കാലത്തിന്റെ ഇമാമിനെ അംഗീകരിച്ചു കൊണ്ട് തങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റം വരുത്തുമെന്ന് പ്രതിജ്ഞ എടുത്തിരുക്കുന്ന നാം പ്രഥമമായി ചെയ്യേണ്ടത് ജുമുഅ മാത്രമല്ല കഴിവതും എല്ലാ നമസ്കാരങ്ങളും ജമാഅത്തായി തന്നെ അനുഷ്ടിക്കാൻ ശ്രമിക്കുക എന്നതാണ്. അല്ലാഹുവിനെ മാത്രം ധ്യാനിച്ചുകൊണ്ട് അവന്റെ മുമ്പിൽ ഹാജരാകാൻ ശ്രമിക്കേണ്ടതാണ്. പള്ളിയിലേക്ക് വന്നാൽ അവനിലേക്ക് മാത്രം ശ്രദ്ധയുണ്ടായിരിക്കുക. അതോടൊപ്പം തങ്ങളുടെ ആരാധനകൾ അതർഹിക്കുന്ന രീതിയിൽ അനുഷ്ടിക്കുകയും പള്ളിയോടുള്ള കടമ നിറവേറ്റുകയും ചെയ്യുക. ഇതേകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:-

അല്ലാഹുവിന്റെ മഅ്രിഫത്തും സാമീപ്യവും കരഗതമാക്കുന്നതിനാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്.

***വമാ ഖലക്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദുൻ***

നാം ജിന്നിനെയും മനുഷ്യരെയും ആരാധനക്കായാണ് സൃഷ്ടിച്ചിരിക്കുന്നത്

ഈ അടിസ്ഥാന ലക്ഷ്യത്തെ ഓർക്കാതെ ഇന്ന സ്ഥലം വാങ്ങണം ഇന്ന വീട് വാങ്ങണം ഇന്ന സ്വത്ത് കൈവശമാക്കണം എന്ന് ചിന്തിച്ച് രാപ്പകൽ ഭൗതിക നേട്ടത്തെ കുറച്ച് മാത്രം വ്യാകുലപ്പെടുന്നവരെ അല്ലാഹു കുറിച്ച് ദിവസം ഇവിടെ താമസിക്കാൻ വിട്ട് പിന്നീട് തിരിച്ചു വിളിക്കുകയല്ലാതെ മറ്റെന്ത് ചെയ്യാനാണ്.

പറയുന്നു, അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കണമെന്ന ചിന്ത മനുഷ്യന്റെ അന്തഃരംഗത്ത് ഉണ്ടായിരിക്കണം. ഈ ഒരു വികാരം ഉണ്ടാകുമ്പോഴാണ് ദൈവത്തിന്റെ മുമ്പിൽ അവൻ വിലമതിക്കപ്പെടുന്ന ഒരു വസ്തു ആയിത്തീരുന്നത്. അല്ലാഹുവുമായി അൽപ്പമെങ്കിലും ബന്ധം സ്ഥാപിക്കുന്നതിലാണ് മനുഷ്യന് നിലയും വിലയുമുള്ളത്. എല്ലാ ആരാധനകളുടെയും കേന്ദ്രം അല്ലാഹുവിലേക്ക് ചായുന്നില്ലെങ്കിൽ ഈ ആരാധനകൾ എന്ത് ഫലമാണ് ഉളവാക്കുക. നോക്കു - പള്ളികൾ ആയിരക്കണക്കിനുണ്ട്. അതിലെല്ലാം ആരാധനയുടെ ചടങ്ങുകളല്ലാതെ മറ്റെന്താണുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഈ വാക്കുകളും താക്കീതുകളും ഹൃദയത്തെ പിടിച്ചു കുലുക്കുന്നതാണ്. അദ്ദേഹം നമ്മിൽ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷ എന്താണെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്. നമ്മുടെ ഇസ്‌ലാഹിനുവേണ്ടിയും അല്ലാഹുവുമായി നാം ബന്ധം സ്ഥാപിക്കുന്നതിനു വേണ്ടിയും എന്തുമാത്രം വേദനയോടുകൂടിയാണ് ആ മഹാത്മാവ് ഓരോന്നും നമുക്ക് മനസ്സിലാക്കിത്തരുന്നത്. അല്ലാഹുവിന്റെ സവിധത്തിൽ നാം വിലമതിക്കപ്പെടുന്നവരായിത്തീരാൻ എന്തുമാത്രം വ്യാകുലതയാണ് ആ മഹാത്മാവിനുള്ളത്. ഇങ്ങിനെയുള്ള ആരാധനകൾ കൈവരിക്കുന്നതിലായിരിക്കണം നമ്മുടെ ശ്രദ്ധയുണ്ടാവേണ്ടത്. അതിന്നായി നാം പരിശ്രമിക്കുകയും വേണം. അപ്പോൾ മാത്രമെ ആരാധനയുടെ തേട്ടം പൂർത്തിയാക്കുന്നവരും പള്ളിയുടെ അവകാശം നൽകുന്നവരുമായി നാം മാറുകയുള്ളു.

പള്ളി നിർമ്മാണത്തിൽ മറ്റുള്ളവരും മുൻപന്തിയിലാണ്. ചില പള്ളികൾ വളരെ മനോഹരങ്ങളുമാണ്. അവയുടെ ബാഹ്യസൗന്ദര്യത്തിന്റെ കാര്യത്തിൽ നമുക്ക് അവരോട് മത്സരിക്കാൻ സാധ്യമല്ല. എന്നാൽ, അവർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അനുസരണവൃത്തത്തിൽനിന്നും പുറത്തുനിന്നുകൊണ്ടാണ് അത് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ട് ബാഹ്യസൗന്ദര്യം അതിനുണ്ടെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു ആത്മീയസൗന്ദര്യത്തെ കുറിച്ചാണോ പറഞ്ഞിരിക്കുന്നത് അതവിടെ ദർശിക്കാൻ സാധ്യമല്ല. അവർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേയും കൽപ്പനകളെ ധിക്കരിച്ചുകൊണ്ട് കാലത്തിന്റെ ഇമാമിനെ അംഗീകരിക്കാതിരിക്കുക മാത്രമല്ല ചെയ്തത്, അദ്ദേഹത്തെ എതിർക്കുന്നതിൽ മുഴുകിയിരിക്കുകയും കൂടിയാണ്. അല്ലാഹുവും അവന്റെ റസൂലും വരും എന്നു പറഞ്ഞ മഹ്ദി ഇമാമിനെ അവർ നിരാകരിച്ചിരിക്കുന്നു.

തഖ്‌വ സ്വായത്തമാക്കുന്നവരുടെയും സുകൃതം ചെയ്യുന്നവരുടെയും കൂടെയാണ് അല്ലാഹു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹു മനുഷ്യന്റെ ദൈനംദിന റിപ്പോർട്ട് ഉണ്ടാക്കുന്നു. അതുകൊണ്ട് മനുഷ്യനും തന്റെ ദൈനംദിന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. നന്മയിൽ എത്രമാത്രം മുന്നേറാൻ കഴിഞ്ഞു എന്ന് അതിൽ നോക്കി വിലയിരുത്തേണ്ടതാണ്. ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുകയും അവനിൽ പൂർണ്ണമായും അർപ്പണം ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അവൻ ഒരിക്കലും പാഴായിപ്പോകുന്നതല്ല. ആ ഒരു വ്യക്തിക്ക് വേണ്ടി ലക്ഷക്കണക്കിന് ജീവൻ അല്ലാഹു രക്ഷിക്കുന്നതാണ്.

അതിനാൽ നാം ഇന്ന് നമ്മുടെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുകയും നമ്മോടൊപ്പം ലോകത്തുള്ള കോടിക്കണക്കിന് ജനങ്ങളെ ഭൗതികവും ആകാശീയവുമായ ആപത്തുകളിൽനിന്ന് രക്ഷപ്പെടുത്തുകയും ലോകരെ തിരുദൂതരുടെ പതാകക്കു കീഴിൽ അണിനിരത്തി അവരെ ഈ ലോകനാശത്തിൽനിന്നും പരലോക ശിക്ഷയിൽനിന്നും രക്ഷപ്പെടുത്തേണ്ടതുമാണ്.

പള്ളി നിർമ്മിക്കുന്നവർക്ക് അല്ലാഹു സ്വർഗ്ഗത്തിൽ വീട് നിർമ്മിച്ചു നൽകുന്നതാണ് എന്ന് സുവാർത്ത തിരുനബി (സ.അ) നൽകിയപ്പോൾ ഒരു നിബന്ധന കൂടി വെച്ചിട്ടുണ്ട്. മസ്ജിദ് നിർമ്മാണം അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കണം എന്നതാണത്. എന്നാൽ മാത്രമെ പ്രതിഫലം ലഭിക്കുകയുള്ളൂ. അല്ലാഹുവിന്നായുള്ള പള്ളിയിൽ മനുഷ്യർ നിഷ്കപടമായ ആരാധന നടത്തുന്നതാണ്. ഈ അവസ്ഥയിൽ പള്ളി നിർമ്മിച്ചതുകൊണ്ട് അതല്ലെങ്കിൽ പള്ളിനിർമ്മാണത്തിന് സഹായിച്ചതുകൊണ്ട് ഒരഹങ്കാരവും അവനിൽ വരില്ല. മറിച്ച് ഇതിനുശേഷം ദൈവഭയം അവന്റെ ഹൃത്തടത്തിൽ വർദ്ധിക്കുകയാണ് ചെയ്യുക. അല്ലാഹു ഈ കർമ്മം സ്വീകരിക്കുമാറാകട്ടെ എന്നായിരിക്കും അവന്റെ പ്രാർത്ഥന. അല്ലാഹുവിന്റെ വരിഷ്ഠ ദാസർക്ക് ഇഷ്ടപ്പെടുന്നതും അവർ ആഗ്രഹിക്കുന്നതുമായ പ്രവർത്തനങ്ങളായിരിക്കും അവരിൽ നിന്നുണ്ടാവുക.

അതിനാൽ തഖ്‌വയിൽ ഉന്നതി കരസ്ഥമാക്കികൊണ്ട് ഇന്ന് നിങ്ങൾ കൃതജ്ഞത പ്രകടിപ്പിക്കുക. നമ്മുടെ പ്രവർത്തനങ്ങളും ഇബാദത്തുകളും അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുന്ന രീതിയിലാക്കി മാറ്റുക.

മറ്റെല്ലാത്തിനേക്കാളും തഖ്‌വക്ക് മുൻഗണന നൽകേണ്ടതാണ്. ഇവിടെ വസ്ത്രത്തിന്റെ ഉദാഹരണമാണ് അല്ലാഹു എടുത്തു പറഞ്ഞത്.

വസ്ത്രത്തിന് രണ്ട് ഗുണങ്ങളാണുള്ളത്. ഒന്ന് അത് നിങ്ങളുടെ ന്യൂനതകളെ മറയ്കുന്നു. രണ്ട് അത് സൗന്ദര്യത്തിന് കാരണമാകുന്നു. ശാരീരിക ന്യൂനതകൾ വസ്ത്രം മറച്ചുവെയ്ക്കുന്നു. കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനം ശരീരത്തെ ഏൽക്കാതെ വസ്ത്രം തടയുന്നു. സൗന്ദര്യമുള്ള വസ്ത്രം മനുഷ്യന്റെ വ്യക്തിത്വത്തെ എടുത്തു കാണിക്കുന്നു. എന്നാൽ ഈ നാട്ടിലും പാശ്ചാത്യ നാടുകളിൽ പൊതുവിലും വസ്ത്രത്തെ, പ്രത്യേകിച്ച് സ്ത്രീകളുടെ വസ്ത്രധാരണത്തെ തങ്ങളുടെ നഗ്നത മറ്റുള്ളവരിൽ പ്രകടിപ്പിക്കുന്നതിനുള്ള ഉപകരണമാക്കിയിരിക്കുകയാണ്. ഉഷ്ണകാലത്ത് ഇവരുടെ വസ്ത്രം പൂർണ്ണമായും നഗ്നമായി മാറുന്നു. വസ്ത്രങ്ങളുടെ ഈ രണ്ട് ഉദ്ദേശ്യങ്ങളും നിങ്ങൾ പൂർത്തിയാക്കേണ്ടതാണ് എന്ന് അതുകൊണ്ടാണ് അല്ലാഹു പറയുന്നത്. തുടർന്ന് തഖ്‌വയുടെ വസ്ത്രം ഏറ്റവും ഉത്തമമാണെന്ന് പറയുകയും ചെയ്തു. അതായത് തഖ്‌വയിൽനിന്ന് നിങ്ങൾ അകലുകയാണെങ്കിൽ വസ്ത്രത്തിന്റെ ഈ ഭൗതിക ലക്ഷ്യങ്ങൾപോലും കരസ്ഥമാക്കാൻ നിങ്ങൾക്ക് സാധിക്കില്ല. അതിനാൽ വസ്ത്രങ്ങൾ അല്ലാഹുവിന് ഇഷ്ടപ്പെടുന്ന രീതിയിലായിരിക്കണം.

അല്ലാഹുവിന്റെ പക്കൽ ഏറ്റവും നല്ല വസ്ത്രം തഖ്‌വയുടെ വസ്ത്രമാണ്. ഇവിടെ റീശ് എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. പക്ഷികളുടെ തൂവൽ എന്നാണ് ഇതിന്റെ അർത്ഥം. തൂവലുകൾ നാം പിച്ചി എടുക്കുകയോ വല്ല രോഗവും കാരണമായി ഇവകൊഴിഞ്ഞുപോകുകയോ ചെയ്താൽ ആ പക്ഷികളെ കാണാൻ ഒരു രസവും ഉണ്ടാകില്ല. മറിച്ച് നോക്കാൻ കൊള്ളരുതാത്ത അവസ്ഥയായിരിക്കും. റീശ് എന്നതിന്റെ മറ്റൊരർത്ഥം വസ്ത്രം എന്നാണ്. എന്നാൽ, ഇന്ന് നഗ്നത വെളിപ്പെടുത്തുന്ന വസ്ത്രങ്ങൾക്കാണ് നല്ല വസ്ത്രം എന്നു പറയപ്പെടുന്നത്. ഈ വസ്ത്രധാരണരീതിക്ക് പുരുഷന്മാരും കുറ്റക്കാരാണ്. സ്ത്രീയെ അവർ പൂർണ്ണമായും തുറന്നു വിട്ടിരിക്കുകയാണ്. സ്ത്രീകളാണെങ്കിൽ തങ്ങളുടെ പവിത്രതയെ മറന്നുപോകുകയും ചെയ്തിരിക്കുന്നു. പർദ്ദയുടെ മറ നീക്കപ്പെട്ടാൽ പിന്നീട് നഗ്നമായ വസ്ത്രത്തിലേക്കാണ് അവർ ചെന്നെത്തുക. അതുകൊണ്ട് തങ്ങളുടെ പരിശുദ്ധതയെയും പവിത്രതയെയും ഓരോ സ്ത്രീയും നിലനിർത്തേണ്ടതാണ്.

റീശ് എന്നതിന് സമ്പത്ത് എന്ന അർത്ഥം കൂടിയുണ്ട്. ജീവിതവിഭവം എന്നും അർത്ഥമുണ്ട്. ജീവിതത്തിന്റെസുഖസൗകര്യങ്ങൾ നേടിയെടുക്കാൻ തെറ്റായ ഒരുമാർഗ്ഗവും അവലംബിക്കരുത് എന്ന താക്കീതും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിനും തഖ്‌വ നിർബന്ധമാണ്. തെറ്റായ മാർഗ്ഗത്തിലൂടെ ധനം സമ്പാദിക്കാനോ അനുവദനീയമല്ലാത്ത വ്യാപാരം നടത്താനോ ഗവർമ്മെന്റിന് നൽകേണ്ട നികുതി വെട്ടിക്കുറയ്ക്കാനോ പാടില്ല. കള്ളമുതലുകൾകൊണ്ട് നിങ്ങൾ വീടും മറ്റും നിർമ്മിച്ചേക്കാം. എന്നാൽ, ഇത് തഖ്‌വയിൽ നിന്നും നിങ്ങളെ അകറ്റുന്നതായിരിക്കും. അതുകൊണ്ട് അല്ലാഹു പറയുന്നത് നിങ്ങളുടെ ന്യൂനത മറ

ച്ചുവെയ്ക്കുന്നതിനും നിങ്ങളുടെ സൗന്ദര്യത്തിന് വേണ്ടിയും നിങ്ങൾക്ക് അനുവദിച്ച മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. ഇതെല്ലാമാണെങ്കിലുംതഖ്വയുടെ വസ്ത്രമാണ് ഏറ്റവും ഉത്തമമെന്ന് മനസ്സിലാക്കുക. ഇതിലേക്ക് ശ്രദ്ധയുണ്ടെങ്കിൽ ബാഹ്യവസ്ത്രങ്ങളും ജീവിതരീതിയും എല്ലാം അല്ലാഹുവിന്റെ ഇംഗിതമനുസ്സരിച്ചായിരിക്കും. ശയ്ത്താൻ വഴിപിഴപ്പിച്ചപ്പോൾ നിങ്ങളുടെ പൂർവ്വപിതാവായ ആദം തന്റെ നഗ്നത മറയ്ക്കാൻ ശ്രമിച്ചതുപോലെ നിങ്ങളും നിങ്ങളുടെ നഗ്നത മറയ്ക്കുക. അല്ലാഹുവിൽ ഭയവും തഖ്വയും ഉണ്ടെങ്കിൽ ലോകത്തുള്ള വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആനിൽ അല്ലാഹു തഖ്വയുടെ വസ്ത്രമായിട്ടാണ് നാമകരണം ചെയ്തിരിക്കുന്നത്. ലിബാസു തഖ്വ എന്നത് വിശുദ്ധഖുർആന്റെ പ്രയോഗമാണ്, ആത്മീയമായ സൗന്ദര്യം തഖ്വമുഖേന മാത്രമെ കരഗതമാകുകയുള്ളൂ എന്ന് കാണിക്കാനാണത്. തഖ്വ എന്നാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും വിശ്വാസപരമായ പ്രതിജ്ഞകളും അതേപോലെ സൃഷ്ടികളുടെ എല്ലാ അമാനത്തുകളും പ്രതിജ്ഞകളും നിറവേറ്റാൻ ശ്രമിക്കുകയും അതിലെ അതിസൂക്ഷ്മ വശങ്ങൾപോലും പ്രാവർത്തികമാക്കാൻ പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമ്മുടെ ജമാഅത്തിലുള്ള ഓരോരുത്തരും തഖ്വയിൽ മുന്നേറേണ്ടതാണ്. ഇതുമുഖേന ദുആ സ്വീകാര്യതയുടെ മാധുര്യം നുകരാൻ സാധിക്കുന്നതാണ്. വിശ്വാസ വർദ്ധനവും ഉണ്ടാകുന്നതാണ്. ഈ ഒരു നിലയെങ്കിലും നാം കരസ്ഥമാക്കണം. വീട് മോടി പിടിപ്പിക്കുന്നതിലോ അതിനെ അലങ്കരിക്കുന്നതിലോ അല്ല മറിച്ച്, തഖ്വ സ്വായത്തമാക്കുന്നതിലൂടെയാണ് നാം യഥാർത്ഥ സൗന്ദര്യം കരസ്ഥമാക്കുന്നത്. ഒരു അഹ്മദിയുടെ യഥാർത്ഥ ലക്ഷ്യം ഇതായിരിക്കേണ്ടതാണ്."

തഖ്വയുടെ വസ്ത്രം കരസ്ഥമാക്കാൻ ആ മഹാത്മാവ് പറഞ്ഞത് അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകൾ നിറവേറ്റുകയും സൃഷ്ടികളോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകൾ പാലിക്കുകയും ചെയ്യുക എന്നതാണ്.

തഖ്വയിൽ മുന്നേറാൻ വേണ്ടിയുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കാൻ നാം പള്ളിയിലേക്ക് വരുമ്പോൾ അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്ന പ്രവൃത്തിയായിത്തീരുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, "ആദരണീയനായ അല്ലാഹുവിന്റെ കാരുണ്യകടാക്ഷം വീണ്ടും വീണ്ടും നിങ്ങൾക്ക് ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ തഖ്വ സ്വായത്തമാക്കുക. അല്ലാഹുവിന് കോപം ഉണ്ടാക്കുന്ന എല്ലാപ്രവർത്തനങ്ങളും ഉപേക്ഷിക്കുകയും ചെയ്യുക. ദൈവഭയം ഇല്ലാത്തിടത്തോളംകാലം യഥാർത്ഥ തഖ്വ കൈവരിക്കാൻ സാധ്യമല്ല. മുത്തഖിയായിത്തീരാൻ പരിശ്രമിക്കുക. തഖ്വ സ്വായത്തമാക്കാത്തവർ നശിപ്പിക്കപ്പെടുമ്പോൾ മുത്തഖീങ്ങൾ രക്ഷിക്കപ്പെടുന്നു. മനുഷ്യന് തന്റെ കുതന്ത്രങ്ങൾ കൊണ്ടും ആജ്ഞാലംഘനംകൊണ്ടും ഒരിക്കലും രക്ഷപ്പെടാൻ സാധ്യമല്ല. നിങ്ങൾ മുത്തഖീങ്ങൾ ആകാത്തിടത്തോളം കാലം നിങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെടുന്നതല്ല. അതുകൊണ്ട് തഖ്വ സ്വായത്തമാക്കുക. തഖ്വ രണ്ട് വിധത്തിലുണ്ട്. ഒന്ന് അറിവിന്റെ അടിസ്ഥാനത്തിൽ, മറ്റൊന്ന് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ. മുത്തഖി ആകാത്തിടത്തോളം കാലം മതപരമായ അറിവ് നേടാനോ ദൈവീകജ്ഞാനം കരസ്ഥമാക്കാനോ സാധ്യമല്ല".

"നമസ്കാരം നോമ്പ് തുടങ്ങിയ ആരാധനകളെല്ലാം മുത്തഖി ആകാത്തിടത്തോളം കാലം ഫലശൂന്യമായതായിരിക്കുക്കും.

അതുകൊണ്ട് നമ്മുടെ ആരാധനകൾ സ്വീകരിക്കപ്പെടുന്നതിന്ന് നമുക്ക് തഖ്വയുടെ മാർഗ്ഗത്തിലൂടെ ചരിക്കേണ്ടതായി വരും. ഹ്ദറത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അല്ലാഹുവിനോട് ചെയ്തിരിക്കുന്ന കരാറുകൾ പാലിക്കുമ്പോഴാണ് തഖ്വ സ്വായത്തമാകുക. അതുപോലം സൃഷ്ടികളോട് ചെയ്തിരിക്കുന്ന കരാറുകളും നമുക്ക് പൂർത്തിയാക്കേണ്ടതായി വരും. അപ്പോഴാണ് അല്ലാഹുവിന്റെ സാമീപ്യം കരഗതമാകുന്ന മാർഗ്ഗം അവലംബിക്കുന്നവരായി നാം മാറുന്നത്. തന്മൂലം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരായും പള്ളികളുടെ അവകാശം നിലനിർത്തുന്നവരായും നാം മാറുന്നതാണ്. (ഖുത്ബ, 19.9.2008).

ഇക്കാലത്ത് പള്ളികൾ നിരവധി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ, പള്ളികളെ യഥാർത്ഥത്തിൽ പരിപാലിക്കുന്നവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചവരായിരിക്കും. യഥാർത്ഥ വിശ്വാസത്തിലേക്ക് വഴികാട്ടുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ്. ഇതുപോലെ അല്ലാഹുവുമായും തിരുനബി(സ) യുമായും ബന്ധപ്പെടുത്തുന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയാണ്. പള്ളി നിർമ്മിച്ചതുകൊണ്ടു മാത്രം നമ്മുടെ കടമകൾ പൂർത്തിയാകുന്നില്ല. ആ കടമകളെ കുറിച്ച് ഈ ആയത്തിൽ അല്ലാഹു പറയുന്നുണ്ട്. നമസ്കാരം നിലനിർത്തുക എന്നതാണ് അതിൽ ഒന്ന്. നമസ്കാരം നിലനിർത്തേണ്ടതിനെ കുറിച്ച് മറ്റൊരു സ്ഥലത്ത് വിശദീകരിച്ചിരിക്കുന്നത് അഞ്ചുനേര നമസ്കാരവും ജമാഅത്തോടുകൂടി നമസ്കരിക്കണമെന്നാണ്. പള്ളികളുടെ പരിപാലനം അഞ്ചുനേരവും നമസ്കാരം അവിടെ വന്ന് അനുഷ്ഠിക്കുന്നതിലൂടെയാണ് പൂർത്തിയാകുക എന്ന് മനസ്സി

ലാക്കുക. അതുകൊണ്ട് അഞ്ചുനേരവും ഇവിടെ വന്ന് നമസ്കരിച്ച് പള്ളിയെ പരിപാലിക്കേണ്ടത് നിങ്ങളുടെ കടമയാണ്. ഈ പ്രദേശവാസികൾ പറയുന്ന ഒരാക്ഷേപം നിങ്ങൾ ഇവിടെ കൂടുതൽ പേരില്ലല്ലോ പിന്നെ എന്തിനാണ് ഇത്ര വലിയ പള്ളി ഇവിടെ ഉണ്ടാക്കുന്നത് എന്നാണ്. അതുകൊണ്ട് അവരുടെ പരാതി തീരണമെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നതിനായി അഞ്ചുനേരവും പള്ളിയിൽ വരുന്ന അഹ്മദികളാണ് നിങ്ങളെന്ന് അവർക്ക് മനസ്സിലാകണം. ജനങ്ങളെ കാണിക്കാനല്ല മറിച്ച്, അല്ലാഹുവിനെ ആരാധിക്കാനാണ് ഈ കെട്ടിടം ഇവർ ഇവിടെ നിർമ്മിച്ചതെന്ന് ഇവിടത്തുകാർക്ക് ബോധ്യപ്പെടണം.

അല്ലാഹു തുടർന്ന് പറയുന്നു: അവർ സക്കാത്ത് നൽകുകയും ചെയ്യുന്നു. അവരുടെ സ്വത്തിൽനിന്ന് ദരിദ്രർക്കും സഹായം നൽകുന്നു. ജമാഅത്തിന്റെ ആവശ്യങ്ങളും പരിഗണിക്കുന്നു. ധനത്യാഗം ചെയ്തുകൊണ്ടാണ് പള്ളി നിർമ്മിക്കുന്നത് എന്ന് കേട്ടപ്പോൾ ഇവടുത്തുകാർക്ക് അത്ഭുതമാണുണ്ടായത്. ചില പത്രങ്ങൾ ഇതെഴുതുകയും ചെയ്തു. പള്ളി നിർമ്മാണത്തോടുകൂടി ധനത്യാഗത്തിലും അവർ മുന്നേറുന്നതാണ്. കാരണം അവർ അല്ലാഹുവിൽ പൂർണ്ണമായും തവക്കുൽ ചെയ്യുന്നു. ഇന്നുള്ള സാമ്പത്തിക വിദഗ്ദ്ധരെ പോലെ തങ്ങൾ തകർന്നുപോകുമെന്ന ഭയമൊന്നും അവർക്ക് അശേഷം ഉണ്ടാകുന്നില്ല. വിശ്വാസിയുടെ ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയും അല്ലാഹുവിന്റെ ഭയം ഉൾക്കൊണ്ടുമായിരിക്കും ഉണ്ടാകുക. അങ്ങനെയാണ് വേണ്ടതും. അല്ലാഹുവിനുവേണ്ടി ചെയ്തിരിക്കുന്ന പ്രവർത്തനത്തിന്റെ ഫലം അല്ലാഹു തന്റെ വാഗ്ദാന പ്രകാരം നൂറുമടങ്ങ് വർദ്ധിപ്പിച്ചുതരും എന്ന ദൃഢവിശ്വാസം അവർക്കുണ്ടാകുന്നു. അല്ലാഹു അവർക്ക് വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുന്നതാണ്. ലോകം സാമ്പത്തികമായി എത്രതന്നെ തകർന്നാലും അഹ്മദികൾ ഒരു ത്യാഗത്തിന് ശേഷം മറ്റൊരു ത്യാഗത്തിന് തയ്യാറാകുന്നതാണ്. ഇങ്ങനെയുള്ള എത്രയോ അനുഭവങ്ങൾ എന്റെ മുമ്പിലുണ്ട്. ദരിദ്രനാടുകളുടെ ഉദാഹരണം എനിക്കറിയാം. ദരിദ്രരായിരുന്നിട്ടുപോലും അവർ ധനത്യാഗം ചെയ്തുകൊണ്ടേപോകുന്നു. ജീവനും, സമ്പത്തും അഭിമാനവും സമയവും ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറാണെന്ന പ്രതിജ്ഞ ഓരോരുത്തരും പൂർത്തിയാക്കുകയും ചെയ്യുന്നു. കാരണം അല്ലാഹു അവർക്ക് നേർമാർഗ്ഗം കാണിച്ചുകൊടുത്തുകൊണ്ട് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാനുള്ള സൗഭാഗ്യം നൽകിയിരിക്കുന്നു.

പരസ്പരം സ്നേഹവും സാഹോദര്യവും സൗഹാർദ്ദവും വർദ്ധിപ്പിക്കുക എന്നതാണ്. പരസ്പരം പഴിചാരുന്നതും കുറ്റം പറയുന്നതും നിർത്തി നമുക്കിടയിലുള്ള സ്പർദ്ധയുടെ മതിലുകൾ ഇടിച്ചു നിരത്തപ്പെടുമ്പോൾ മാത്രമേ സൗഹാർദ്ദവും പരസ്പരസ്നേഹവും നിലനിൽക്കുകയുള്ളൂ. വളരെ നിസ്സാരമായ നന്മപോലും ചെയ്യാൻ തയ്യാറാണെന്നും എല്ലാതരം തിന്മകളും വർജ്ജിക്കുന്നതാണെന്നും പരസ്പരമുള്ള ബന്ധങ്ങളുടെ അവകാശങ്ങൾ പൂർണ്ണമായും നൽകാൻ തയ്യാറാണെന്നുമുള്ള തീരുമാനമെടുക്കുമ്പോഴാണ് ഈ സ്നേഹം വർദ്ധിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്ന് നമുക്കിടയിൽ സ്ഥാപിച്ചിട്ടുള്ള ആത്മസൗഹൃദം നാം നിലനിർത്തേണ്ടതാണ്. ദരിദ്രരെ നാം സഹായിക്കേണ്ടതാണ്. വ്യക്തിതാത്പര്യങ്ങൾ മുൻനിർത്തി മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരായി നാം മാറരുത്. ആദ്യകാല സഹാബത്തിൽ കണ്ടിരുന്ന രീതിയിലുള്ള പരസ്പര ത്യാഗത്തിന് നാം തയ്യാറാകണം. അവർ തങ്ങളുടെ സ്വത്തിന്റെ പകുതിപോലും മറ്റുള്ളവർക്ക് നൽകാൻ തയ്യാറായിരുന്നു. ദുർധാരണക്കെതിരെ നാം ജിഹാദ് നടത്തണം. പല ഫിത്നകളും കുഴപ്പങ്ങളും പരസ്പര സ്പർദ്ദയും ദുർധാരണ മൂലമാണ് ഉണ്ടാകുന്നത്. സത്യസന്ധത നമ്മെ തിരിച്ചറിയപ്പെടുന്നതിനുള്ള ഒരടയാളമായി മാറണം. അല്ലാഹുവിൽനിന്ന് എപ്പോഴും അനുഗ്രഹത്തിന്റെ സന്തോഷവാർത്തകൾ ലഭിക്കുന്ന രീതിയിൽ നമ്മുടെ കൃതജ്ഞതയുടെ നിലവാരം ഉയരേണ്ടതാണ്. അല്ലാഹുവിന്റെ കൽപ്പനപ്രകാരം വിട്ടുവീഴ്ച നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായി തീരേണ്ടതാണ്. നമ്മുടെ നീതിനിഷ്ഠ ഏതു കാര്യത്തിലും ഉന്നതവും ശ്രേഷ്ഠവും ആവുകയും അത് നീതിയിൽനിന്ന് ഉയർന്ന് ഇഹ്സാനും അതിൽനിന്ന് മുൻകടന്ന് അടുത്തബന്ധുക്കളോട് പെരുമാറുന്ന തരത്തിൽ അത്യുന്നത നിലവാരം പുലർത്തുന്ന അവസ്ഥയിൽ എത്തേണ്ടതാണ്. വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്ന ഗുണം നമ്മെ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തമാക്കട്ടെ.

നന്മ ഉപദേശിക്കുന്നതിനെക്കുറിച്ച് അല്ലാഹു മറ്റൊരു സ്ഥലത്ത് പറയുന്നു: നിങ്ങൾ ജനങ്ങൾക്കുവേണ്ടി എഴുന്നേൽപ്പിക്കപ്പെട്ടിട്ടുള്ള ഉത്തമ സമുദായമാണ്. നല്ല കാര്യങ്ങളെക്കുറിച്ച് നിങ്ങൾ ഉപദേശിക്കുകയും തിന്മയിൽനിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നു. അതോടൊപ്പം അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.

നിങ്ങൾ ഉത്തമ സമുദായമായതുകൊണ്ട് നന്മകൾ മാത്രമേ നിങ്ങളിൽനിന്ന് ഉണ്ടാകാൻ പാടുള്ളൂ. അല്ലാഹു നിരോധിച്ചിരിക്കുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യരുത്. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതും ഇബാദത്തിനുള്ള ഗേഹം പണികഴിപ്പിച്ചതും അപ്പോൾ മാത്രമേ ഗുണപ്രദമായി തീരുകയുള്ളൂ (*ഖുത്ബ, 17.10.08.വിവ: എം. നാസിർ അഹ്മദ്, കൊടിയത്തൂർ*). ●

ലേഖനം

# ദൈവിക പ്രസ്ഥാനങ്ങൾ പരാജയപ്പെടുകയില്ല!

നിനക്ക് മുമ്പ് ദൈവദൂതന്മാർ (ജനങ്ങളാൽ) നിഷേധിക്കപ്പെട്ടിട്ടുണ്ട്. അവർ നിഷേധിക്കപ്പെടുകയും ദ്രോഹിക്കപ്പെടുകയും ചെയ്തതിന്നെതിരെ അപ്പോൾ അവർ സഹനം കൈക്കൊണ്ടു. അങ്ങനെയിരിക്കെ നമ്മുടെ സഹായം അവർക്ക് വന്നെത്തി. അല്ലാഹുവിന്റെ വചനങ്ങളെ മാറ്റുന്ന യാതൊരാളുമില്ല (സൂറഃ അൻആം, 30).

ഈ ആയത്തിൽ അടിസ്ഥാനപരമായ ഒരു കാര്യം നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. അല്ലാഹുവിന്റെ വചനങ്ങളെ- അവന്റെ സുവിശേഷങ്ങളേയും വാഗ്ദാനങ്ങളേയും- ലോകത്തുള്ള യാതൊരു ശക്തിക്കും മാറ്റാൻ സാധ്യമല്ല. ഇക്കാര്യം ദൈവികപ്രസ്ഥാനങ്ങളും ജമാഅത്തുകളും ദൃഢമായി വിശ്വസിക്കേണ്ടതാണ്.

മനുഷ്യൻ തന്റെ അശ്രദ്ധയാകുന്ന തിരശ്ശീല ഭേദിച്ച് ശ്രദ്ധയുടേയും ജാഗ്രതയുടേയും പ്രകാശത്തിന്റെ തണലിൽവരാത്ത കാലത്തോളം അവൻ ഒരുതരം 'ശിർക്ക്' ചെയ്തുകൊണ്ടേയിരിക്കുക എപ്പോഴുമുള്ള ഒരു സമ്പ്രദായമത്രെ. അവൻ തന്റെ ഉപദേശങ്ങളും ആഗ്രഹങ്ങളും കല്പനകളും വാക്കുകളും ലോകത്തു പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അവനും അവന്റെ സ്രഷ്ടാവും തമ്മിൽ എപ്പോഴെങ്കിലും എതിർപ്പുണ്ടാകുന്നപക്ഷം തന്റെ സ്രഷ്ടാവിനെ പരാജയപ്പെടുത്തി സ്വയം വിജയം നേടാമെന്ന് അവൻ വ്യാമോഹിക്കുന്നു. എന്നാൽ, മനുഷ്യനെ സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നതിനുള്ള അല്ലാഹുവിന്റെ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ അവനുമായി സജീവബന്ധം പുലർത്തുകയും അവന്റെ വാഗ്ദാനങ്ങളിൽ സുദൃഢമായി വിശ്വസിക്കുകയും ചെയ്യുന്ന ഒരു ജമാഅത്ത് അവൻ ഉണ്ടാക്കിത്തീർക്കുന്നു. വളരെ ചെറുതും നിരാലംബവും നിർദ്ധനവുമായ ഈ ജമാഅത്ത് ഭൗതികസമ്പത്തുകളുടേയും പ്രതാപത്തിന്റേയും സംഘബലത്തിന്റേയും എതിരിൽ വരുമ്പോൾ ആ ഭൗതികസമ്പത്തുകളും പ്രതാപവും സംഘബലവുമെല്ലാം പരാജയപ്പെടുകയും ഈ ദൈവിക ജമാഅത്ത് വിജയിക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹു, തന്റെ ശക്തി മാഹാത്മ്യത്തിന്റെ ഈ കാഴ്ച തന്റെ ദാസന്മാർക്ക് കാണിച്ചുകൊടുക്കുന്നു. അതായത് ലോകത്തിലെ ഏതെങ്കിലും ഒരു ശക്തിയെന്ത്! സകല ശക്തികളും ഒരുമിച്ചുചേർന്നാൽ തന്നേയും അവന്റെ വചനങ്ങൾക്കെതിരിൽ- അവന്റെ വാഗ്ദാനങ്ങൾക്കും സുവിശേഷങ്ങൾക്കുമെതിരിൽ- അവയ്ക്ക് വിജയിക്കാൻ സാധിക്കുന്നതല്ല. ദൈവം ഇച്ഛിക്കുന്നതു മാത്രമേ നടക്കുകയുള്ളൂ; ലോകം ഇച്ഛിക്കുന്നത് നടക്കുകയില്ല. ഈ സംഗതി തന്റെ ദാസന്മാർക്ക് അവൻ കാണിച്ചുകൊടുക്കുന്നു. എന്തെന്നാൽ ഭൗതികസമ്പത്തിലും പ്രതാപത്തിലും മതിമറന്നു മത്തരായി കഴിഞ്ഞുകൂടുന്ന ജനങ്ങൾ ബാഹ്യദൃഷ്ട്യാ നിർദ്ധനരും ബലഹീനരുമായി കാണപ്പെടുന്ന ദൈവിക ജമാഅത്തുകൾക്കെതിരിൽ വരുമ്പോൾ പലവിധ ആയുധങ്ങളും അവർ ഉപയോഗിക്കും. നിങ്ങൾ കള്ളവാദികളാണ്. കാഫിറുകളാണ്. മതത്തിൽ കുഴപ്പമുണ്ടാക്കുന്നവരാണ്. എന്നെല്ലാം ആ ഭൂരിപക്ഷീയർ പറയും. അവരെല്ലാം സ്വയം അജ്ഞതയിലും അന്ധകാരത്തിലും മുഴുകിയവരായിരുന്നിട്ടുകൂടി തങ്ങൾ സത്യത്തിലാണെന്നും സത്യം തങ്ങളുടെ കൂടെയാണെന്നും അല്ലാഹു തങ്ങളെ സഹായിക്കുമെന്നും അവർ വാദിക്കുന്നു. മതപ്രതിപത്തിയുള്ളവരും അല്ലാഹുവിനോടും അവന്റെ തിരുദൂതരോടും ഹൃദയത്തിൽ നേരിയ സ്നേഹമുള്ളവരുമായ ആളുകളെ ഇപ്രകാരം തെറ്റിദ്ധരിപ്പിച്ചു സത്യത്തിൽനിന്നു അകറ്റിക്കളയാൻ ഇക്കൂട്ടർ പരിശ്രമിച്ചുകൊണ്ടിരിക്കുകയും ദൈവികജമാഅത്തുകളെ കള്ളമാക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. അങ്ങനെ ലോകം മുഴുവനും ഒരുമിച്ചു അവരെ കാഫിർ എന്നു പറഞ്ഞു തള്ളിവിടുന്നു.

മാത്രമല്ല, ഈ ദൈവീക ജമാഅത്ത് കുറഞ്ഞവരും നിർദ്ധനരും നിരാലംബരും ആയിരുന്നിട്ടുകൂടി തങ്ങളുടെ എതിരാളികളെ ഭയപ്പെടുന്നില്ല എന്നവർ കാണുമ്പോൾ അതിനെ ചുട്ടെരിച്ചുകളയാനായി ആ ഭൂരിപക്ഷീയർ അഗ്നിജ്വലിപ്പിക്കുന്നു. എന്നാൽ, അതുകൊണ്ടും ഈ ജമാഅത്ത് ഭയപ്പെടുന്നില്ല. അവർ ഇങ്ങനെ പറയുന്നു. അഗ്നി ഞങ്ങളുടെ ദാസനാണ്; അല്ല, ഞങ്ങളുടെ ദാസരുടേയും ദാസനാണ് എന്ന് ഞങ്ങൾക്ക് അല്ലാഹുവിൽനിന്ന് സുവിശേഷം നൽകപ്പെട്ടിരിക്കുന്നു; അതിനാൽ, എത്രവേണമെങ്കിലും നിങ്ങൾ അഗ്നി ജ്വലിപ്പിച്ചുകൊൾക; ഞങ്ങൾക്കത് യാതൊരു ദോഷവും ചെയ്യുകയില്ല. എന്തെന്നാൽ അല്ലാഹു ഏതൊന്ന് ഇച്ഛിക്കുന്നുവോ അത് മാത്രമേ

നടക്കുകയുള്ളൂ.

ദൈവീക ജമാഅത്തുകളെ ലോകത്തുനിന്നു നശിപ്പിച്ചു നാമാവശേഷമാക്കുന്നതിന്നായി ധാരാളം പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു. ഒട്ടധികം തന്ത്രങ്ങൾ പ്രയോഗിക്കപ്പെടുന്നു. 'ഞങ്ങൾക്ക് അധികാരം കിട്ടിയാൽ മൂന്നു ദിവസത്തിനുള്ളിൽ സകല അഹ്മദികളേയും ഞങ്ങൾ തൂക്കുമരത്തിലേറ്റുന്നതാണ്' എന്നു കൂടി അവർ പറയുന്നു. എന്നാൽ തൂക്കുമരം ആർക്കു കിട്ടണമെന്ന് അല്ലാഹു ഇച്ഛിക്കുന്നുവോ അവർക്കത് കിട്ടുന്നു. അല്ലാഹു ആരെ രക്ഷിക്കാനുദ്ദേശിക്കുന്നുവോ അയാളെ ജ്വലിക്കുന്ന അഗ്നിയിൽനിന്നുകൂടി രക്ഷപ്പെടുത്തികൊണ്ടുവരുന്നതാണ്. ഹദ്റത്ത് ഈസാനബി(അ)യെ രക്ഷപ്പെടുത്തിയതുപോലെ അയാളേയും തൂക്കുമരത്തിൽനിന്ന് ജീവനോടെ ഇറക്കി അവൻ രക്ഷപ്പെടുത്തും. ദൈവീകശക്തിക്കെതിരിൽ ഭൗതിക മാർഗ്ഗങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല; ഭൗതികശക്തി ഒരിക്കലും ദൈവീകശക്തിയെ അതിജയിച്ചിട്ടുമില്ല. ദൈവീക ജമാഅത്തിന്നെതിരിൽ മതഭ്രഷ്ടും വിദ്രോഹകരമായ ആസൂത്രണങ്ങളും കുതന്ത്രങ്ങളും ചെയ്യപ്പെടുമ്പോൾ അവർ തങ്ങളുടെ നാഥനുമായി ബന്ധം പുലർത്തുകയും അവനുമായി ഒട്ടിപ്പിടിച്ചു നിൽക്കുകയും ചെയ്യുന്നു. അവർ ലോകത്തെക്കുറിച്ചുള്ള സകല ഭീതിയും ഹൃദയത്തിൽനിന്നു മാറ്റിനിർത്തി സ്ഥിരചിത്തരായുംകൊണ്ട് തങ്ങളുടെ നാഥനോടു ഇപ്രകാരം പറയുന്നു: ഹേ, ഞങ്ങളുടെ നാഥാ! നിനക്ക് ഞങ്ങളുടെ ജീവൻ ആവശ്യമുണ്ടെങ്കിൽ ഞങ്ങളതിനു ലുബ്ധരല്ല. എന്തെന്നാൽ ഞങ്ങൾ നിന്റെ തൃപ്തിയെ കാംക്ഷിക്കുന്നവരാണ്. ലോകം എന്തുതന്നെ ആഗ്രഹിച്ചാലും നീ ഇച്ഛിക്കുന്നതു മാത്രമേ നടക്കുകയുള്ളൂ. അതുകൊണ്ട് പ്രാർത്ഥനയോടുകൂടിയും പ്രാർത്ഥനയുടെ ഫലമായി ക്ഷമാശക്തി ആർജ്ജിച്ചുകൊണ്ടും ഞങ്ങൾ സ്ഥിരപാദരായിത്തീരാൻ നീ ഞങ്ങളെ അനുഗ്രഹിച്ചാലും.

ദൈവികശക്തിയുടെ അത്ഭുതദൃഷ്ടാന്തങ്ങൾ കാണിക്കുവാൻ അല്ലാഹുവിന്റെ ജമാഅത്തുകൾ ഒരു ഉപകരണമായിത്തീരുന്നു. ഒരു ബൾബിലെ നേരിയ കമ്പി അദൃശ്യമായ വൈദ്യുതപ്രകാശത്തെ വെളിപ്പെടുത്തുവാനുള്ള മാർഗ്ഗമായിത്തീരുന്നതുപോലെ ഈ ജമാഅത്ത് അല്ലാഹുവിന്റെ ശക്തിപ്രഭാവം പ്രദർശിപ്പിക്കുവാനുള്ള മാർഗ്ഗമായി ഭവിക്കുന്നു. അല്ലാഹുവിന്റെ ദാസന്മാർക്ക് അവനെ കാണാൻ സാധ്യമല്ല. ഈ ഭൗതികദൃഷ്ടി അവനെ ദർശിക്കുകയില്ലെന്ന് വിവക്ഷ. ഈ ഭൗതികമസ്തിഷ്കം അതുവരെ എത്തുകയുമില്ല. എന്നാൽ, അല്ലാഹുതന്നെ തന്റെ പ്രിയദാസരുടെ അടുത്തെത്തുകയും അവൻ തന്റെ ശക്തിപ്രഭാവം കാണിച്ചുകൊടുത്തുകൊണ്ട് അവനുമായുള്ള സജീവബന്ധം വെളിപ്പെടുത്തുകയും ചെയ്യുന്നു. എപ്രകാരം ഒരു നേരിയ ലോഹക്കമ്പി വൈദ്യുതപ്രകാശം വെളിപ്പെടുത്തുന്നുവോ അപ്രകാരം ഈ ചെറിയ ജമാഅത്ത് ആകാശഭൂമികളുടെ പ്രകാശമായ ആ മഹാപ്രകാശത്തെ വെളിപ്പെടുത്തുവാനുള്ള മാർഗ്ഗമായിത്തീരുന്നു.

ആ ജമാഅത്തിന്നെതിരായി സംസാരിക്കപ്പെടുമ്പോൾ അവർ സ്ഥൈര്യം കാണിക്കുന്നു. അവരെ ഉപദ്രവിക്കാനായി തന്ത്രങ്ങൾ പ്രയോഗിക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും സാമഗ്രികൾ ശേഖരിച്ചുകൊണ്ട് പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും കൊന്നുകളയുമെന്ന് ഭീഷണി മുഴക്കുകയും ചെയ്യപ്പെടുമ്പോൾ അവരുടെ പാദങ്ങൾക്ക് ഇടർച്ച പറ്റുകയില്ല. എന്നാൽ, ഇത്തരം സന്നിഗ്ദ്ധഘട്ടത്തിൽ സ്വന്തം നാട്ടിലെ പൊതുജനങ്ങളെ രക്ഷിക്കാൻ ചുമതലപ്പെട്ട അധികൃതർ മൗനം അവലംബിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ഈ നിസ്സഹായരുടെ നിലനില്പിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിട്ടുള്ളവനും ഉറക്കവും അശ്രദ്ധയും ബാധിക്കാത്തവനും നിയന്താവും സർവ്വശക്തനുമായ ദൈവം തന്റെ ദാസന്മാരുടെ അടുത്തുചെന്ന് നിങ്ങൾ ഭയപ്പെടേണ്ട; ലോകത്തിന് നിങ്ങളെ ഒന്നും ചെയ്യാൻ സാധ്യമല്ല; നിങ്ങൾ എന്റെ സംരക്ഷണത്തിലാണ്; എനിക്കെതിരിൽ ലോകരുടെ യാതൊരു ആസൂത്രണവും വിജയിക്കുന്നതല്ല; എന്നു വാത്സല്യപൂർവ്വം സുവിശേഷം നൽകുന്നു.

ആകയാൽ അല്ലാഹു എന്തൊന്നു പറഞ്ഞിരിക്കുന്നുവോ അത് നടക്കുകതന്നെ ചെയ്യും. നമുക്കതിൽ സുദൃഢവും പരിപൂർണ്ണവുമായ വിശ്വാസം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. അഗ്നി നിങ്ങളെ ദഹിപ്പിക്കുകയില്ലെന്ന് അല്ലാഹു നമ്മോട് പറഞ്ഞിരിക്കുന്നു. അതിവാത്സല്യത്തോടെ അവൻ നമ്മോട് പറഞ്ഞു: ലോകത്തുള്ള സകല ശക്തികളും ഒരുമിച്ചുകൂടിയാൽതന്നെയും നിങ്ങളെ നശിപ്പിക്കുവാൻ സാധിക്കുന്നതല്ല എന്ന് പറയുക മാത്രമല്ല, അവൻ തന്റെ പ്രവൃത്തികൊണ്ട് അത് തെളിയിക്കുകകൂടി ചെയ്തിരിക്കുന്നു.

ഞാൻ ആഫ്രിക്കയിൽവെച്ച് പലതവണ പറഞ്ഞിട്ടുണ്ടായിരുന്നു, ഒരു മനുഷ്യൻ അല്ലാഹുവിന്റെ കല്പനയും അവന്റെ തൗഹീദും (ഏകത്വം) സ്ഥാപിക്കുവാനും മുഹമ്മദ് റസൂൽ(സ) തിരുമേനിയുടെ മഹത്വവും പ്രതാപവും ജനഹൃദയങ്ങളിൽ കുടിയിരുത്തുവാനുംവേണ്ടി ഒരു ശബ്ദമുയർത്തി. പക്ഷേ, ലോകം മുഴുവനും ഒത്തൊരുമിച്ചുകൊണ്ട് ആ ശബ്ദം നിലപ്പിക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു. എന്നാൽ, അവർക്കതിനു സാധിച്ചില്ല. ഇപ്പോൾ ആഫ്രിക്കയിലെ ഓരോ രാജ്യത്തുനിന്നും അത്തരം ലക്ഷക്കണക്കായ

ശബ്ദങ്ങൾ എന്റെ കാതിൽ പതിഞ്ഞുകൊണ്ടിരിക്കുകയാണ്. അതിൽ ഓരോ ശബ്ദവും ഏകാന്തനായിരുന്ന ആ മനുഷ്യന്റെ ശബ്ദത്തിന്റെ പ്രതിധ്വനിയത്രെ.

ചുരുക്കത്തിൽ ഇത് വെറും ഒരു വാദമല്ല. ഈ വാഗ്ദത്തം പൂർത്തിയാകുമോ ഇല്ലയോ എന്ന് നാം അല്പമെങ്കിലും സംശയിക്കേണ്ടതില്ല. തീർച്ചയായും ഇത് ദൈവവചനമത്രെ. ദൈവവചനങ്ങൾ അലംഘനീയങ്ങളാകുന്നു. (അല്ലാഹുവിന്റെ വചനങ്ങളെ ആർക്കും മാറ്റിമറിക്കാൻ സാധിക്കുന്നതല്ല) എന്ന പ്രഖ്യാപനം നമുക്ക് മനസ്സമാധാനം നൽകുന്നു. നമുക്കതിൽ ദൃഢവിശ്വാസമുണ്ടായിരിക്കേണ്ടതാണ്.

നാം സഹനവും പ്രാർത്ഥനയും മുഖേന അല്ലാഹുവിന്റെ സഹായം കരസ്ഥമാക്കേണ്ടിയിരിക്കുന്നു. ലോകം നമ്മെ കാഫിർ എന്നു പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ട് ഒരു ദോഷവും വരാനില്ല. അല്ലാഹു നമ്മെ കാഫിർ എന്ന് പറയരുതെന്നുമാത്രം. ലോകം നമ്മെ കള്ളവാദികളെന്നു പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ട് നമുക്കെന്ത് ദോഷം വരാനാണ്. അവരങ്ങനെ പറഞ്ഞുകൊണ്ടിരിക്കട്ടെ. ഇത്തരം വാക്കുകൾ കേട്ടിട്ടു നമുക്കൊരിക്കലും കോപം വരുന്നില്ല. അങ്ങനെ പറയുന്നവർക്കു വേണ്ടിയും നാം ദുആ ചെയ്യുന്നു. എന്തെന്നാൽ ഏതൊരു മാർഗ്ഗത്തിൽകൂടി അല്ലാഹു തന്റെ ദാസരുടെ വിരൽപിടിച്ചുകൊണ്ട് നടത്തിക്കുന്നുവോ ആ മാർഗ്ഗത്തെ ഈ ജനങ്ങൾ സ്വീകരിക്കുന്നില്ല. ഏതായിരുന്നാലും, അവർ നമ്മെ കള്ളവാദികളെന്ന് പറയുകയാണെങ്കിൽ നാമതിനെ വിലവെക്കേണ്ടതില്ല. നമുക്കതുകൊണ്ട് ദേഷ്യം വരുന്നുമില്ല. എന്തെന്നാൽ നിങ്ങൾ സത്യവാന്മാരാണെന്ന് നമ്മുടെ നാഥൻ വാത്സല്യപൂർവ്വം നമ്മുടെ ചെവിയിൽ പറഞ്ഞുകൊണ്ടിരിക്കുന്നു. 'നിങ്ങൾ നിങ്ങളുടെ നാഥനിൽനിന്നു ദൂരപ്പെട്ടുപോയവരും ശപിക്കപ്പെട്ടവരും ആണെന്ന് വല്ലവരും നമ്മോട് പറയുന്നുവെങ്കിൽ, ഏതൊരു നാഥനിൽനിന്ന് നാം ദൂരപ്പെട്ടുപോയിരിക്കുന്നുവെന്ന് അവർ വിധി കല്പിക്കുന്നുവോ അതേ നാഥൻ, നിങ്ങൾ എന്റെ മടിയിൽ ഇരിക്കുകയാണ്, പിന്നെ നിങ്ങൾ എന്തിന് വ്യാകുലപ്പെടണം! എന്ന് നമ്മോട് സാന്ത്വനവാക്ക് പറയുമ്പോൾ മനുഷ്യരുടെ ജല്പനംകൊണ്ട് നമുക്കെന്തു ദോഷമാണ് വരാനുള്ളത്!

ആകയാൽ, (അല്ലാഹുവിന്റെ വചനങ്ങളെ ആർക്കും മാറ്റിത്തീർക്കാൻ സാധിക്കുന്നതല്ല) എന്ന ദൈവിക പ്രഖ്യാപനത്തിൽ നമുക്ക് ദൃഢവിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ക്ഷമയും പ്രാർത്ഥനയും മുഖേന ദൈവസഹായം കരസ്ഥമാക്കേണ്ടതും ആവശ്യമാണ്. ആ സഹായം കരസ്ഥമാകുമ്പോൾ നാം അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായുംകൊണ്ട് അവന്റെ സൃഷ്ടികൾക്ക് സേവനമനുഷ്ഠിക്കുന്നതിൽ നിരതരായിരിക്കേണ്ടതുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിന് ആ സഹായം കരസ്ഥമായിട്ടുണ്ട്. ഇന്ത്യ, പാക്കിസ്ഥാൻ, യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, ആസ്ത്രേലിയ, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിലും ദ്വീപുകളിലും എല്ലാം ആ സഹായം ലഭിച്ചിട്ടുണ്ട്. ഇന്ന് അഹ്മദികളുടെമേൽ സൂര്യൻ അസ്തമിക്കുന്നില്ല. മനസ്സമാധാനം കരസ്ഥമാക്കാൻവേണ്ടി എല്ലാ സ്ഥലത്തും അല്ലാഹുവിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. മനസ്സമാധാനം സിദ്ധിക്കുക എന്നത് മനുഷ്യന് അത്യാവശ്യമായ ഒരു കാര്യമാണ്. ഹദ്റത്ത് ഇബ്റാഹീം(അ) തന്നെയും, ഒരു ചോദ്യത്തിനുത്തരമായി അല്ലാഹുവിനോട് (ഞാൻ വിശദീകരണം ആവശ്യപ്പെടുന്നത് എനിക്ക് കൂടുതൽ മനസ്സമാധാനം ഉണ്ടായിത്തീരാനാണ്) എന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അങ്ങനെ നമ്മുടെ മനസ്സിന് സമാധാനമുണ്ടാക്കുവാനും നമ്മുടെ ഈമാനും വിശ്വാസവും സുദൃഢമാക്കിത്തീർക്കുവാനും വേണ്ടിയുള്ള അല്ലാഹുവിന്റെ ഈ പ്രവൃത്തി ഓരോ ദിവസവും നമുക്ക് കാണിച്ചുതരുന്നത്, അവൻ നമ്മുടെ കൂടെയാണ്, അതുകൊണ്ട് ലോകം എന്തുപറഞ്ഞാലും എന്തു ചെയ്താലും നാം അതൊന്നും വിലവെക്കേണ്ടതില്ല എന്നത്രെ. തന്റെ നാഥന്റെ മടിയിലിരിക്കുന്ന ബലഹീനനായ ഒരു മനുഷ്യൻ മറ്റുള്ളവരെ എങ്ങനെയാണ് ഭയപ്പെടുക! തന്റെ മാതാവിന്റെ മടിയിലിരിക്കുന്ന ഒരു ശിശു ആരേയും ഭയപ്പെടുന്നില്ല. ആ മാതാവിനാകട്ടെ, യാതൊരു ശക്തിയും കഴിവുമില്ല. നമ്മുടെ നാഥനാണെങ്കിൽ സകല കഴിവുകളുമുണ്ട്. അതുകൊണ്ട് ഈ പരിശുദ്ധാന്തരീക്ഷത്തിൽ ബഹളമുണ്ടാക്കിത്തകർക്കുകയും കുഫ്ർഫത്വകൾ കൂടുതൽ ഉച്ചത്തിൽ മുഴങ്ങിക്കേൾക്കുകയും നമ്മെ കൂടുതൽ ഉപദ്രവിക്കുകയും പരിഹസിക്കുകയും പൊതുയോഗങ്ങളിലും ഘോഷയാത്രകളിലും നമ്മെ കൊന്നു നശിപ്പിച്ചുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ (ശത്രു ബഹളമുണ്ടാക്കുന്നതിൽ മുന്നോട്ടുപോകുമ്പോൾ ഞങ്ങൾ അദൃശ്യനായ ആ സ്നേഹിതന്റെ (അല്ലാഹുവിന്റെ) പിന്നിൽ ഒളിക്കുന്നു) എന്നേ നമുക്ക് പറയാനുള്ളൂ.

ഈയവസരത്തിൽ നമ്മുടെ കഴിവുകളെ മാത്രം നാം അവലംബിക്കരുത്. നാം നമ്മുടെ റബ്ബിന്റെ രക്ഷയിൽ അഭയം പ്രാപിക്കുകയും അവനെ മാത്രം അവലംബിക്കുകയും ചെയ്യേണ്ടതാണ്. പിന്നെ ലോകത്തിന് നമ്മുടെ ജമാഅത്തിനെ ഒന്നും ചെയ്യാൻ സാധിക്കുന്നതല്ല. ഇൻശാഅല്ലാഹ്, ഒന്നും ചെയ്യാൻ സാധിക്കുകയുമില്ല. എന്തെന്നാൽ, (ദൈവികവചനങ്ങൾക്ക് മാറ്റം വരുത്തുന്ന ഒരുത്തരും ഇല്ലതന്നെ). ●

മുഹമ്മദ് ഫാറൂഖ്. എച്ച്.എ.

# അഹ്മദികളും ഹജ്ജ്കർമ്മവും

ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അഞ്ചും ആറും പതിനൊന്ന് കാര്യങ്ങൾ അംഗീകരിക്കുന്നവരും അവയിൽ ഉറച്ചുവിശ്വസിക്കുന്നവരുമാണ് അഹ്മദി മുസ്‌ലിംകൾ. ഇസ്‌ലാമിന്റെ അഞ്ച് സ്തംഭങ്ങളിൽ അഞ്ചാമത്തേതാണ് പരിശുദ്ധഹജ്ജ്. 1974-ൽ അഹ്മദികൾ അമുസ്‌ലിംകളാണെന്ന് പറഞ്ഞ് സഊദി ഗവർമ്മെന്റ് അവർക്ക് ഹജ്ജിന് വിലക്ക് കൽപിച്ചിരിക്കുകയാണ്. വിലക്ക് കൽപിക്കുന്നതിന് മുമ്പ് ഹജ്ജിന്റെ നിബന്ധനകൾ പൂർത്തീകരിക്കപ്പെട്ട അഹ്മദികൾ ധാരാളം ഹജ്ജ് ചെയ്യാറുണ്ടായിരുന്നു. വിലക്ക് കൽപിക്കപ്പെട്ടശേഷവും സൗകര്യം കിട്ടുന്നവർ ഹജ്ജിന് പോകുന്നുണ്ട്. ഹജ്ജ് വിലക്കപ്പെട്ടതിൽ അഹ്മദികൾക്ക് ദുഃഖവും സങ്കടവും ഉണ്ട്. ഈ വിലക്കുകൾ അധികകാലം നിലനിൽക്കുന്നതല്ലെന്ന് അവർ വിശ്വസിക്കുന്നു.

അഹ്മദികളെ കാഫിറാക്കാനും, അവർക്ക് ഹജ്ജ് കർമ്മം നിഷേധിക്കാനും കാരണമായി പറയുന്നത് അവർ ഒരു പുതിയ മതക്കാരും ഒരു പുതിയ നബിയിൽ വിശ്വസിക്കുന്നവരുമാണെന്നാണ്. സത്യം അതല്ല. അല്ലാഹുവിൽ പൂർണ്ണവിശ്വാസവും ഭയഭക്തിയുമില്ലാത്ത പണ്ഡിതന്മാർ കള്ളം പറഞ്ഞ് പ്രചരിപ്പിക്കുന്നതാണ് ഇതൊക്കെ. അവരാണെങ്കിൽ മതകാര്യത്തിൽപോലും കള്ളം പറയാമെന്ന ഫത്‌വ പുറപ്പെടുവിച്ചവരുമത്രെ. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെയും വിശുദ്ധ ഖുർആന്റേയും പ്രവചനങ്ങളുടെ സാക്ഷാത്കാരമായി, അവതരിച്ച മഹ്ദീമസീഹിനെ അംഗീകരിച്ചു എന്നുള്ളത് മാത്രമാണ് അഹ്മദികൾ ചെയ്ത തെറ്റ്. സത്യത്തെ അംഗീകരിച്ചവർ മുഅ്മിനീങ്ങളാണ്. എന്നാൽ, ഭൂരിപക്ഷീയരായ മുസ്‌ലിംകൾക്ക് ഇക്കാലത്ത് അവതീർണ്ണനായ വാഗ്ദത്ത മഹ്ദീ മസീഹിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അതിനുള്ള പ്രധാന കാരണം പണ്ഡിതവർഗ്ഗത്തിന്റെ കുപ്രചരണം തന്നെയാണ്. റസൂൽതിരുമേനി(സ)യുടെ ജീവിതത്തിലെ ഒരു പ്രധാന സംഭവം അഹ്മദികൾക്ക് ആശ്വാസം നൽകുന്നുണ്ട്. ഹിജ്റ 6-ാം വർഷം തിരുമേനി(സ) തനിയ്ക്കുണ്ടായ ഒരു ദിവ്യദർശനത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിനാന്നൂറോളം സഹാബികളുമായി മക്കത്തേക്ക് ഹജ്ജിനുവേണ്ടി മദീനയിൽനിന്ന് പുറപ്പെട്ട് ബഹുദൂരം യാത്ര ചെയ്ത് ഹുദൈബിയ എന്ന സ്ഥലംവരെ എത്തി. അവിടെവെച്ച് പ്രവാചകവിരോധികളായ മക്കക്കാർ നബിയേയും, സഹാബത്തിനേയും തടഞ്ഞു. മക്കയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ലെന്ന് അറിയിച്ചു. പ്രശ്നം വളരെ ഗുരുതരമാവുകയും മക്കക്കാരുമായി യുദ്ധത്തിനുപോലും സാധ്യത ഉളവാക്കുകയും ചെയ്തു. എന്നാൽ, റസൂൽ തിരുമേനി(സ) യുദ്ധം ഒഴിവാക്കുകയും മക്കത്ത് പ്രവേശിക്കാൻ കഴിയാതെ തിരിച്ചുപോവുകയുമാണുണ്ടായത്. ഇത് സഹാബാക്കൾക്ക് ഒരു കടുത്ത പരീക്ഷണമായിരുന്നു. ഹുദൈബിയായിൽ മക്കക്കാരുമായി, നബിതിരുമേനി ഒരു ഉടമ്പടി ചെയ്തിട്ടാണ് തിരിച്ചുപോയത്. ഉടമ്പടി പ്രത്യക്ഷത്തിൽ മുസ്‌ലിംകൾക്ക് വളരെയധികം മാനഹാനി ഉള്ളതായിരുന്നു. എന്നാൽ, അല്ലാഹുവിന് അത് ഇഷ്ടപ്പെടുകയും, അവൻ, ഹജ്ജ് ചെയ്യാൻ സാധിക്കാതെ തിരിച്ചുപോകേണ്ടിവന്ന റസൂലിനും സഹാബത്തിനും ഇരട്ടവിജയവും ഹജ്ജ് ചെയ്തവരേക്കാൾ കൂടുതൽ പ്രതിഫലവും നൽകി അനുഗ്രഹിക്കുകയുമുണ്ടായി. ഹുദൈബിയായിൽനിന്ന് തിരിച്ചുപോകുമ്പോൾ വിജയം എന്ന അർത്ഥമുള്ള 'ഫതഹ' എന്ന സൂറത്ത് അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത സൂറത്തിൽ അനതിവിദൂരഭാവിയിൽ പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി മുസ്‌ലിംകൾ മക്കയിൽ പ്രവേശിക്കുന്നതാണെന്ന സുവിശേഷവും അതുകൂടാതെ അടുത്തുതന്നെ കൈവരാൻ പോകുന്ന മറ്റൊരു വിജയത്തെക്കുറിച്ചുള്ള സന്തോഷവാർത്തയും അടങ്ങിയിരുന്നു. ഇതിനു പുറമെ നബിതിരുമേനിയുടെ കഴിഞ്ഞുപോയതും മേലിൽ വരാൻ ഇടയുള്ളതുമായ എല്ലാ പാപങ്ങളും പൊറുത്തു കൊടുത്തതായും അല്ലാഹു അറിയിച്ചു. സാധാരണ ഹജ്ജ് ചെയ്യുന്നവരുടെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നുവെന്നാണ് പറയപ്പെടുന്നത്. എന്നാൽ, ഇവിടെ നാം കാണുന്നത് ഹജ്ജ് ചെയ്യാൻ ആഗ്രഹിച്ചുവന്നവരെ, മക്കക്കാർ തടയുകയും തൽഫലമായി ഹജ്ജ് ചെയ്യാൻ കഴിയാതെ അവർ തിരിച്ചുപോകുകയും ചെയ്യുന്നതായിട്ടാണ്. എന്നാൽ, അങ്ങനെ തിരിച്ചുപോകുന്നവർക്ക് എല്ലാവിധ അനുഗ്രഹാശിസ്സുകളും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഈ അനുഭവം ഇക്കാലത്തെ മുഅ്മിനീങ്ങളിലും ആവർത്തിക്കപ്പെടേണ്ടതുണ്ടല്ലോ! ഇക്കാലത്തെ നിഷേധികൾ ഹജ്ജ് മുടക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കാലത്തിന്റെ ഇമാമിനെ അംഗീക

രിച്ചതിന്റെ പേരിൽ ഹജ്ജ് വിലക്കപ്പെട്ട അഹ്മദികൾക്ക്, ഇമാമിനെ നിഷേധിച്ചവരായ ഹജ്ജാജികൾക്ക് കിട്ടുന്നതിലും അധികം അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് അഹ്മദികൾ ഉറച്ചുവിശ്വസിക്കുന്നു.

ഇവിടെ ഒരു കാര്യംകൂടി പ്രസ്താവ്യമാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ദീനിയായ ജിഹാദ് ചെയ്യുകയും ചെയ്യുന്നവർക്ക് മക്കാപരിപാലനവും ഹാജിമാർക്ക് ദാഹജലമെത്തിക്കുക തുടങ്ങിയ സേവനവും മറ്റും ചെയ്യുന്നവരേക്കാൾ ശ്രേഷ്ഠത ഉണ്ടെന്നാണ് ഖുർആന്റെ പ്രഖ്യാപനം. അത് ഇപ്രകാരമാണ്:

“ഹജ്ജ് തീർത്ഥാടകർക്ക് കുടിവെള്ളം കൊടുക്കുകയും മസ്ജിദുൽഹറാമിനെ പരിപാലിക്കുകയും ചെയ്യുന്നത് അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തീവ്രയത്നം ചെയ്യുകയും ചെയ്യുന്നവനെപ്പോലെ (അവന്റെ സേവനംപോലെ) നിങ്ങൾ കണക്കാക്കുന്നുവോ? അല്ലാഹുവിന്റെയടുക്കൽ അവർ തുല്യരാവുകയില്ല. അല്ലാഹു അധർമ്മികളായ ജനതയെ നേർവഴിയിലാക്കുകയുമില്ല.”

മക്ക പരിപാലിക്കുകയും ഹാജിമാർക്ക് കുടിവെള്ളം നൽകുകയും ചെയ്യുന്നവർക്ക് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുകൊണ്ട് ജിഹാദ് ചെയ്യേണ്ടതില്ലെന്ന ധാരണ ഭീമമായ അബദ്ധമാകുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ഹജ്ജിന് ഇസ്‌ലാം കാര്യത്തിൽ അഞ്ചാമത്തെ സ്ഥാനമാണുള്ളത് എന്ന് ഓർക്കുക. അല്ലാഹു അയച്ച മഹ്ദി ഇമാമിനെ നിഷേധിക്കുകയെന്നാൽ നബിതിരുമേനിയേയും അല്ലാഹുവിനേയും നിഷേധിക്കലാണ്. അല്ലാഹു അയച്ച ആളെ നിഷേധിക്കുന്നവൻ അല്ലാഹുവിനെ ധിക്കരിച്ചവനാണ്. അങ്ങനെയുള്ളവന്റെ ഹജ്ജ് സ്വീകരിക്കപ്പെടുമെന്ന് എങ്ങനെ കണക്കാക്കും? മറിച്ച്, അല്ലാഹു അയച്ച ആളെ സ്വീകരിച്ചു എന്നതിന്റെ പേരിൽ ഒരു അഹ്മദിക്ക് ഹജ്ജ് ചെയ്യാൻ സാധിച്ചില്ല എങ്കിൽ അയാൾക്ക് അല്ലാഹു ഒരു നഷ്ടവും വരുത്തുന്നതല്ല എന്ന ഉറച്ച വിശ്വാസമാണ് അഹ്മദികൾക്കുള്ളത്. അപ്രകാരം തന്നെ അല്ലാഹു അയക്കുന്നവൻ ഏത് സൽക്കർമ്മം ചെയ്താലും അത് സ്വീകരിക്കപ്പെടുന്നതല്ലതന്നെ.

**ഹജ്ജ് ഖാദിയാനിലോ?**

അഹ്മദികളുടെ വിരോധികൾ സാധാരണ ഒരു ആരോപണം ഉന്നയിക്കാറുണ്ട്. അത് ഇവരുടെ ഹജ്ജ് ഖാദിയാനിലാണ് എന്നതാണ്. ഖാദിയാനിൽ ഓരോ വർഷവും മൂന്ന് ദിവസം ആത്മീയ സമ്മേളനം നടക്കാറുണ്ട്. അതിൽ സൗകര്യമുള്ള മിക്ക അഹ്മദികളും പങ്കെടുക്കാറുമുണ്ട്. ഈ സമ്മേളനം അഹ്മദിയ്യാ സ്ഥാപകരുടെ കാലംതൊട്ട് തുടങ്ങിയതാണ്. പ്രസ്തുത സമ്മേളനത്തെക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നത് ഇപ്രകാരമാണ്: “വർഷത്തിൽ മൂന്ന് ദിവസം സമ്മേളനം നടത്തുന്നത് ഉചിതമായി കരുതുന്നു. അല്ലാഹുവിന്റെ കാര്യങ്ങൾ കേൾക്കാനും പ്രാർത്ഥനകളിൽ പങ്കുചേരാനുമായി ഈ ജൽസയിൽ എത്തിച്ചേരാൻ കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതാണ്. ഈ സമ്മേളനത്തിൽ ഈമാന്റെ പുരോഗതിക്കും ദൃഢവിശ്വാസം ഉണ്ടാക്കാനും ഉതകുന്നതരത്തിലുള്ള വിജ്ഞാനപ്രദങ്ങളായ പ്രസംഗത്തിനും മറ്റും ഏർപ്പാടുണ്ടായിരിക്കുന്നതാണ്. കൂടാതെ സഹോദരന്മാരുടെ ആത്മീയ ഉന്നമനത്തിനും ഉയർച്ചയ്ക്കും ദൈവപ്രാപ്തിയ്ക്കും വേണ്ടി ‘റബ്ബുൽ ഇസ്സ’ത്തിനോട് പ്രാർത്ഥിക്കുന്നതായിരിക്കും. കൂടാതെ സാഹോദര്യബന്ധം ഊട്ടിയുറപ്പിക്കുന്നതിനും പുതുമുഖങ്ങളെ പരിചയപ്പെടുവാനും പഴയ സഹോദരന്മാരുടെ ഓർമ്മ പുതുക്കുന്നതിനും ഈ കാലയളവിൽ മരിച്ചുപോയ സഹോദരങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാനും ഈ ഒരുമിച്ചുകൂടൽ സഹായകരമായിരിക്കും.’ (ആസ്മാനി ഫൈസല).

ഖാദിയാനിൽ നടക്കുന്ന പ്രസ്തുത സമ്മേളനം ഹജ്ജിന് പകരമാണെന്ന് ഒരു അഹ്മദിയും വിശ്വസിക്കുന്നില്ല. അഹ്മദിയ്യാ സ്ഥാപകർ അങ്ങനെ പഠിപ്പിച്ചിട്ടുമില്ല. ഹജ്ജ് കടമയായി വരുന്നവർ ഹജ്ജ് ചെയ്യേണ്ടതാണെന്നാണ് അദ്ദേഹം അഹ്മദികളെ പഠിപ്പിച്ചത്.

ഖാദിയാനികളുടെ ഹജ്ജ് ഖാദിയാനിലാണെന്ന് ആക്ഷേപിക്കുന്നവർക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമും നാലാം ഖലീഫയുമായ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്) 1988-ൽ അദ്ദേഹത്തിന്റെ മുബാഹലാ ആഹ്വാനത്തിൽ കൊടുത്ത മറുപടി ഇവിടെ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുന്നു.” ആഹ്വാനം രണ്ട് “.... അദ്ദേഹം (ഹദ്റത്ത് അഹ്മദ്) പ്രാർത്ഥിച്ചിരുന്ന സ്ഥലം സ്ഥാനമഹിമയിലും ആദരണീയതയിലും പരിശുദ്ധ കഅ്ബയ്ക്ക് തുല്യമാണ്. എന്നും ഖാദിയാൻ പരിശുദ്ധ മക്കക്ക് തുല്യമാണ്. വർഷത്തിലൊരിക്കൽ ഖാദിയാനിൽ പോകുന്നതുമുഖേന സകലപാപങ്ങളും പൊറുക്കപ്പെടുന്നതായിരിക്കും. ബയ്ത്തുല്ലാഹിൽ പോയി ഹജ്ജ് ചെയ്യുന്നതിന് പകരം ഖാദിയാൻ ജൽസയിൽ പങ്കെടുത്താൽ അതുതന്നെ ഹജ്ജ് ആയിരിക്കുന്നതാണ് എന്നുമാണ് അഹ്മദികൾ വിശ്വസിക്കുന്നതെന്ന് വിരോധികൾ ആരോപിക്കുന്നു.

“ഞാൻ ലോക അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവെന്ന നിലയിൽ പ്രഖ്യാപിക്കുന്നു. ഈ എല്ലാ ആരോപണങ്ങളും തനികള്ളവും വ്യക്തമായ കറ്റുകെട്ടുമാകുന്നു. ഈ പറഞ്ഞ വിശ്വാസങ്ങളിൽ ഒന്നുപോലും അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസമേയല്ല.’

“കള്ളം പറയുന്നവരിൽ അല്ലാഹുവിന്റെ ശാപം വർഷിക്കപ്പെടട്ടെ.”

(*1997 ഏപ്രിൽ ലക്കം സത്യദൂതനിൽനിന്ന്*)

ലേഖനം

എ. അംറീൻ

# ഖിലാഫത്ത്: വാഗ്ദത്ത മസീഹിന്റെ ലിഖിതങ്ങളുടെ വെളിച്ചത്തിൽ

**ഖി**ലാഫത്ത് അല്ലാഹു അവന്റെ വിശ്വസ്തരായ വിശ്വാസികൾക്കായി ഇറക്കുന്ന ഒരു സ്വർഗ്ഗീയ രക്ഷാകവചമാണ്. പ്രവാചകന്റെ വേർപാടിനെ തുടർന്നുള്ള ദുർഘടവേളയിൽ അവൻ അവർക്കായി വെളിപ്പെടുത്തുന്ന ഒരു ആത്മീയ സാന്ത്വനവും പരിശുദ്ധമായ അത്ഭുതവുമാണത്. എന്തെന്നാൽ ദൈവദൂതന്റെ വേർപാട് വിശ്വാസികളിൽ വലിയൊരു ആഘാതം സൃഷ്ടിക്കുകയും അവർ ദിശാബോധം നഷ്ടപ്പെട്ടവരായിത്തീരുകയും ചെയ്യുന്നു. അപ്പോൾ കൃതജ്ഞരായ തന്റെ ദാസജനങ്ങളെ ഒരുമിച്ചുകൂട്ടാനായി അല്ലാഹു അവന്റെ കാരുണ്യത്താൽ സൃഷ്ടിക്കുന്ന പൊടുന്നനെയുള്ള ഒരാത്മീയ വിപ്ലവ വിക്ഷോഭമാണ് ഖിലാഫത്ത്. അങ്ങനെ ഖിലാഫത്ത് അവർക്കൊരു പുനർജ്ജന്മമായും ദൈവദൂതന്റെ സാന്നിധ്യമായും അവതരിക്കുന്നു. അതുകൊണ്ടാണ് ഈ കാലഘട്ടത്തിലെ ഇമാമും വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ഖിലാഫത്ത് വ്യവസ്ഥിതിയെ ഒരു ദൈവിക ശക്തിപ്രകടനമായി വിശേഷിപ്പിച്ചിട്ടുള്ളത്.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: "ഖലീഫയെന്നാൽ പിൻഗാമി എന്നാണ് അർത്ഥം. ഒരു പ്രവാചകന്റെ ശ്രേഷ്ഠതകൾ പ്രതിഫലിപ്പിച്ചുകാണിക്കുന്നതാരോ അദ്ദേഹമാണ് യഥാർത്ഥത്തിൽ പ്രവാചകന്റെ പിൻഗാമി. വഴിപിഴച്ച രാജാക്കന്മാർക്കൊക്കെ ഖലീഫയെന്ന സ്ഥാനം ചാർത്തിക്കൊടുക്കുന്നതിനെ നബി (സ) തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. എന്തെന്നാൽ ആ സ്ഥാനം സത്യത്തിൽ പ്രവാചകന്റെ പ്രതിഫലനമാകുന്നു. ഒരാൾക്കും ശാശ്വതമായി ജീവിക്കാനാവില്ലെന്നിരിക്കെ സർവ്വശക്തനായ ദൈവം മനുഷ്യർക്കിടയിൽ ഏറ്റവും ശ്രേഷ്ഠരും സമുന്നതരുമായ പ്രവാചകന്മാരുടെ പ്രതിഫലനം അന്ത്യനാൾവരെ നിലനിർത്തണമെന്ന് ആഗ്രഹിച്ചു. അതിനാലാണ് അവൻ ഖിലാഫത്തിന് രൂപം നൽകിയിരിക്കുന്നത്. അതുവഴി പ്രവാചകത്വത്തിന്റെ അനുഗ്രഹം ലോകത്ത് ഒരിക്കലും ശൂന്യമായിപ്പോകാതിരിക്കുവാൻതന്നെ" (ശഹാദത്തുൽ ഖുർആൻ, പേ. 59).

പ്രവാചകനെയെന്നപോലെ ഖലീഫയേയും നിയമിക്കുന്നത് ദൈവമാണെന്നതാണ് സത്യം. പ്രവാചകന്റെ വേർപാടിനുശേഷം ദൈവേച്ഛയുടെ പ്രകടനം ഇക്കാര്യത്തിൽ സത്യഭക്തരായ ഒരു സംഘം വിശ്വാസികളിലൂടെ വെളിപ്പെടുകയാണ് ചെയ്യുന്നത്. വിശുദ്ധഖുർആനിൽ ദൈവം പറഞ്ഞു: "നാം ഭൂമിയിൽ ഒരു ഖലീഫയെ നിയമിക്കാൻ പോകയാണ്'' എന്ന് (2:31). ദൈവമായിരുന്നു ആദമിനെ ഖലീഫയായി നിയമിച്ചത്. ആ സന്ദർഭത്തിൽ മലക്കുകൾ എതിർത്തുവെങ്കിലും ഒടുവിൽ അവർക്ക് കീഴൊതുങ്ങേണ്ടിവന്നു. മറ്റൊരിടത്ത് വിശുദ്ധഖുർആൻ പറയുന്നു: ''അവനാണ് നിങ്ങളെ ഭൂമിയിൽ ഖലീഫമാരാക്കിയത്. ഇതിനുശേഷം ആരാണോ അവിശ്വസിക്കുന്നത് അവർ തങ്ങളുടെ അവിശ്വാസത്തിന്റെ ഫലം അനുഭവിക്കുന്നതാണ്" (35:40).

ഖിലാഫത്ത് വ്യവസ്ഥതിയുടെ സങ്കൽപവും തത്ത്വങ്ങളും വിശുദ്ധഖുർആൻ ഇപ്രകാരം അനാവരണം ചെയ്യുന്നു: ''നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്കു പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു'' (സൂറ നൂർ:56).

ഖിലാഫത്തിനെ സംബന്ധിച്ച സുവാർത്ത നൽകിയതിനുശേഷം മഹോന്നതനായ അല്ലാഹു ഈ ആത്മീയ രക്ഷാകവചത്തിന് അർഹരാകുന്നവർക്കുള്ള യോഗ്യതകൾ ഇപ്രകാരം നിർവചിക്കുന്നു:

"അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്, എന്നോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർതന്നെയാണ് ധിക്കാരികൾ. നിങ്ങൾ സ്വലാത്ത് (നമസ്ക്കാരം) നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക, നിങ്ങളിൽ കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി'' (സൂറ നൂർ: 56,57).

ഖിലാഫത്ത് വ്യവസ്ഥിതി സോപാധികമായ ഒരു ദൈവിക വാഗ്ദാനമാണെന്നും ഇത് സാക്ഷാത്ക്കരിക്കപ്പെടുന്നതിന് മൂന്ന് ഉപാധികൾ പൂർത്തിയാക്കപ്പെടേണ്ടതാണെന്നുമാണ് മുകളിലത്തെ സൂക്തം വ്യക്ത

മാക്കുന്നത്. സ്വലാത്ത് അഥവാ നമസ്ക്കാരം നില നിർത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ പൂർണ്ണമായും അനുസരിക്കുകയും ചെയ്യുന്ന ഭക്തദാസർക്കിടയിലാണ് ഈ വാഗ്ദാനം നിറവേറ്റപ്പെടുക. വിശ്വാസിവൃന്ദം ഈ ഗുണങ്ങൾ ഉയർത്തിപ്പിടിക്കുന്ന കാലത്തോളം മാത്രമേ ഖിലാഫത്തിന്റെ അനുഗ്രഹം അവർക്കിടയിൽ നിലനിൽക്കുകയുള്ളൂ. ഈ ഉപാധികൾ പൂർത്തിയാക്കുമ്പോൾ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ അവർക്കു പ്രദാനം ചെയ്യപ്പെടുമെന്നും അവരെ ജനനായകന്മാരാക്കുമെന്നും അവരുടെ ഭയത്തിനു പകരം സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അവസ്ഥയേകുമെന്നും ഈ ഖുർആൻവാക്യം ഓർമ്മപ്പെടുത്തുന്നു. ഇസ്ലാം ലോകത്ത് ആധിപത്യം നേടുന്നതും സർവ്വോപരി ഇസ്ലാമിന്റെ യഥാർത്ഥലക്ഷ്യമായ ദൈവത്തിന്റെ ഏകത്വം ലോകത്ത് ആഴത്തിലുറപ്പിക്കപ്പെടുന്നതും അപ്പോഴായിരിക്കും.

ഇസ്ലാം അതീവ ദുർബ്ബലമായിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു, അറേബ്യയിലെമ്പാടും ബിംബാരാധന നിറഞ്ഞുനിന്ന ഒരു കാലഘട്ടത്തിലായിരുന്നു ഈ പ്രവചനം ഉണ്ടായതെന്നോർക്കേണ്ടതാണ്. അങ്ങനെ ഇസ്ലാം അറേബ്യയിൽ മാത്രമല്ല, ലോകത്തെമ്പാടും അധീശത്വം നേടുകയും നബി(സ) തിരുമേനിയുടെ അനുയായികൾ ജനങ്ങളുടെ നേതാക്കന്മാരും ആചാര്യന്മാരും ആയിത്തീരുകയും ചെയ്തു. "അതിനുശേഷം ആരാണോ നിഷേധിക്കുന്നത് അവർ തന്നെയാണ് ധിക്കാരികൾ" എന്ന ഖുർആനിക വചനം ഖിലാഫത്ത് സമുന്നതമായ ഒരു ദൈവികാനുഗ്രഹമാണെന്ന യാഥാർത്ഥ്യം അടിവരയിടുകയും ഖിലാഫത്തിനെക്കൂടാതെ മുസ്ലിംകൾക്കിടയിൽ യോജിപ്പോ, ഐക്യമോ, യഥാർത്ഥ പുരോഗതിയോ ഒന്നും സാധ്യമല്ലെന്ന സന്ദേശം നൽകുകയുമാണ് ചെയ്യുന്നത്. മുസ്ലിംകൾ ഖിലാഫത്തിനെ പൂർണ്ണമായും അനുസരിക്കുകയും സർവ്വാത്മനാ പിന്തുണക്കുകയും ചെയ്തുകൊണ്ട് അതിനെ ശരിയായ നിലയിൽ വിലമതിക്കുന്നില്ലെങ്കിൽ ആ അനുഗ്രഹം നഷ്ടപ്പെടുകയും ദൈവത്തിന്റെ അതൃപ്തിക്കിരയാകുമെന്നും ഈ ഖുർആനിക വചനം മുന്നറിയിപ്പു നൽകുന്നു.

നിർഭാഗ്യവശാൽ, ഇതാണ് മുസ്ലിംകളിൽ സംഭവിക്കുകയുണ്ടായത്. ഖിലാഫത്തെ റാശിദ എന്നറിയപ്പെടുന്ന ഇസ്ലാമിലെ സച്ചരിതരായ ഖലീഫമാരുടെ ഭാസുരകാലഘട്ടം മുപ്പതുവർഷത്തോളം മാത്രമേ നീണ്ടുനിന്നുള്ളൂ. ആ മുപ്പതു വർഷങ്ങൾക്കുള്ളിൽ തന്നെയായിരുന്നു മുസ്ലിംകൾ അറേബ്യയിലെ മണൽക്കാടുകളിൽനിന്ന് ഇറാഖ്, സിറിയ, ഫലസ്തീൻ, ഈജിപ്ത്, സൈപ്രസ്, ഉത്തരാഫ്രിക്ക, ഇറാൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ നാടുകളിലൂടെ കടന്ന് ഇന്ത്യവരെ തങ്ങളുടെ കൈപിടിയിലൊതുക്കിയത്. വടക്കുപടിഞ്ഞാറും കിഴക്കുമുള്ള സുശക്തമായ രണ്ട് സാമ്രാജ്യങ്ങൾ, ബൈസാന്തിയൻ സാമ്രാജ്യവും പുരാതന പേർഷ്യൻ സാമ്രാജ്യവും മുസ്ലിംകളുടെ ആത്മീയശക്തിക്കുള്ളിലൊതുങ്ങിയതും ആ കാലഘട്ടത്തിലാണ്. അതിനുശേഷം പ്രവാചകത്വത്തെ പിന്തുടർന്നുള്ള ദൈവദത്തമായ ഖിലാഫത്ത് വ്യവസ്ഥ മുസ്ലിംകൾക്കിടയിൽനിന്ന് തിരോഭവിക്കുകയുണ്ടായി. ചരിത്രത്തിൽ പിന്നീട് കേലിഫേറ്റ് (Caliphate) എന്നു വിശേഷിപ്പിക്കപ്പെട്ട നാമമാത്ര ഖിലാഫത്ത് വ്യവസ്ഥിതിയുടെ വിവിധ രൂപങ്ങൾ മാത്രമായിരുന്നു മുസ്ലിം ലോകത്ത് അവശേഷിച്ചത്. ഇക്കാരണത്താലാണ് പ്രവാചകത്വത്തെ പിന്തുടർന്നുള്ള ഖിലാഫത്ത്, (ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത്) നബി(സ) തിരുമേനിയുടെ അനുചരന്മാർക്കിടയിൽ മാത്രം പരിമിതമാണെന്ന ധാരണ മുസ്ലിംകളിൽ വലിയൊരു വിഭാഗം വച്ചുപുലർത്താൻ തുടങ്ങിയത്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈ വിശ്വാസത്തെ തള്ളിക്കളയുകയും ഖിലാഫത്തിനെ സംബന്ധിച്ച വിശുദ്ധഖുർആനിലെ വാഗ്ദാനം എന്നെന്നും നിലനിൽക്കുന്നതാണെന്നു വ്യക്തമാക്കുകയുമുണ്ടായി. വാഗ്ദത്തമസീഹ്(അ) പറയുന്നു:

"ഈ സൂക്തം എല്ലാ മുസ്ലിംകൾക്കും പൊതുവായി ബാധകമായിട്ടുള്ള ഒന്നല്ലെന്നാണ് ചിലർ കരുതുന്നത്. "നിങ്ങളിൽനിന്ന്" എന്നതുകൊണ്ടുള്ള വിവക്ഷ, നബി(സ) തിരുമേനിയുടെ തിരുസഖാക്കൾ മാത്രമാണെന്നാണ് അവർ വാദിക്കുന്നത്. അവരോടുകൂടി ഖിലാഫത്ത് അവസാനിച്ചുവെന്നും അന്ത്യനാൾവരെ മുസ്ലിംകൾക്കിടയിൽ അതിനി പുനരാഗമനം ചെയ്യുകയില്ലെന്നും അവർ വാദിക്കുന്നു. എന്നാൽ, സന്മാർഗ്ഗ ഖിലാഫത്ത് വെറും മുപ്പതുവർഷം മാത്രം പരിമിതമാണെങ്കിൽ അതിനുശേഷം ആ കാലഘട്ടം എന്നെന്നേക്കുമായി അവസാനിച്ചുപോയെന്നാണെങ്കിൽ മഹോന്നതനായ അല്ലാഹു സൗഭാഗ്യത്തിന്റെ വാതിലുകൾ നബി(സ) തിരുമേനിയെ പിന്തുടർന്നവർക്കായി തുറന്നിടാൻ ഉദ്ദേശിച്ചിട്ടില്ലെന്നാണോ കരുതേണ്ടത്?" (ശഹാദത്തുൽ ഖുർആൻ, പേ. 353).

എന്നാൽ, ഭയത്തിനുശേഷം രക്ഷയും സമാധാനവും നൽകുന്ന പ്രവാചകത്വത്തെ പിന്തുടർന്നുള്ള മഹത്തായ സന്മാർഗ്ഗഖിലാഫത്തിന്റെ (ഖിലാഫത്തെ റാശിദ) പുനരുജ്ജീവനം നബി(സ) പ്രവചിച്ചതായിരുന്നു. ആ പ്രവചനത്തിന്റെ ആദ്യത്തിലും അവസാനത്തിലും പ്രവാചകത്വത്തെ തുടർന്നുള്ള ഖിലാഫത്തിനെക്കുറിച്ച് അവിടുന്ന് പരാമർശിച്ചിട്ടുള്ളതായി കാണാം. ഈ സത്യഖിലാഫത്തിന്റെ രണ്ടു ഘട്ടങ്ങൾക്കിടയിൽ ഏകാധിപത്യ പ്രവണതയുള്ളവരുടെയും ഉഗ്രശാസകന്മാരുടെയും രൂപത്തിൽ നാമമാത്ര ഖിലാഫത്ത് മുസ്ലിംകൾക്കിടയിൽ വേരൂന്നുമെന്നും അവിടുന്ന് പ്രവചിക്കുകയുണ്ടായി. ഈ പ്രവചനങ്ങ

ളെല്ലാം കാലഘട്ടങ്ങൾക്കിടയിൽ അതിന്റെ മുഴുവൻ വിശദാംശങ്ങളോടുകൂടി പുലർന്നുപോന്നു. ഒടുവിലായി സന്മാർഗ്ഗ ഖിലാഫത്തിന്റെ പുനരുദയത്തെക്കുറിച്ചുള്ള പ്രവചനവും യാഥാർത്ഥ്യമായി. വാഗ്ദത്ത മസീഹ്(അ) പറയുന്നു:

"ദൈവം മുസ്‌ലിം ജനതയെ തനിക്കായി തിരഞ്ഞെടുത്തിരിക്കെ അവരെ ലക്ഷ്യസ്ഥാനത്തോളം എത്തിക്കുമെന്നു വാഗ്ദാനം ചെയ്തിരിക്കെ അവരെ വഴിക്കൽ ഉപേക്ഷിച്ചുകളയുന്നതു ന്യായവും ദൈവത്തിന്റെ ഔന്നത്യത്തിനു ചേർന്നതുമാകുമോ? മനുഷ്യൻ ദൈവത്തിന്റെ സന്നിധി സംബന്ധിച്ചിടത്തോളം അന്ധനെപ്പോലെയാണ്. ദൈവം തന്റെ മാർഗ്ഗനിദർശനത്തിലൂടെ വേണം അവനെ ലക്ഷ്യത്തിലെത്തിക്കാൻ. ഖിയാമത്തുനാൾവരെ അവൻ ഇപ്രകാരം മാർഗ്ഗദർശകരെ അയച്ചുകൊണ്ടിരിക്കും. അതുകൊണ്ടുതന്നെയാണ് 'ലയതസ്തഖ്ലിഫന്നഹും' (നിശ്ചയമായും അവരെ ഖലീഫമരാക്കും) എന്നു വന്നിട്ടുള്ളത്. ഖിയാമത്തുനാൾവരെ തിരുനബിയുടെ ഖുലഫായുടെ വിയോഗം മുഖേന ഇതു സ്ഥാപിക്കപ്പെടുന്നതാണ്. ഞാനും ഈ ആയത്തിലടങ്ങിയ വാഗ്ദാനപ്രകാരമാണ് വന്നിട്ടുള്ളത്. അതുകൊണ്ടാണ് മൗഊദ് (വാഗ്ദത്തം ചെയ്യപ്പെട്ടവൻ) എന്നു പറയപ്പെട്ടിട്ടുള്ളത്. (മുജദ്ദിദെ അഅ്സം, പേ. 201, ഉദ്ധാരണം: ഹദ്റത്ത് അഹ്മദ്(അ), പേ. 898, 899).

അങ്ങനെ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യുടെ അനുയായികൾ ഇന്ന് പ്രവാചകത്വത്തെത്തുടർന്നുള്ള ഈ അനുഗൃഹീത ഖിലാഫത്തിന്റെ കൃതജ്ഞരായ സ്വീകർത്താക്കളായിത്തീർന്നു.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: "ഈ ഭൂമിയിൽ മനുഷ്യസൃഷ്ടിപ്പിന്റെ ആരംഭം മുതൽക്കേയുള്ള അല്ലാഹുവിന്റെ പ്രവർത്തനരീതിയാണ് തന്റെ പ്രവാചകന്മാരേയും ദൂതന്മാരേയും സഹായിക്കുകയെന്നത്. ഏതൊരു സന്മാർഗ്ഗത്തെയാണ് അവർ ലോകത്ത് പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം അവരുടെ കൈകൾകൊണ്ട് ചെയ്യിക്കുന്നു. എന്നാൽ, ഇതിന്റെ പൂർത്തീകരണം അവരുടെ കൈകളാൽ നിർവ്വഹിക്കപ്പെടുന്നില്ല. മറിച്ച്, ഈ പ്രസ്ഥാനം ബാഹ്യമായി പരാജയപ്പെടുമെന്ന ഭയം നിലനിൽക്കെ അവനവർക്കു മരണം നൽകുന്നു. ഇതിലൂടെ എതിരാളികൾക്ക് പരിഹാസശരങ്ങളും നിന്ദാവചനങ്ങളും ചൊരിയാനവസരം നൽകുന്നു. തുടർന്ന് അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം അനാവൃതമാക്കുന്നു. അങ്ങനെ അപൂർണ്ണതയിൽ കിടന്നിരുന്ന ലക്ഷ്യങ്ങൾ പരിപൂർണ്ണത പ്രാപിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗങ്ങൾ സൃഷ്ടിക്കപ്പെടുന്നു" (പേ: 5,6).

ദൈവം അവന്റെ ആത്മീയസംവിധാനത്തെ സംരക്ഷിക്കാനും അവന്റെ ശത്രുക്കളുടെ ഗൂഢാലോചനകളും ആസൂത്രണങ്ങളും തകർക്കാനും പണ്ടുപണ്ടേ രണ്ടുതരത്തിലുള്ള പ്രകടനങ്ങൾ കാണിച്ചുപോന്നിട്ടുണ്ടെന്നാണ് വാഗ്ദത്ത മസീഹ്(അ) ഇവിടെ വ്യക്തമാക്കുന്നത്. ഈ ദൈവിക പ്രവർത്തനരീതി മാറ്റമില്ലാതെ നമ്മുടെ കാലഘട്ടത്തിലും ആവർത്തിക്കുകയുണ്ടായി. ഇതിൽ ആദ്യത്തേത് പ്രവാചകന്റെ രൂപത്തിലാണ് വെളിപ്പെടുന്നതെങ്കിൽ രണ്ടാമത്തേത് ഖിലാഫത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. ദിവ്യമായ ഇരു പ്രകടനങ്ങളും പ്രവാചകന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതഭാവങ്ങളുടെ പ്രതിഫലനങ്ങളാണ്. പ്രവാചകന്റെ വ്യക്തിപരമായ ജീവിതം അദ്ദേഹത്തിന്റെ പ്രവാചകത്വത്തോടെയാണ് ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ സാമൂഹ്യജീവിതം സമാരംഭിക്കുന്നതാകട്ടെ, ഖിലാഫത്ത് വ്യവസ്ഥിതി മുഖേനയുമാണ്. ആദ്യത്തേത് ഒരു ബീജം വാപം ചെയ്യപ്പെടുന്നതുപോലെയാണെങ്കിൽ, രണ്ടാമത്തേത് അതിന്റെ കൈവഴികളും സൽഫലങ്ങളും ലോകത്തെങ്ങും പരത്തുന്നതിനു തുല്യമാണ്.

ആദ്യം ജനങ്ങളുടെ പരിഷ്ക്കരണാർത്ഥം ദൈവത്തിന്റെ ഒരു വിനീതദാസൻ വെളിപാടുകളുടെ ശക്തിയിൽ എഴുന്നേൽപ്പിക്കപ്പെടുന്നു. അദ്ദേഹം ദുർബ്ബലനും ബലഹീനനുമായിട്ടായിരിക്കും ചിലപ്പോൾ കാണപ്പെടുന്നത്. ദൈവം തന്നോട് സംസാരിക്കുന്നതായി അദ്ദേഹം പ്രഖ്യാപിക്കുന്നു. തുടർന്ന് എല്ലാതരം എതിർപ്പുകളേയും പ്രതിസന്ധികളേയും അദ്ദേഹം അതിജീവിക്കുന്നു. ശത്രുക്കളുടെ എല്ലാ ഗൂഢാലോചനകളും അദ്ദേഹത്തിന്റെ മുമ്പിൽ നിഷ്ഫലമായിത്തീരുന്നു. അങ്ങനെ അദ്ദേഹം ദൈവികമാർഗ്ഗദർശകത്തിൽ ഒരു ശിഷ്യസംഘത്തിന്റെ രൂപത്തിൽ ഒരാത്മീയബീജം വിജയകരമായി വാപം ചെയ്യുന്നു. ഇത് സത്യത്തിൽ കഠിനമായ എതിർപ്പുകളുടെ അഗ്നിജ്വാലകൾക്കിടയിൽ നിസ്സഹായനായ ഒരു വ്യക്തിയുടെ കൈകളിലൂടെ സംഭവിക്കുന്ന ദൈവികശക്തിപ്രകടനമാണ്. ഇതിനെയാണ് വാഗ്ദത്തമസീഹ്(അ) അൽവസിയ്യത്ത് എന്ന കൃതിയിൽ ഒന്നാമത്തെ ദിവ്യപ്രകടനമായി വിശേഷിപ്പിച്ചത്.

ഓരോ പ്രവാചകനും അദ്ദേഹത്തെത്തുടർന്ന് ഖലീഫയുണ്ടായിരുന്നു. പ്രവാചകൻ ചരമമടയുമ്പോൾ ശത്രുക്കൾ കരുതുന്നത് അദ്ദേഹം സ്ഥാപിച്ച സംഘത്തിന് ഭാവിയില്ലെന്നും അത് തകരാൻ പോകയാണെന്നുമാണ്. ആ ദുർഘടസന്ധിയിൽ ശത്രുക്കളുടെ നീക്കങ്ങൾ ശക്തിപ്പെടുന്നു. അവർ ആഹ്ലാദിക്കുകയും വിജയികളെപ്പോലെ പെരുമാറുകയും ചെയ്യുന്നു. അപ്പോൾ ദൈവം അദ്ദേഹത്തിന്റെ ആത്മീയ പിന്തുടർച്ചക്കാരനായും വിശ്വസ്തരായ വിശ്വാസികളുടെ നേതാവായും ഒരു ഖലീഫയെ തിരഞ്ഞെടുക്കുന്നു. അദ്ദേഹം ദുർബ്ബലനും അശക്തനുമായി കാണപ്പെടുന്നു. എങ്കിലും ദൈവം അദ്ദേഹത്തെ അന്യാദൃശമായ

കഴിവുകൾകൊണ്ട് ശക്തിപ്പെടുത്തുകയും പ്രവാചക സംഘത്തെ ആഴത്തിലുറപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ എതിരാളികളുടെ ആഹ്ലാദം ആഘാതമായി മാറുന്നു. ഇതിനെയാണ് വാഗ്ദത്ത മസീഹ്(അ) തന്റെ ഗ്രന്ഥമായ അൽവസിയ്യത്തിൽ രണ്ടാമത്തെ ദിവ്യശക്തിപ്രകടനം അഥവാ 'ഖുദ്റത്തെ സാനിയ' എന്നു വിശേഷിപ്പിച്ചത്.

ഈ രണ്ടുതരത്തിലുള്ള ദിവ്യപ്രകടനങ്ങളും മൂസാനബിയുടെയും ഈസാനബിയുടെയും മറ്റു പ്രവാചകന്മാരുടെയും കാലഘട്ടങ്ങളിലുടനീളം സംഭവിച്ചിട്ടുള്ളതാണ്. മൂസാനബിയുടെ അപ്രതീക്ഷിതമായ വേർപാട് ഇസ്റായീൽ സന്തതികൾക്കിടയിൽ അഗാധമായ ദുഃഖവും അസ്വസ്ഥതയുമായിരുന്നു സൃഷ്ടിച്ചത്. പൂർവ്വകൽപിതം പോലെ അവരെ വാഗ്ദത്ത ഭൂമിയിലേക്കു നയിക്കാൻ അദ്ദേഹത്തിന്നായില്ല. അവർ ദുഃഖപരവശരായി നാൽപതുദിവസത്തോളം കരഞ്ഞിരുന്നു. തുടർന്ന് ദൈവം ജോശുവായെ ഇസ്റായീല്യരുടെ ഖലീഫയായി എഴുന്നേൽപ്പിക്കുകയും അവർക്കുണർവ്വ് നൽകുകയും തകർച്ചയിൽനിന്ന് അവരെ കരകയറ്റുകയും ചെയ്തു. ഇതേ ദൈവിക പ്രകടനങ്ങൾ പ്രവാചകശ്രേഷ്ഠരായ മുഹമ്മദ് നബി (സ) തിരുമേനിയുടെ സ്വർഗ്ഗീയാഗമനത്തിന്റെ അവസരത്തിലും അവിടുത്തെ സ്വർഗ്ഗീയ വേർപാടിനെത്തുടർന്നും ഉജ്ജ്വലമായ രൂപത്തിൽ ആവർത്തിക്കുകയുണ്ടായി. നബി (സ) തിരുമേനി ചരമമടഞ്ഞപ്പോൾ തിരുസഖാക്കൾ ദുഃഖപരവശരാകുകയും ഒട്ടേറെ ഭാഗ്യഹീനർ ഇസ്ലാം ഉപേക്ഷിച്ചുപോകുകയും ചെയ്തു. ഇനിയുമേറെപ്പേർ മതപരിത്യാഗത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുകയും വിശ്വാസികൾ ചിതറിപ്പിരിയാനുള്ള ഘട്ടത്തിലെത്തുകയും ചെയ്തു. ആ ദുർഘട സന്ധിയിലാണ് ഹദ്റത്ത് അബൂബക്കർ(റ)നെ എഴുന്നേൽപിച്ചുകൊണ്ട് അല്ലാഹു അവന്റെ രണ്ടാം ശക്തി പ്രകടനം കാണിക്കുകയുണ്ടായത്.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ''ഒരു റസൂലിന്റെ വേർപാട് ഘോരമായ ഒരു ഭൂകമ്പവും വലുതായ ഒരു വിപത്തിന്റെ സന്ദർഭവുമാണ്. എന്നാൽ, ഒരു ഖലീഫ മുഖേന അല്ലാഹു പ്രത്യാശ പ്രദാനം ചെയ്യുന്നു. അങ്ങനെ അദ്ദേഹം പ്രവാചകന്റെ ആവിർഭാവോദ്ദേശ്യത്തിനു നവജീവൻ നൽകുകയും അതിനെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. നബി(സ) തിരുമേനി അവിടുത്തെ പിൻഗാമിയായി ഒരു ഖലീഫയെ നിയമിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു? അല്ലാഹു താൻ തന്നെ ഒരു ഖലീഫയെ നിയമിക്കുമെന്ന് ആ മഹാത്മാവിന് നല്ലപോലെ അറിയാമായിരുന്നതുകൊണ്ടുതന്നെയായിരുന്നു" (അൽഹക്കം, 1905 ഏപ്രിൽ 14).

ഓരോ പ്രവാചകനും ലോകത്ത് ഒരു വിപ്ലവം സൃഷ്ടിക്കുന്നു. എന്നാൽ, ഈ വിപ്ലവം യാഥാർത്ഥ്യമാക്കാൻ, ഈ പരിവർത്തനം നടപ്പിൽ വരുത്താൻ നിരന്തരമായ യജ്ഞങ്ങളും അടിപതറാത്ത ചുവടുവെയ്പുകളും സുസ്ഥാപിതമായ ഒരു പ്രസ്ഥാനവും ആവശ്യമുണ്ട്. ഇതാണ് അല്ലാഹുവിന്റെ പ്രവർത്തന രീതി. ഇക്കാരണത്താൽതന്നെയാണ് സർവ്വശക്തനായ ദൈവം ഈ കാലഘട്ടത്തിൽ ഖിലാഫത്തെ അഹ്മദിയ്യ സ്ഥാപിച്ചിട്ടുള്ളത്. അൽവസിയ്യത്ത് എന്ന കൃതിയിൽ വാഗ്ദത്ത മസീഹ് പറയുന്നു:

"ലോകത്തിന്റെ വിവിധ ജനസമൂഹങ്ങളിൽ നിവസിക്കുന്ന സൽപ്രകൃതരായ ആളുകൾ അവർ ഏഷ്യയിലായാലും യൂറോപ്പിലായാലും അവരെല്ലാം ദൈവത്തിന്റെ ഏകത്വത്തിലേക്ക് ആകർഷിക്കുകയും തന്റെ ദാസന്മാരെ ഒരേയൊരു മതത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യണമെന്നതാണ് അല്ലാഹു ഇച്ഛിക്കുന്നത്. ഈ ഉദ്ദേശ്യപൂർത്തീകരണത്തിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. അതിനാൽ സൗമ്യതയോടും സൽസ്വഭാവത്തോടും നിരന്തരമായ പ്രാർത്ഥനകളോടും കൂടി നിങ്ങൾ ഈ ഉദ്ദേശ്യത്തെ പ്രാവർത്തികമാക്കുക. അല്ലാഹുവിന്റെ ദിവ്യഭാഷണത്താൽ അനുഗൃഹീതനായ ഒരു മഹാത്മാവ് എഴുന്നേൽപ്പിക്കപ്പെടുന്നതുവരെ എനിക്കുശേഷം നിങ്ങളെല്ലാവരും ഐക്യത്തോടെ പ്രവർത്തിക്കുക" (പേ. 9,10).

തന്റെ ചരമത്തെത്തുടർന്ന് രൂപംകൊള്ളാനിരിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതിയെക്കുറിച്ചാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഇവിടെ പരാമർശിച്ചിട്ടുള്ളത്.

കാലത്തിന്റെ ഇമാമും മഹ്ദിയും മസീഹും എന്ന നിലയിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ദൗത്യം സാർവത്രികമാണ്. എന്നാൽ, ഉമ്മത്തീനബി എന്ന നിലയിൽ ഇസ്ലാമിന്റെ വിശുദ്ധ പ്രവാചകൻ തിരുമേനിയുടെ ശിഷ്യത്വത്തിനു പൂർണ്ണമായും വിധേയമായ നിലയിലുമാണ്. എന്തെന്നാൽ, വിശുദ്ധഖുർആനും തിരുനബിവചനങ്ങളും ആ മഹാത്മാവിന് പ്രവാചകൻ എന്ന സ്ഥാനം നൽകിയിട്ടുണ്ട്. വാഗ്ദത്ത മസീഹ്(അ) പറയുകയാണ്:

"എല്ലാ പ്രവാചകത്വവും അവസാനിച്ചുപോയിരിക്കുന്നു, മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വം ഒഴികെ.ഇനി ഒരു പുതിയ നിയമവാഹിയായ (ശരീഅത്തീ) നബിയും വരാനില്ല. എന്നാൽ, നിയമവാഹിയല്ലാത്ത നബി വരാവുന്നതാണ്. പക്ഷേ, അദ്ദേഹം ഉമ്മത്തിലുള്ള ആളായിരിക്കണം എന്നുമാത്രം. ഈ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയും അതേസമയം നബിയുമാകുന്നു" (തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനി ഖസായീൻ, വാല്യം 20, പേ: 411,412).

വാഗ്ദത്ത മസീഹ്(അ) പറയുന്നു: "യഥാർത്ഥ സന്മാർഗ്ഗവും പരിശുദ്ധിയും ശൂന്യമായിക്കഴിഞ്ഞ ഒരു

പേജ് 25-ൽ

ലേഖനം

ഇബ്നു മുഹമ്മദ്

# മറ്റൊരു സമ്പദ്‌വ്യവസ്ഥയ്ക്ക് ലോകം കാത്തിരിക്കുന്നു

**ആ**ഗോള സമ്പദ്‌വ്യവസ്ഥ ഒരു തകർച്ചയുടെ വക്കിലാണിന്നുള്ളത്. പലിശയടിസ്ഥാനമാക്കി കെട്ടിപ്പടുത്ത മുതലാളിത്ത വ്യവസ്ഥിതിയുടെ തകർച്ചയുടെ തുടക്കമാണ് ഇതിന് കാരണം. അമേരിക്കയിലേയും യൂറോപ്പിലേയും വൻകിട ധനകാര്യ സ്ഥാപനങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇത് ഏഷ്യൻ രാഷ്ട്രങ്ങളേയും ബാധിച്ചുതുടങ്ങിയിട്ടുണ്ട്. ലോക ധനകാര്യ സംഘടനയായ 'ഇന്റർനാഷണൽ മോണിറ്ററി ഫണ്ട്' (IMF) ആഗോള സമ്പദ് വ്യവസ്ഥ തകർച്ചയുടെ വക്കിലാണെന്ന് മുന്നറിയിപ്പ് നൽകിയത് ഇക്കഴിഞ്ഞ ദിവസമാണ്. അമേരിക്കയിലേയും യൂറോപ്പിലേയും വൻകിട ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയെ കുറിച്ചുള്ള ആശങ്കയാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമെന്നാണ് ഐ.എം.എഫിന്റെ വിലയിരുത്തൽ. പക്ഷേ, അനിവാര്യമായ ഈ തകർച്ചയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകാൻ ലോകത്തിലെ ഒരു സാമ്പത്തിക ശാസ്ത്രജ്ഞനും കഴിഞ്ഞില്ല എന്നതാണ് പരമാർത്ഥം. ഇത്തരം തകർച്ചകൾ സംഭവിച്ചുകഴിഞ്ഞതിനുശേഷമാണ് സാമ്പത്തിക, രാഷ്ട്രീയ വിദഗ്ദ്ധർ എന്നു കരുതുന്നവർ അതിനെക്കുറിച്ച് വാതോരാതെ സംസാരിക്കാനും പ്രതിസന്ധി മറികടക്കാനുള്ള ആലോചനകളിൽ ഏർപ്പെടാനും ആരംഭിക്കുന്നത്. ഭൗതികമായ ദൃഷ്ടികളിലൂടെ മാത്രം ലോകം നോക്കിക്കാണുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

കമ്മ്യൂണിസ്റ്റ് സാമ്പത്തിക ക്രമവും ഭരണക്രമവും തകർന്നടിയാൻ പോവുകയാണെന്ന് അത് സംഭവിക്കുന്നതുവരെ ഇവർക്കാർക്കും പറയാൻ കഴിഞ്ഞിരുന്നില്ല. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ശേഷം മാത്രമാണ് കമ്മ്യൂണിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ തകർച്ചയെ സംബന്ധിച്ച് ഭൗതിക സാമ്പത്തിക, രാഷ്ട്രീയ വിദഗ്ദ്ധർ സംസാരിക്കാനാരംഭിച്ചതുതന്നെ. ഇപ്പോൾ തകർച്ചയിലേക്ക് നീങ്ങുന്ന മുതലാളിത്ത വ്യവസ്ഥക്ക് ബദലായി സൃഷ്ടിച്ച ഭരണകൂടങ്ങളും വ്യവസ്ഥകളും മുതലാളിത്തം തകരുന്നതിന് മുമ്പേതന്നെ തകർന്നുപോവുകയാണുണ്ടായത്.

പക്ഷേ, ഈ തകർച്ചകളൊക്കെ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ്(റ) വളരെ മുമ്പേതന്നെ പ്രവചിച്ചിട്ടുള്ളതാണ്. 1942-ൽ പുതിയ ലോകക്രമം എന്ന വിഷയത്തെ അധികരിച്ച് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പ്രവചിക്കുകയുണ്ടായി. "കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി തകരാൻ തുടങ്ങുമ്പോൾ അതിന്റെ വീഴ്ച പെട്ടെന്നായിരിക്കുന്നതും അതു വലുതായ കുഴപ്പത്തിനു കാരണമായിരിക്കുന്നതുമാണ്. അത് തകരാൻ തുടങ്ങുമ്പോൾ മുഴുവൻ സംവിധാനവും തകർന്നു തരിപ്പണമാവുകയെന്നതാവും ഫലം.'' 1950-കളിൽ അദ്ദേഹം അമേരിക്കൻ ജനതയ്ക്കായി നൽകിയ ഉപദേശങ്ങളും അതിനെ തുടർന്നെഴുതിയ ചില ലഘുലേഖകളും ഉൾപ്പെടുന്ന 'കമ്മ്യൂണിസമോ ഡെമോക്രസിയോ' എന്ന കൃതിയിൽ 1946-ൽ അദ്ദേഹം കണ്ട ഒരു ദർശനം വിശദീകരിച്ചുകൊണ്ട് ഇങ്ങനെ എഴുതി.

"1946-ന്റെ ഏതാണ്ട് മധ്യത്തിൽ ഞാനൊരു ദർശനം കണ്ടു. അതിതായിരുന്നു. ഒരു മല ഞാൻ കണ്ടു. അതിന് മൂന്ന് ശിഖിരങ്ങളുണ്ടായിരുന്നു. മധ്യത്തിൽ 'റഷ്യ'യും തെക്കുള്ളതിൽ അമേരിക്കയും വടക്കേതിൽ ഇംഗ്ലണ്ടും നിന്നിരുന്നു. അവിടെ എന്തോ ഒരു സമരം നടക്കുകയാണെന്നു തോന്നി. ഇതിനിടയിൽ അമേരിക്കയും ഇംഗ്ലണ്ടും റഷ്യക്കുനേരെ നിറയൊഴിച്ചു. പക്ഷേ, റഷ്യക്ക് യാതൊരൂനവും തട്ടിയില്ല. ഇംഗ്ലണ്ട് പിന്നെ ഞാൻ സഹായിക്കണമെന്നോണം എന്റെ നേരെ തിരിഞ്ഞു. ഞാൻ റഷ്യയുടെ നേരെ വെടിവെച്ചു ഒരു ഫലവുമുണ്ടായില്ല. റഷ്യ പിന്നീട് ശിഖിരത്തിൽ നിന്നിറങ്ങി ഓട്ടം തുടങ്ങി. ഞാൻ പിന്തുടർന്നോടി അവളെ കടന്നുപിടിച്ചു. റഷ്യ എന്റെ നേരെ തിരിഞ്ഞുനിന്നു പറഞ്ഞു. നിങ്ങൾക്കെന്നെ എത്രയെങ്കിലും വെടിവെയ്ക്കാം. എന്നാൽ, എന്റെ സമയമെത്തുന്നതിന് മുമ്പ് എന്നെ നശിപ്പിക്കാനാവില്ല. ഞാൻ പലതവണ അവളുടെനേരെ വെടിവെച്ചു. അവളുടെ ശരീരത്തിനുള്ളിൽ ഉണ്ടകളെല്ലാം അപ്രത്യക്ഷമാകുന്നതല്ലാതെ അവൾക്ക് യാതൊരു പരിക്കും ഏറ്റില്ല. പിന്നീട് അവർ പോയ്ക്കളഞ്ഞു.

ഇതോടനുബന്ധിച്ച് മറ്റനേകം ദർശനങ്ങളും എനിക്കുണ്ടായിട്ടുണ്ട്. ആദ്യത്തിൽ റഷ്യക്കെതിരായിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നിഷ്പ്രയോജനങ്ങളായിരിക്കുമെന്നും, എന്നാൽ, ഒടുവിൽ എന്റേയും എന്റെ അനുയായിവൃന്ദത്തിന്റേയും പ്രാർത്ഥനയുടെ ഫലമായി ദൈവം റഷ്യൻ ശക്തിയെ നശിപ്പിക്കുമെന്നും അവ സൂചിപ്പിക്കുന്നു.

കമ്മ്യൂണിസത്തിന്റെ നാശം ദൈവം വിധിച്ചുകഴിഞ്ഞിട്ടുള്ളതാണെന്നും പക്ഷേ, ആയത് ഭൗതികമാർഗ്ഗത്തിലേതിനേക്കാൾ ആത്മീയമാർഗ്ഗത്തിലാണ് സംഭവിക്കുകയെന്നും ആണ് ഈ ദർശനങ്ങൾ വെളിപ്പെടുത്തിത്തരുന്നത്. (*കമ്മ്യൂണിസമോ ഡമോക്രസിയോ പേ. 2,3, വിവ: എൻ. അബ്ദുർറഹീം*)

മേൽകാണിച്ച ദീർഘദർശനം എങ്ങനെ പുലർന്നുവെന്നത് ലോകം കണ്ടുകഴിഞ്ഞതാണ്. അമേരിക്കയ്ക്കും സഖ്യകക്ഷികൾക്കും എതിരായി ശക്തമായി നിലകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് റഷ്യയും അവരുടെ ചേരിയും ലോകത്ത് ഒരു വൻശക്തിയായി തന്നെയാണ് അവസാനംവരെ നിലകൊണ്ടിരുന്നത്. സോവിയറ്റ് ശക്തിക്കെതിരെ ഒന്നും ചെയ്യാൻ പാശ്ചാത്യശക്തികൾക്കായില്ല. പക്ഷേ, അവസാനം അവർ തകരുകതന്നെ ചെയ്തു. അതെ അല്ലാഹുവിന്റെ ഖലീഫയുടെയും അദ്ദേഹത്തിന്റെ അനുയായിവൃന്ദത്തിന്റേയും പ്രാർത്ഥനകൾ ദൈവം കേട്ടു. എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ടാണ് കമ്മ്യൂണിസം തകർന്നടിഞ്ഞത്.

1975-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ മൂന്നാം ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റഹ്) ലോക അഹ്മദിയ്യാ സമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു. "സ്നേഹിതന്മാർ എന്റെ വാക്കുകൾ ഓർമ്മവെച്ചുകൊൾവിൻ! നൂറ്റാണ്ടുകൾക്കപ്പുറത്തുള്ള കാര്യങ്ങളല്ല ഞാൻ പറയുന്നത്. ഏതാനും ദശകങ്ങൾക്കൊണ്ടു തന്നെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയും ലോകത്തുനിന്ന് തിരോധാനം ചെയ്യും. (***സത്യദൂതൻ, 1976 ജൂൺ ലക്കം***)

പിന്നെ രണ്ടു ദശകങ്ങൾക്കകംതന്നെ സോവിയറ്റ് യൂനിയൻ ഇല്ലാതായി. കാർഷിക വ്യാവസായിക രംഗങ്ങളിൽ വമ്പൻ തിരിച്ചടികളേറ്റ കമ്മ്യൂണിസ്റ്റ് റഷ്യക്ക് ആ വ്യവസ്ഥിതിതന്നെ കയ്യൊഴിക്കേണ്ടിവന്നു.

പിന്നീട് ലോകത്ത് മുതലാളിത്ത വ്യവസ്ഥിതിയുടെ ഏകാധിപത്യമായ സ്വാധീനമാണ് കണ്ടത്. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പിന്തുടർന്ന രാജ്യങ്ങൾ തകരുകയോ, മുതലാളിത്വത്തിലേക്ക് മാറുകയോ ചെയ്തു. ചൈനയെപോലുള്ളവ അമേരിക്കയുടെ സാമ്പത്തിക സംവിധാനം പിന്തുടരാനാണ് തയ്യാറായത്. ഇത് മുതലാളിത്തത്തിന്റെ ശക്തി വർദ്ധിപ്പിക്കുകയും അമേരിക്കക്ക് ബദലായി മറ്റൊരു ശക്തി ലോകത്തില്ലാതായി തീരുന്നതിനും കാരണമായി.

പലിശയിൽ അടിസ്ഥാനമാക്കി കെട്ടിപ്പടുത്തതാണ് ഇന്ന് നിലനിൽക്കുന്ന മുതലാളിത്ത സമ്പദ്വ്യവസ്ഥ. പലിശ സമ്പ്രദായം സമ്പന്ന മുതലാളിമാരുടെ അനിയന്ത്രിതമായ വളർച്ചക്ക് ഇടവയ്ക്കുകയും സാധാരണക്കാരുടെ സാമ്പത്തിക വളർച്ചയെ മുരടിപ്പിക്കുകയും ചെയ്യുന്നു. പലിശ ഇനത്തിൽ വരുന്ന വരുമാനത്തിൽ അത്യാർത്തി മൂത്ത മുതലാളിത്തത്തിന്റെ അപോസ്തലന്മാരുടെ ചെയ്തികളാണ് ഇന്നത്തെ സാമ്പത്തികത്തകർച്ചക്ക് അടിസ്ഥാനമായിട്ടുള്ളത്. പലിശയിലൂടെ ജനങ്ങളുടെ പോക്കറ്റടിച്ച് വളർന്ന ബാങ്കുകളാണ് ഇപ്പോൾ തകരുന്നത്. അമേരിക്കയിലേയും ബ്രിട്ടനിലേയും മറ്റുമുള്ള ഇത്തരം ബാങ്കുകളെ രക്ഷിക്കുന്നതിനും ജനങ്ങളെതന്നെയാണ് മുതലാളിത്ത വർഗ്ഗം പിഴിയുന്നത്. ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തേണ്ട പണമെടുത്ത് തകർന്ന ബാങ്കുകളെ രക്ഷിക്കാനുള്ള സഹായധനം കൊടുക്കുന്ന തിരക്കാണിപ്പോൾ. മുതലാളിത്തത്തെ രക്ഷിക്കാൻ മുതലാളിത്തവാദികൾ സോഷ്യലിസം കൊണ്ടുവരാനും തയ്യാറായിരിക്കുകയാണ്.

പലിശ വരുമാനം കൂടുതൽ നേടുന്നതിന് ബാങ്കുകൾ യാതൊരു നിയന്ത്രണവുമില്ലാതെ വായ്പകൾ നൽകാൻ തുടങ്ങിയത് സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുകയുണ്ടായി. ആർഭാടമായി ജീവിക്കുന്നതിനുള്ള ജനങ്ങളുടെ ആഗ്രഹം ബാങ്കുകൾ മുതലെടുക്കുകയായിരുന്നു. തിരിച്ചടവിനുള്ള കഴിവ് പരിശോധനക്ക് വിധേയമാക്കാതെ എന്തിനും ഏതിനും ഉദാരമായി വായ്പകൾ അനുവദിക്കുന്ന ഒരു നയമാണ് ഈ മുതലാളിത്ത ബാങ്കുകളുടെ അധികാരികൾ പിന്തുടർന്നുവന്നത്. ആഢംബരവീടുകളും കാറുകളും വായ്പകളിലൂടെ കൈവശപ്പെടുത്താൻ അതുമൂലം സാധാരണക്കാർവരെ തയ്യാറായി. ഇത്തരത്തിൽ നൽകപ്പെട്ട വായ്പകൾ തിരിച്ചടക്കാനാവാതെ ജനം വലയുന്നതും നാം കാണുന്നു. സമ്പത്ത് വാരിക്കൂട്ടാനുള്ള മനുഷ്യന്റെ ആർത്തിക്കു പിന്നിൽ വിവിധ പ്രേരകങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഈ ധനക്കൊതിയുടെ പ്രേരകങ്ങളെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ) സവിസ്തരം തന്റെ ഒരു ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു.

"ആഹ്ലാദപ്രകടനങ്ങൾ, കളിതമാശകൾ എന്നിവയ്ക്കും ചൂതുകളി, ഊഹക്കച്ചവടം, വാതുവെപ്പ് തുടങ്ങിയ വിനോദങ്ങൾക്കുമുള്ള ആർത്തിയാണ് സമ്പത്ത് വാരിക്കൂട്ടാനുള്ള മനുഷ്യന്റെ ആഗ്രഹത്തിനുള്ള ഒരു പ്രേരകം. ധാരാളിത്തത്തിന്നിടയിൽ വിശ്രമിക്കാനുള്ള മോഹമാണ് മറ്റൊന്ന്. മനോഹരങ്ങളായ നാനാതരം വസ്ത്ര വിഭൂഷകൾ വിലപിടിച്ച ഭോജ്യങ്ങൾ എന്നിവയ്ക്ക് വേണ്ടിയുള്ള ഭ്രമവും ഇവയുടെയെല്ലാം ഉടമയായി അറിയപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള മോഹവും ആളുകൾക്കുണ്ടാകുന്നു...." (ഇസ്ലാമിലെ സമ്പദ്വ്യവസ്ഥയും, കമ്മ്യൂണിസവും, പേ-65,66, വിവ: എൻ.അബ്ദുർറഹിം)

1945-ൽ ലാഹോറിൽ വെച്ചു ചെയ്ത മേൽപ്രഭാഷണത്തിലെ വാക്കുകൾ എത്ര മനോഹരമായാണ് ഇപ്പോൾ പുലർന്നുകൊണ്ടിരിക്കുന്നത്. ഇന്നത്തെ ലോകത്തിന്റെ അവസ്ഥ അപഗ്രഥനം ചെയ്യുമ്പോൾ ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നതാണ്. ഒരു കടിഞ്ഞാണുമില്ലാത്ത മുതലാളിത്തവ്യവസ്ഥ ഉൽപാദന, നിർമ്മാണ മേഖലകളെ വിസ്മരിച്ചിരിക്കുന്നു. ഉല്പാദനം വഴി ധനം ആർജ്ജിക്കുന്ന കമ്പനികളുടെ സ്ഥാനത്ത് ഊഹക്കച്ചവടത്തിലൂടെയും ഓഹരി വിപണനത്തിലൂടെയും മറ്റു ചൂതാട്ട മാർഗ്ഗങ്ങളിലൂടെയും പണം സമ്പാദിക്കുന്ന കമ്പനികളെത്തി. ധാർമ്മിക മൂല്യങ്ങൾ ഇവിടെ പാടെ വിസ്മരിച്ചിരിക്കുകയാണ്. സാമ്പത്തികമായി കൂടുതൽ കരുത്താർജ്ജിക്കാനുള്ള അത്യാഗ്രഹത്തിനാണ് മുതലാളിത്തവ്യവസ്ഥയിൽ സ്ഥാനമുള്ളത്. ഓഹരി കമ്പോളങ്ങളിൽ നടക്കുന്നത് തികച്ചും ഊഹത്തിന്റെ അടിസ്ഥാനത്തിലുള്ള കച്ചവടമാണ്. യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപതീരുമാനങ്ങളെടുക്കുന്നതിനു പകരം ജനങ്ങൾ വെറും ഊഹത്തിന്റെ പിന്നാലെ പോവുകയാണിന്ന്. തങ്ങൾ നിക്ഷേപിക്കുന്ന കമ്പനിയുടെ സാമ്പത്തികസ്ഥിതിയോ ഉൽപാദനശേഷിയോ നിക്ഷേപകർ

അറിയുന്നില്ല. ഇങ്ങനെ പണം മുടക്കിയവരാണ് ഇപ്പോൾ വെട്ടിലായിരിക്കുന്നത്. ചുരുക്കത്തിൽ ഇപ്പോൾ ലോകസാമ്പത്തിക രംഗത്തിന്റെ നിയന്ത്രണം ഓഹരി ക്കമ്പോളത്തിനാണുള്ളത്.

പലിശക്കൊതി മൂത്ത ബാങ്കുകൾ ഊഹക്കച്ചവടം ഓഹരിവിപണനം തുടങ്ങിയ ചൂതാട്ടത്തിന്റെ പരിധി യിൽ വരുന്ന കാര്യങ്ങൾക്ക് വായ്പകൾ വാരിക്കോരി നൽകിയതിലൂടെ ഉരുത്തിരിഞ്ഞ ഇപ്പോഴത്തെ സാമ്പ ത്തിക പ്രതിസന്ധി വളരുകയാണ്. സ്ഥിരതയ്ക്കും സുരക്ഷിതത്ത്വത്തിനും പേരുകേട്ട പല ബാങ്കുകളും കെണിയിൽ വീണുകഴിഞ്ഞിരിക്കുന്നു. നിക്ഷേപക രുടെ ഇഷ്ടബാങ്കായ സ്വിസ് ബാങ്കുപോലും പ്രതിസ ന്ധിയിൽനിന്നും കരകയറാനുള്ള ശ്രമത്തിലാണി പ്പോൾ. പല സർക്കാരുകളും അവരുടെ ബാങ്കുക ളേയും അതുവഴി മുതലാളിത്ത വ്യവസ്ഥിതിയേയും നിലനിറുത്താനുള്ള തത്രപ്പാടിൽ കോടികൾ സഹാ യധനമായി നൽകിക്കൊണ്ടിരിക്കുന്നു. ആഗോളതല ത്തിൽ നിലനിൽക്കുന്ന ദാരിദ്ര്യം ഇല്ലാതാക്കാൻ ഒരു ചില്ലിക്കാശുപോലും ത്യജിക്കാൻ തയ്യാറല്ലാത്ത സർക്കാരുകളാണ് മുതലാളിത്ത വമ്പന്മാരെ രക്ഷി ക്കാൻ രംഗത്ത് എത്തിയിട്ടുള്ളത്.

ഇതൊക്കെ വിളിച്ചോതുന്നത് മുതലാളിത്തത്തോട് വിടപറയാനുള്ള സമയം അടുത്തിരിക്കുന്നുവെന്നാണ്. ലോകം മറ്റൊരു സമ്പദ്വ്യവസ്ഥയെയാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. കാരണം ഭൗതികലോകം വിശ്വാ സമർപ്പിച്ച രണ്ടു തത്ത്വങ്ങളും സമാധാനപരമായ ജീവിതം നയിക്കുന്നതിന് പര്യാപ്തമല്ലായെന്നുള്ള വീണ്ടുവിചാരമാണ്. ലോകത്ത് വളരുന്ന അരാചക ത്വത്തിനും മറ്റു വിധ്വംസക പ്രവർത്തനങ്ങൾക്കു പോലും സാമ്പത്തിക അസമത്വം കാരണമാകുന്നുവെ ന്നത് ഒരു പരമാർത്ഥമാണ്. ഇത്തരം പ്രവർത്തനങ്ങ ളിൽ ഏർപ്പെടുന്നവരുടെ ജീവിത പശ്ചാത്തലം പഠന വിധേയമാക്കിയാൽ അത് ബോധ്യപ്പെടുന്നതുമാണ്. തൊഴിലും വരുമാനവുമില്ലാത്തവരെ പണംകൊടുത്ത് മോഹിപ്പിച്ചാണ് ഇത്തരം പ്രവർത്തനത്തിന് പാകപ്പെ ടുത്തുന്നത്. ഇവിടെയാണ് ഇസ്‌ലാമിക സമ്പദ്വ്യവ സ്ഥയുടെ പ്രാധാന്യം ഏറിവരുന്നത്.

ഇനി വരുന്നത് ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയുടെ കാലഘട്ടമാണ്. അതുകൊണ്ടുതന്നെയാണ് ഇസ്‌ലാ മിന്റെ ഈ കാലഘട്ടത്തിലെ ഖലീഫ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) വസിയ്യത്ത് വ്യവ സ്ഥിതിയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുള്ളത്. 2004 ആഗസ്റ്റ് 1ന് യു.കെ. സമ്മേളനത്തിലാണ് ലോക അഹ്മദികളോട് വസിയ്യത്ത് വ്യവസ്ഥിതിയിൽ അംഗ ങ്ങളാകാൻ അദ്ദേഹം ആഹ്വാനം ചെയ്തിട്ടുള്ളത്. ലോകത്തെ വിജയത്തിന്റേയും അഭിവൃദ്ധിയുടേയും മാർഗ്ഗത്തിലൂടെ ചരിപ്പിക്കാനുള്ള ഒരു പുതുസംവി ധാനം നടപ്പിൽ വരുത്തേണ്ട സമയം സമാഗതമായി രിക്കുന്നുവെന്നാണ് അന്നദ്ദേഹം പറഞ്ഞത്. തീർച്ച യായും ഇന്നത്തെ പ്രതിസന്ധി ദൈവം മുൻകൂട്ടി തന്നെ ഹുസൂറിന് അറിയിച്ചിട്ടുണ്ടാകും. 2004-ൽ ഈ സംവിധാനം വ്യാപകമാക്കേണ്ടതിന്റെ സാഹചര്യം അന്ന് ലോകത്തിൽ കാണാനുണ്ടായിരുന്നില്ല എന്ന താണ് വസ്തുത. അന്നുമുതൽ ഇപ്പോഴത്തെ പ്രതി സന്ധി വരുന്നതുവരെ ലോകം മുതലാളിത്ത സമ്പ ദ്വ്യവസ്ഥയുടെ കീഴിൽ ഊറ്റം കൊള്ളുകയായിരു ന്നു. ഇപ്പോൾ രംഗം വ്യക്തമായിക്കഴിഞ്ഞു.

ഖലീഫമാർ അവരുടെ കാലഘട്ടത്തിന്റെ സാഹച ര്യങ്ങളനുസരിച്ച് ഇസ്‌ലാമികാധ്യാപനങ്ങളുടെ വ്യാഖ്യാനങ്ങൾ നൽകിപ്പോന്നിട്ടുണ്ട്. ഭൗതിക പദ്ധതി കളിൽ ന്യൂനതകളുണ്ടെന്നും അതിനു പകരമായുള്ള അന്യൂനമായ സംവിധാനമാണ് കാലത്തിന്റെ ഇമാം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുന്നോട്ടുവെച്ച പദ്ധതി യെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് (റ) പറഞ്ഞിട്ടുണ്ട്. അദ്ദേഹം തന്റെ നിസാമെനൗ എന്ന ഗ്രന്ഥത്തിൽ പറയുന്നു. "ജനങ്ങൾ തങ്ങൾക്കൊരു പുതിയ സംവിധാനം ആവശ്യമുണ്ടെന്ന് മുറവിളികൂ ട്ടുന്നകാലം വളരെ സമീപസ്ഥമാണ്. അപ്പോൾ നാലു ഭാഗത്തുനിന്നും ശബ്ദങ്ങൾ ഉയരാൻ തുടങ്ങും. വരു വിൻ, ഞങ്ങൾ നിങ്ങളുടെ മുമ്പിൽ പുതിയ പദ്ധതി സമർപ്പിക്കാം. റഷ്യയും പറയും, വരുവിൻ ഞാൻ നിങ്ങൾക്ക് നവലോകക്രമം നൽകാം. ഇന്ത്യയും പറയും ഞാൻ ഒരു നവലോകക്രമം തരാമെന്ന്. ജർമ്മ നിയും ഇറ്റലിയും പറയും ഞങ്ങൾ ഒരു നവലോക ക്രമം നൽകാമെന്ന്. അമേരിക്കയും ഇതുതന്നെ പറ യും. ആ സമയത്ത് എന്റെ സ്ഥാനത്തുള്ള വ്യക്തി ഖാദിയാനിൽ നിന്ന് പറയും നവലോകക്രമം അൽവ സിയ്യത്തിൽ അടങ്ങിയിരിക്കുന്നു. ലോകം വിജയത്തി ന്റേയും അഭിവൃദ്ധിയുടേയും വഴികളിലൂടെ ചരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള ഒരേയൊരു മാർഗ്ഗം, അൽവസിയ്യത്ത് സമർപ്പിക്കുന്ന സംവിധാനത്തെ ലോകത്ത് നടപ്പിൽ വരുത്തുകയാണ് (പേജ്: 117).

അത് കാലം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ലോകം കമ്യൂണിസത്തേയും മുതലാളിത്ത ത്തേയും തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. തങ്ങ ളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ഇതൊന്നും പര്യാപ്തമല്ലെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. അപ്പോഴാണ് ഖാദിയാനിൽനിന്നുള്ള ശബ്ദം ഒരി ക്കൽകൂടി ലോകം കേട്ടത്. ലോകത്തിന്റെ ഇന്നത്തെ ആവശ്യങ്ങൾ പരിഹരിക്കാനുള്ള ഒരു സമഗ്രപദ്ധതി യാണിത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നിസാമെ നൗൽ 1942-ൽ ഇപ്രകാരം പറയുകയുണ്ടായി.

"വസിയ്യത്തിന്റെ നിസാം പൂർത്തിയാകുമ്പോൾ പ്രചാരണ പ്രവർത്തനങ്ങൾ മാത്രമല്ല അതുമുഖേന നടക്കുക. മറിച്ച്, ഇസ്‌ലാമിക അധ്യാപനത്തിലധിഷ്ഠി തമായി ഓരോരുത്തരുടേയും ആവശ്യങ്ങൾ പൂർത്തീ കരിക്കപ്പെടുന്നതാണ്. ദുഃഖങ്ങളും ദുരിതങ്ങളും ലോകത്തുനിന്ന് വിപാടനം ചെയ്യുന്നതാണ് (ഇൻശാ അല്ലാഹ്) അനാഥർ യാചിക്കേണ്ടിവരില്ല. വിധവകൾ

അന്യർക്ക് മുന്നിൽ കൈനീട്ടേണ്ടിയും വരില്ല. നിർധനർ പ്രയാസപ്പെട്ട് അലയേണ്ടിവരില്ല. കാരണം വസിയ്യത്ത് കുട്ടികൾക്ക് മാതാവും യുവാക്കൾക്ക് പിതാവുമായിരിക്കും. അത് സ്ത്രീകൾക്ക് ഭർത്താവുമായിരിക്കും. യാതൊരു ബലാൽക്കാരവുമില്ലാതെ സഹോദരൻ സഹോദരനെ സ്നേഹത്തോടെയും മനസംതൃപ്തിയോടെയും ഇതിലൂടെ സഹായിക്കുന്നതാണ്. അവർ കൊടുക്കുന്നത് നിഷ്ഫലമായിരിക്കുകയില്ല. മറിച്ച്, കൊടുക്കുന്ന ഓരോരുത്തർക്കും അല്ലാഹുവിൽ നിന്ന് തക്കപ്രതിഫലം ലഭിക്കുന്നതാണ്. ധനികനും, ദരിദ്രനും നഷ്ടത്തിലാവുകയില്ല. സമൂഹങ്ങൾ തമ്മിൽ വഴക്കടിക്കുകയില്ല. മറിച്ച്, അതിന്റെ ഔദാര്യങ്ങൾ മുഴുലോകത്തും വ്യാപിക്കുന്നതാണ്" (നിസാമെനൗ, പേ:130).

സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാനുള്ള യാതൊരു ഉപായവും തങ്ങളുടെ പക്കലില്ലായെന്ന് അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ഒന്നിച്ച് പറയുമ്പോൾ അതിനു പരിഹാരം വസിയ്യത്തിലധിഷ്ഠിതമായ ഇസ്ലാമിക സമ്പദ് വ്യവസ്ഥയല്ലാതെ മറ്റെന്തുണ്ട്? ലോകം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ●

---

പേജ് - 9 - ൽ

പകർ കണക്കുകൂട്ടുന്നത്. ആ മഹാത്മാവ് ഒരിക്കലും തെറി പറഞ്ഞതല്ല ഇത്. മറിച്ച് അല്ലാഹുവിന്റെ ഒരു പ്രഖ്യാപനം വിളംബരപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇക്കൂട്ടർ തങ്ങളുടെ പ്രവർത്തനം കാരണമായി അല്ലാഹുവിൽനിന്നും അകന്നവരാണെന്ന് പറയുകയാണ് ചെയ്യുന്നത്. ഒരു ജഡ്ജിക്ക് ഒരാളുടെ കുറ്റം തെളിഞ്ഞാൽ ആറുമാസംവരെ ജയിലിലിടാൻ വിധിക്കാവുന്നതാണ്. ഈ ശിക്ഷ നൽകിയതിനെ എല്ലാവരും അംഗീകരിക്കും. കാരണം ജഡ്ജിക്ക് വിധിക്കാനുള്ള അധികാരമുണ്ട്. ഇതുപോലെ അല്ലാഹു ശാപം വർഷിക്കാൻ അധികാരം നൽകിയവരുണ്ട്. പ്രവാചകന്മാർ ആത്മീയ ജഡ്ജിമാരാണ്. കുറ്റവാളികളെ കുറ്റവാളികളെന്ന് പറയാനുള്ള അധികാരം അവർക്കാണുള്ളത്. അതിനാൽ അവർ ആരിലെങ്കിലും ശാപം ചൊരിയുന്നുണ്ടെങ്കിൽ അത് നിയമപ്രകാരമാണ് ശപിക്കുന്നത്. ഇത് രണ്ടും വലിയ അന്തരമായി നാം മനസ്സിലാക്കേണ്ടതാണ്. ●

---

പേജ് 21- ൽ നിന്ന്

കാലഘട്ടമാകുന്നു ഇത്. പവിത്രീകരണത്തിനുള്ള നബി(സ) തിരുമേനിയുടെ മാർഗ്ഗം കൈയ്യൊഴിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, പ്രവാചകത്വത്തിന്റെ കാലം പുനരുജ്ജീവിപ്പിക്കണമെന്നും സന്മാർഗ്ഗവും പരിശുദ്ധിയും പുനഃസ്ഥാപിക്കണമെന്നും സർവ്വശക്തനായ ദൈവം ഇപ്പോൾ ഇച്ഛിക്കുന്നു. അതുകൊണ്ടാണ് അവൻ ഈ പ്രസ്ഥാനത്തിന് രൂപം നൽകുകയും ഈ പ്രസ്ഥാനം മുഖേന വിനഷ്ടമായ ആ സത്യം ലോകത്ത് തിരിച്ചുകൊണ്ടുവരാൻ ഉദ്ദേശിക്കുകയും ചെയ്തിരിക്കുന്നത്" (പ്രഭാഷണങ്ങൾ, പേ: 21,22).

'ഖിലാഫത്തെ റാശിദ'യുടെ ഈ പുനഃസ്ഥാപിത രൂപത്തെ പരിരക്ഷിക്കുന്നതിനും എന്നെന്നും നിലനിൽക്കുന്നതിനുമായി വാഗ്ദത്ത മസീഹ്(അ) അൽവസിയ്യത്ത് എന്ന മഹത്തായ മറ്റൊരു പരിശുദ്ധ സംവിധാനം കൂടി മുന്നോട്ടു വെക്കുകയുണ്ടായി. ഖിലാഫത്ത് നിലനിർത്തുന്നതിന് വിശ്വാസിവൃന്ദത്തിന്നുണ്ടാകേണ്ട ഗുണങ്ങളിൽ നമസ്ക്കാരത്തിനുശേഷം രണ്ടാമതായി വിശുദ്ധഖുർആൻ പറഞ്ഞ 'സക്കാത്ത്' അഥവാ ധനത്യാഗത്തെക്കുറിച്ചുള്ള ആഹ്വാനത്തിന്റെ അടിസ്ഥാനത്തിലാണ് വാഗ്ദത്ത മസീഹ് ഈ സംവിധാനം മുന്നോട്ടുവച്ചത്. എന്തെന്നാൽ, ധനത്യാഗം പവിത്രീകരണത്തിനുള്ള ഒരു മാർഗ്ഗമാകുന്നു. അങ്ങനെ അവൽവസിയ്യത്ത് സംവിധാനവും ഖിലാഫത്ത് സംവിധാനവും ഒന്ന് മറ്റൊന്നിനു പകരമായി നിലകൊള്ളണമെന്നാണ് ആ മഹാത്മാവ് ഉദ്ദേശിച്ചത്.

നബി(സ) തിരുമേനിയുടെ പ്രവാചകത്വം എല്ലാവർക്കും എല്ലാ കാലത്തേക്കും ഉള്ളതാണെന്നതുപോലെ ഖിലാഫത്തെ റാശിദയുടെ പുനരുദയവും മുഴുവൻ മനുഷ്യർക്കുമായി എന്നെന്നേക്കുമുള്ളതാണ്. എന്തെന്നാൽ, ഇസ്ലാമിനെ സംബന്ധിച്ചുള്ള ശത്രുക്കളുടെ വ്യാജമായ ആഹ്ലാദങ്ങളെ തകർക്കുന്നതിന് പ്രവാചകത്വത്തെത്തുടർന്നുള്ള സന്മാർഗ്ഗ ഖിലാഫത്തിന്റെ പുനരുദയം അനിവാര്യമാണ്. അതുകൊണ്ടാണ് തന്റെ അനുചരന്മാരെ സംബോധന ചെയ്തുകൊണ്ട് വാഗ്ദത്ത മസീഹ്(അ) അൽവസിയ്യത്ത് എന്ന കൃതിയിൽ ഇപ്രകാരം ഉണർത്തിയത്:

"അല്ലയോ പ്രിയപ്പെട്ടവരെ, എതിരാളികളുടെ നിരർത്ഥകമായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി ദൈവം തന്റെ സനാതന നടപടിയനുസരിച്ച് രണ്ടുവിധത്തിലുള്ള ദിവ്യശക്തികൾ പ്രകടമാക്കുന്നു. തന്റെ ഈ സനാതനമായ നടപടിക്രമത്തെ ഇനി ഉപേക്ഷിച്ചുകളയുക സംഭവ്യമല്ല. അതുകൊണ്ട് ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരും മനഃക്ലേശമുള്ളവരും ആകരുത്. എന്തെന്നാൽ, നിങ്ങളും രണ്ടാമത്തെ ദിവ്യതേജസ്സിനെ ദർശിക്കേണ്ടത് അനിവാര്യമാകുന്നു. നിങ്ങൾക്ക് ഗുണകരമാണ് അതിന്റെ ആഗമനം. എന്തുകൊണ്ടെന്നാൽ, അത് ശാശ്വതവും അന്ത്യനാൾവരെ നിലനിൽക്കുന്നതുമാണ്. ഞാൻ പോകാഞ്ഞാൽ ദ്വിതീയ ദിവ്യശക്തി വരികയില്ല. എന്നാൽ, ഞാൻ പോയാലോ, അല്ലാഹു നിങ്ങൾക്കുവേണ്ടി രണ്ടാം ദിവ്യശക്തി അയക്കുകയും 'ബറാഹീനെ അഹ്മദിയ്യ'യിലെ അല്ലാഹുവിന്റെ വാഗ്ദാനം അനുസരിച്ച് ഇതെപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്യും" (അൽവസിയ്യത്ത്, പേ. 8,9). ●

ലേഖനം

എ.ക്യു. മഹ്ദി

# ഹദ്റത്ത് അഹ്മദ്(അ)മായിബന്ധപ്പെട്ട ചില കോടതിരംഗങ്ങൾ

സത്യവാദികൾക്ക് അല്ലാഹു വാഗ്ദത്തം ചെയ്ത വിവിധാനുഗ്രഹങ്ങളിൽ തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുവാനും പ്രസ്ഥാനം വിജയപൂർവ്വം നടത്തിക്കൊണ്ടുപോകുന്നതിനും വേണ്ട ആരോഗ്യവും, ആയുസ്സും ഒപ്പം ധനവും ഉൾപ്പെടുന്നു. ഈ അനുഗ്രഹങ്ങളൊക്കെ സർവ്വശക്തനിൽ നിന്നും നിർലോഭം ലഭിച്ചുകൊണ്ടിരുന്നതിൽ ഹസ്രത്ത് അഹ്മദ്(അ) ദൈവത്തെ സ്തുതിക്കുകയും, ഈ വരദാനങ്ങളെ ഒരത്ഭുതമായി വിവരിക്കുകയും ചെയ്തിരുന്നു.

ക്രിസ്തീയ പാതിരിയായ മാർട്ടിൻ ക്ലാർക്കിന് ഹദ്റത്ത് അഹ്മദ്(അ) നെതിരേയുള്ള വധോദ്യമക്കേസ്സിൽ ഉണ്ടായ അപമാനകരമായ പരാജയവും തിരിച്ചടിയും എതിരാളികളെയൊന്നാകെ വല്ലാതെ തളർത്തിക്കളഞ്ഞിരുന്നുവെങ്കിലും വീണ്ടും അഹ്മദുൽ ഖാദിയാനിയെ ഏതുവിധത്തിലെങ്കിലും ദ്രോഹിക്കുവാനും ഉപദ്രവിക്കാനും അവർ ഓരോ വഴികൾ ആലോചിച്ചുകൊണ്ടിരുന്നു. ഏതെങ്കിലും തരത്തിൽ ആ മഹാത്മാവിനെ അപകീർത്തിപ്പെടുത്തുകയും ഭരണാധികാരികളുടെ ദൃഷ്ടിയിൽ ഒരു കുറ്റവാളിയാക്കി ചിത്രീകരിക്കുവാനുമാണ് ശത്രുക്കൾ കരുക്കൾ നീക്കിയത്. ശത്രുഗണം തല പുകഞ്ഞാലോചിച്ച്, ഒടുവിൽ, ഹുസൂറിന് നാനാതുറകളിലൂടെ ലഭ്യമായിക്കൊണ്ടിരുന്ന സാമ്പത്തിക സഹായങ്ങളുടെ നേർക്കാണ് അവർ കണ്ണുനട്ടത്. എന്തൊക്കെ ചെയ്തിട്ടും, എത്രയൊക്കെ ശ്രമിച്ചിട്ടും, ആ ധനാഗമമാർഗ്ഗം തടയാനവർക്ക് കഴിഞ്ഞുമില്ല. ഇതിനകം ശത്രുക്കളുടെ പരാജയം നിറഞ്ഞ ഒരു സ്വകാര്യദുഃഖമായി മാറിക്കഴിഞ്ഞിരുന്നു ഇത്.

തന്റെ വരുമാനസ്രോതസുകളെക്കുറിച്ച് ഹുസൂർ ഒരു ഗ്രന്ഥത്തിൽ പറഞ്ഞത് ഇപ്രകാരമാണ്.

"എനിക്കു സാമ്പത്തികാവശ്യം നേരിടുമ്പോഴൊക്കെ കുറച്ചു പണം ലഭിക്കുവാൻ പോകുന്നുവെന്ന വിവരം വെളിപാടു മുഖേനയോ, ജാഗ്രദർശം മൂലമോ അല്ലാഹു എന്നെ അറിയിക്കുമായിരുന്നു. മറ്റു ചിലപ്പോൾ ഈ അറിയിപ്പാകട്ടെ, ഒരു നിശ്ചിത തിയതിക്ക് ഒരു പ്രത്യേക വ്യക്തിമുഖേന സംഖ്യ വന്നുചേരുന്നതാണ് എന്ന മട്ടിലുള്ളതായും. ഇതിന് ഖാദിയാനിലെ ചില ഹിന്ദുസഹോദരന്മാരും നിരവധി മുസ്ലിം സുഹൃത്തുക്കളും സാക്ഷികളാണ്. ഏതാനും ആഴ്ചകൾ എന്നോടൊപ്പം താമസിക്കുന്ന ആർക്കും ഇതു യാഥാർത്ഥ്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു."

തന്റെ ആദ്യകാല നിസ്സഹായതയെയും അക്കാലത്ത് അനുഭവപ്പെട്ടിട്ടുള്ള സാമ്പത്തികക്ലേശങ്ങളെയും പിൽക്കാലത്തുണ്ടായ സുസ്ഥിതിയെയും പറ്റി അദ്ദേഹം ഇങ്ങിനെ എഴുതിയിട്ടുണ്ട്.

"അക്കാലത്ത് ഞങ്ങളുടെ ജീവിതച്ചെലവുകളും മറ്റും നിർവ്വഹിക്കപ്പെട്ടിരുന്നത് പിതാവിന്റെ വരുമാനത്തെ ആശ്രയിച്ചു മാത്രമായിരുന്നു. പുറംലോകത്തുള്ളവർക്കൊന്നും എന്നെ അറിഞ്ഞുകൂടായിരുന്നുവല്ലൊ. ഖാദിയാൻപോലുള്ള ഒരു ചെറിയ ഗ്രാമത്തിൽ തികച്ചും വിസ്മൃതിയിൽ കഴിഞ്ഞുകൂടിയ ഒരു ഏകാന്തപ്രിയനായിരുന്നു ഞാനന്ന്. പിന്നെ ദൈവം അവന്റെ വാഗ്ദത്തപ്രകാരം ഒരു പുതിയ ലോകത്തെ എനിക്കു കാട്ടിത്തരികയും വിജയങ്ങൾക്കുമേൽ വിജയം നൽകി, എല്ലാരംഗങ്ങളിലും പ്രത്യേകിച്ചും സാമ്പത്തികമായിപ്പോലും എന്നെ സഹായിക്കാൻ സംവിധാനം ഒരുക്കുകയും ചെയ്തു. ഈ അത്ഭുതകരമായ അനുഗ്രഹങ്ങൾക്ക് ഞാൻ ദൈവത്തോട് എങ്ങിനെ നന്ദിപ്രകാശിപ്പിക്കും. എന്നുപോലും എനിക്കറിയില്ല.''

ഹദ്റത്ത് അഹ്മദ്(അ)ന്റെ സാമ്പത്തികസ്രോതസുകൾക്ക് ഒരുതരത്തിലും വിഘാതം സൃഷ്ടിക്കാൻ തങ്ങൾക്കാവുന്നില്ല എന്നു വന്നപ്പോൾ, അസൂയാലുക്കളായ ശത്രുക്കൾ അദ്ദേഹത്തെപ്പറ്റി റവന്യൂഡിപ്പാർട്ട്മെന്റിലേയ്ക്ക് പരാതികളയക്കുകയും ആദായനികുതിക്കു വിധേയമായ വമ്പിച്ച വരുമാനമുണ്ടായിരിക്കെ അദ്ദേഹം നികുതി നൽകുന്നില്ല എന്ന് കുറ്റപ്പെടുത്തുകയും ചെയ്തു. കപടഭക്തിക്കാരായ ശാസ്ത്രികളും പരീശന്മാരും യേശുമിശിഹായെപ്പറ്റി, കൈസറിന് കരം കൊടുക്കാതിരുന്നുവെന്നു കുറ്റാരോപണം നടത്തിയപോലെ, വാഗ്ദത്ത മസീഹിനെയും ശത്രുക്കൾ കുറ്റാരോപണത്തിന്റെ മുൾമുനയിൽ നിർത്താനൊരുമ്പെട്ടു.

റവന്യൂഡിപ്പാർട്ട്മെന്റിലെ ബന്ധപ്പെട്ട ഒരു ഉയർന്ന ഉദ്യോഗസ്ഥൻ തങ്ങൾക്കനുകൂലമായുണ്ടെന്ന ധാർഷ്ട്യത, ശത്രുക്കൾക്ക് ഈ പരാതി നൽകൽ വിഷയത്തിൽ ആവേശവും പ്രചോദനവും നൽകി. ശത്രുക്കൾ ആഗ്രഹിച്ചതുപോലെ തന്നെ ആ ഹിന്ദു ഉദ്യോഗസ്ഥൻ ഹുസൂറിനെതിരെ പക്ഷപാതപരമായി പെരു

മാറുകയും, അദ്ദേഹത്തിന്റെ വാർഷികവരുമാനം 7200 രൂപയായി നിജപ്പെടുത്തിക്കൊണ്ട് 167രൂപ 8 അണ ആദായനികുതി ചുമത്തുകയും ചെയ്തു. ഒരു നൂറ്റാണ്ടിനു മുമ്പുള്ള 7200 രൂപയും, ഈ 167 രൂപ 8 അണയുമൊക്കെ ഇന്നത്തെ നിലയ്ക്ക് വളരെ വലിയമൂല്യമുള്ള തുകകളായിരുന്നുവെന്നോർക്കണം.

ഈ അസ്സസ്മെന്റിനെതിരെ 1898 ജൂൺ 20-ന്, ഹസൂർ തഹസീൽദാർക്ക് അപ്പീൽ സമർപ്പിച്ചു. വക്കീൽ ശേഖ് അലി അഹ്മദ് ആയിരുന്നു ഹുസൂറിനുവേണ്ടി ഹാജരായത്.

ഒന്നുരണ്ടു മാസങ്ങൾ കടന്നുപോയി. ആഗസ്ത് മാസത്തിൽ ഒരുനാൾ ഹസൂർ സ്വശിഷ്യന്മാരോടൊപ്പം പള്ളിയിൽ- മസ്ജിദ് മുബാറക്- ഇരുന്ന് കണക്കുകൾ പരിശോധിച്ചു കൊണ്ടിരിക്കെ അദ്ദേഹത്തിനൊരു കശ്ഫ് - ജാഗ്രദർശനം- ഉണ്ടായി.

ഒരു കസേരയിൽ അധികാരഭാവത്തിൽ ഇരുന്ന ഹിന്ദു റവന്യൂ ഓഫീസർ അപ്രത്യക്ഷനാവുകയും, തൽസ്ഥാനത്ത് ഒരു മുസ്ലീം ഉദ്യോഗസ്ഥൻ ആസനസ്ഥനാവുകയും ചെയ്തതായിട്ടാണ് അദ്ദേഹം ആ ആത്മദർശനത്തിൽ കണ്ടത്. ഈ ദർശനത്തെപ്പറ്റിയും കേസിൽ കൈവരാനിരിക്കുന്ന വിജയത്തെകുറിച്ചും അപ്പോൾതന്നെ അവിടെ സന്നിഹിതരായിരുന്ന ശിഷ്യന്മാരെ അദ്ദേഹം അറിയിക്കുകയും നിലവിലുള്ള തഹസിൽദാർ സ്ഥലം മാറിപ്പോയി, പകരം മറ്റൊരു റവന്യൂ ഉദ്യോഗസ്ഥൻ വരുന്നതാണെന്നു പ്രവചിക്കുകയും ചെയ്തു. തദവസരത്തിൽ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) ഉൾപ്പടെ ഏറ്റവും അടുത്ത അഞ്ചു ശിഷ്യന്മാർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ഏതാനും ദിവസങ്ങൾക്കകം ശത്രുപക്ഷക്കാരനായ ആ ഹിന്ദു തഹസിൽദാർ സ്ഥലം മാറിപ്പോവുകയും പകരം മിയാൻ താജുദ്ദിൻ എന്ന പേരുള്ള ഒരു ഓഫീസർ ആ സ്ഥാനത്തുവരികയും ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട് അദ്ദേഹം ആഗസ്ത് 15നു ഖാദിയാൻ സന്ദർശിച്ചു ഹുസൂർ തിരുമനസ്സിന്റെ സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുകയുണ്ടായി. കൂടാതെ, ഹുസൂറിന്റെ ശിഷ്യന്മാരടക്കം 13 പേരിൽനിന്നും തെളിവെടുക്കുകയും ചെയ്തു.

തന്റെ സ്വകാര്യവരുമാനം സ്വന്തം ചെലവുകൾക്ക് ധാരാളമാണെന്നും, മറ്റാരുടെയും ഒരു ചില്ലിക്കാശു പോലും തനിക്കാവശ്യമില്ലെന്നും അദ്ദേഹം തഹസീൽദാർക്കു നൽകിയ സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കി. പരമ്പരാഗതമായി ലഭിച്ച രണ്ടുമൂന്നു ഗ്രാമങ്ങളുടെ ന്യായയുക്തമായ കരം പിരിവുനുള്ള അവകാശം തനിക്കുണ്ടെന്നും അദ്ദേഹം അറിയിച്ചു. അവയിലൂടെയുള്ള വരവിനുപുറമെ, ഭൂസ്വത്തിൽനിന്നും കൃഷിഭൂമികളിൽ നിന്നുമൊക്കെ കൃത്യമായി വരുമാനങ്ങൾ ലഭിക്കുന്നുണ്ട്. ഇവയല്ലാതെ തനിക്കു മറ്റൊരു പുറം വരുമാനവും ഇല്ല എന്നും അദ്ദേഹം ബോധിപ്പിച്ചു. തന്റെ അനുയായികളിൽനിന്നുള്ള വരുമാനം വർഷത്തിൽ 5200 രൂപയുണ്ട്. ഈ വരുമാനം മുഴുവൻ വിവിധവകുപ്പുകളിലായി ചെലവു ചെയ്യുന്നു. അതിഥികാര്യാലയത്തിന്റെ (ലങ്കർഖാന) ചിലവാണ് അവയിൽ പ്രധാനപ്പെട്ടത്. ലങ്കറിനു വേണ്ടിവരുന്ന ധാന്യമാവിന്റെ കൃത്യമായ അളവും വിലയും മറ്റും അതു വിതരണം ചെയ്യുന്ന കച്ചവടക്കാരോട് ചോദിച്ചു തിട്ടപ്പെടുത്താവുന്നതാണെന്നും അദ്ദേഹം അറിയിച്ചു. അതിഥിമന്ദിര നിർമ്മാണം, സ്കൂളിലേയ്ക്കുള്ള ചെലവുകൾ ഇവയും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രിന്റിങ്ങ് പ്രസ്സ്, പുസ്തക അച്ചടി, ലഘുലേഖകങ്ങളും പുസ്തകങ്ങളും അയക്കുന്ന തപാൽകൂലി ഇവ ഉൾപ്പെടുന്ന ദീൻകാര്യത്തിനാണ് തന്റെ മുഴുവൻ വരുമാനവും ചെലവഴിക്കുന്നതെന്നും, തനിക്ക് എവിടെയും ഒരു ധനനിക്ഷേപം ഇല്ലെന്നും അദ്ദേഹം സമർപ്പിച്ച കണക്കുകളിലൂടെ തഹസിൽദാർക്ക് വിശദീകരിച്ചുകൊടുത്തു.

തഹസിൽദാർ മിയാൻ താജുദ്ദീൻ സാഹിബിനെ ഹുസൂറിന്റെ പ്രതിവർഷ വരുമാന/ചെലവുകളുടെ സത്യസന്ധവും സുതാര്യവുമായ കണക്കുകളും രേഖകളും അത്ഭുതപ്പെടുത്തി.

അദ്ദേഹം ഹദ്റത്ത് അഹ്മദ്(അ)ന്റെ വരുവുചെലവിനങ്ങളുടെ ഒരു സമ്പൂർണ്ണറിപ്പോർട്ട് ഡെപ്യൂട്ടി കമ്മീഷണർക്ക് സമർപ്പിക്കുകയും, ഹുസൂറിനുമേൽ ചുമത്തപ്പെട്ട ഈ ആദായനികുതി നിലനിൽകുന്നതല്ല എന്നു വിധിക്കുകയും ചെയ്തു.

മതപരമായ കാര്യങ്ങൾക്കായി സ്വന്തം അനുയായികളിൽ നിന്നുള്ള വരുമാനം ഏകദേശം 5200 രൂപയോളമാണെന്നാണ് അദ്ദേഹം സ്റ്റേമെന്റ് കൊടുത്തത്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഈ സംഖ്യ ഇന്ന് കോടിക്കണക്കിനായാണ് വർദ്ധിച്ചിരിക്കുന്നത്.

അങ്ങനെ ഹദ്റത്ത് അഹ്മദ്(അ)നെ തേജോവധം ചെയ്യാനുള്ള ശത്രുക്കളുടെ ഈ ശ്രമവും പരാജയപ്പെട്ടു. യഥാർത്ഥത്തിൽ, ഈ കണക്കു പരിശോധനകൾ ആ പുണ്യാത്മാവിന്റെ സത്യസന്ധതയേയും ത്യാഗബുദ്ധിയേയും ഭക്തിയാദരവുകളേയും ഉയർത്തിക്കാട്ടാനാണ് ഉപകരിച്ചത്.

ഈ സംഭവങ്ങൾ നാലു വർഷങ്ങൾക്കുശേഷം അദ്ദേഹം എഴുതി, 'മാസത്തിൽ കേവലം പത്തുറുപ്പികപോലും എടുക്കാൻ കഴിയാത്ത ഒരു കാലമുണ്ടായിരുന്നു ഒരിക്കലെനിക്ക്. എന്നാൽ, മൺതരിയോളം താണവനെ ഔന്നത്യത്തിലേയ്ക്ക് ഉയർത്തുന്നവനും, ഔന്നത്യമുള്ളവനെ മണ്ണോടു താഴ്ത്തിക്കളയുന്നവനുമായ ആ രാജാധിരാജൻ എന്റെ രക്ഷയ്ക്കെത്തി. ഈ കാലത്തിനിടയിൽ ഏതാണ്ട് മൂന്നു ലക്ഷമോ അതിലധികമോ ഉറുപ്പിക എനിക്ക് കിട്ടിയിട്ടുണ്ടെന്ന് ഉറപ്പിച്ചു പറയാൻ കഴിയും - (110 വർഷം മുമ്പുള്ള ആ മൂന്നു ലക്ഷം രൂപയുടെ മൂല്യം ഊഹാതീതമാണ്, ഇന്നത്തെ നിലയ്ക്ക് അത് കോടികൾ വരും).

1897 ജനുവരി 28ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാ

നി(അ) പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിലൂടെ ക്രിസ്തീയ വൈദികരുടെ മുമ്പിൽ മറ്റൊരു ഉദാഹരണം നൽകപ്പെട്ടു. യേശുവിന്റെ പ്രവചനങ്ങളെയും അത്ഭുതാടയാളങ്ങളെയും അപേക്ഷിച്ച് തന്റെ പ്രവചനങ്ങളും ദൃഷ്ടാന്തങ്ങളും ആധിക്യത്തിലും ഗാംഭീര്യത്തിലും മുന്തിനിൽക്കുന്നുവെന്നും, അപ്രകാരമല്ലെന്നു തെളിയിച്ചുകാണിക്കുന്ന ഏതൊരു ക്രിസ്തീയ വൈദികനും ആയിരം ഉറുപ്പിക സമ്മാനമായി നൽകുന്നതാണെന്നും അദ്ദേഹം ആ വിജ്ഞാപനത്തിൽ പറഞ്ഞിരുന്നു.

ഈ വിജ്ഞാപനത്തിന്റെ ഏകദേശം 4000 പ്രതികൾ അച്ചടിച്ച് ഇൻഡ്യയിലെ പ്രശസ്തരായ എല്ലാ പാതിരിമാർക്കും രജിസ്റ്റർ ചെയ്തുകൊടുക്കുകയും ചെയ്തു. ഒരൊറ്റ ക്രൈസ്തവ പുരോഹിതനും ഈ വെല്ലുവിളി സ്വീകരിക്കാൻ തയ്യാറായില്ല, ധൈര്യപ്പെട്ടുമില്ല.

ക്രിസ്ത്യാനികളാരും മുമ്പോട്ടുവരാൻ ധൈര്യപ്പെടാതിരുന്നപ്പോൾ, അസ്ഗർ ഹുസൈൻ എന്ന ഒരു മുസ്‌ലിം പണ്ഡിതൻ മാത്രം അതിനു ധൈര്യം കാട്ടി. അയാൾ ഗുർഗാവൻ കോടതിയിൽ, ഹദ്റത്ത് അഹ്മദ്(അ) നെതിരെ ഒരു കേസ് ഫയൽ ചെയ്തു. ലാലാ ജ്യോതി പ്രസാദ് ആയിരുന്നു ഗുർഗാവൻ കോടതിയിലെ ജഡ്ജി.

താൻ മിർസാ സാഹിബിന്റെ ആഹ്വാനം സ്വീകരിച്ചുവെന്നും, താനും, ഈസാ മസീഹിന്റെ ഒരനുയായിയാണെന്നും അസ്ഗർ ഹുസൈൻ അവകാശപ്പെട്ടു. മസീഹ്(അ) വാഗ്ദാനം ചെയ്ത ആയിരം ഉറുപ്പിക ഇനാം സംഖ്യ തനിക്കു നൽകാൻ കൽപിക്കണമെന്നതായിരുന്നു കോടതിയോടുള്ള അയാളുടെ അപേക്ഷ.

കോടതിയുടെ സമൻസ് ഹുസൂറിനു കിട്ടി. ഹദ്റത്ത് അഹ്മദ്(അ) നേരിട്ട് ഹാജരാകുന്നതിനു പകരം തന്റെ മൂന്നു പ്രിയശിഷ്യന്മാരെയാണ് കോടതിയിലേയ്ക്കയച്ചത്.

കോടതി കൂടിയപ്പോൾ ഒരത്ഭുതമുണ്ടായി. ജഡ്ജി ലാലാ ജ്യോതിപ്രസാദ്, അസ്ഗർ ഹുസൈന്റെ ഹർജി വിചാരണക്കുപോലും എടുക്കാതെ തള്ളികളയുകയാണ് ചെയ്തത്. ആ ന്യായാധിപൻ വളരെ വിചിത്രതരമായ ഒരു വിവരംകൂടി പുറത്തുവിട്ടു. അത് ഹുസൂർ തിരുമനസ്സിന്റെ ശത്രുക്കളെപ്പോലും അമ്പരപ്പിക്കുകയുണ്ടായി. ഇതായിരുന്നു അദ്ദേഹം പറഞ്ഞ വാക്കുകൾ. "ഹദ്റത്ത് അഹ്മദിനെ ഒന്നു നേരിൽ കാണണമെന്ന് എനിക്ക് വളരെ ആഗ്രഹമുണ്ടായിരുന്നു. അതിനൊരവസരം കാത്തുകഴിയുമ്പോഴാണ് എനിക്കുമുമ്പിൽ ഈ ഹരജി വന്നത്. ഇതുതന്നെ അവസരം എന്നു കരുതി മാത്രമാണ് അദ്ദേഹത്തിനു ഞാൻ സമൻസയച്ചത്. കോടതിയിൽ അദ്ദേഹം സമാഗതനായിട്ടില്ലാത്ത ഈ സാഹചര്യത്തിൽ അദ്ദേഹത്തെ കാണാൻ കഴിയാത്ത നിരാശയോടെയാണെങ്കിലും ഞാൻ നടപടികൾ നീട്ടിക്കൊണ്ടുപോകാതെ തള്ളുകയാണ്.''

താൻ ഒരു ഇംഗ്ലീഷ് ന്യായാധിപനു മുമ്പാകെ തെളിവു നൽകിക്കൊണ്ടിരിക്കുന്നതായും എന്നാൽ, നിയമപ്രകാരം തന്നെക്കൊണ്ട് കോടതി സത്യം ചെയ്യിക്കുകയുണ്ടായില്ലെന്നും 1897 ഒക്ടോബർ ആദ്യത്തിൽ ഹുസൂർ തിരുമനസ്സിന് ഒരു ദർശനമുണ്ടായി. തുടർന്നുണ്ടായ മറ്റൊരു സ്വപ്നത്തിൽ ഒരു ശിപായി കോടതി സമൻസുമായി വന്നിരിക്കുന്നതായും കണ്ടു. ഈ ദർശനങ്ങൾ പള്ളിയിലുണ്ടായിരുന്ന ശിഷ്യന്മാർക്കു വിവരിച്ചുകൊടുത്തപ്പോൾ പുതിയൊരു കോടതിക്കേസ്സിന്റെ യാതൊരു സൂചനയും അപ്പോഴുണ്ടായിരുന്നില്ല.

ദിവസങ്ങൾക്കു ശേഷമാണത്, ഒരു ശിപായി കോടതി സമൻസുമായി വന്നെത്തി. ഇപ്പോഴത്തെ സമൻസിൽ ഹുസൂർ പ്രതിസ്ഥാനത്തല്ല, സാക്ഷിയായിട്ടാണ്. ഭാവൽപൂർ നവാസിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മൗലവി റഹീം ബക്ശ്, ലാബോറിലെ 'നാസിമുൽ ഹിന്ദ്' പത്രാധിപർ സയ്യിദ് നാസിം ഹുസൈൻ തന്റെ ഭാഗത്തെ ന്യായം തെളിയിക്കാൻ വിശ്വസ്തനായ ഒരാളെന്ന നിലയിൽ ഹദ്റത്ത് അഹ്മദ്(അ)നെ അന്യായഭാഗം സാക്ഷിയാക്കിയിരുന്നതിനാൽ അതിനുവേണ്ടി കോടതിയിൽ ഹാജരാകാനായിരുന്നു സമൻസ്.

തുർക്കി സ്ഥാനപതി ഹുസൈൻ കാമിയുടെ ഖാദിയാൻ സന്ദർശനത്തെ തുടർന്ന് ഹുസൂറിനെതിരെ അതിശക്തവും ക്രൂരവുമായ ദുഷ്പ്രചാരണങ്ങളിലേർപ്പെട്ടുകൊണ്ട് തന്റെ പത്രം വഴി ബഹുജനങ്ങളെ ഇളക്കിവിടാൻ ശ്രമിച്ച ആളായിരുന്നു. 'നാസിമുൽ ഹിന്ദി'ന്റെ പത്രാധിപർ, എങ്കിൽപ്പോലും ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസന്ധതയിലും ശ്രേഷ്ഠഗുണങ്ങളിലും വിശ്വാസമർപ്പിച്ച പത്രാധിപർ അദ്ദേഹത്തിന്റെ സാക്ഷ്യം തന്റെ രക്ഷയ്ക്കാവശ്യമെന്നു കരുതുകയായിരുന്നു. ചില അസൗകര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും, എല്ലാം അവഗണിച്ചു ഹുസൂർ കോടതിയിൽ ഹാജരാവുന്നതിനായി മുൽത്താനയിലേയ്ക്ക് യാത്ര പുറപ്പെടുകയും ചെയ്തു.

കോടതിനടപടികൾ ആരംഭിച്ച നിയമമനുസരിച്ച് കോടതിയിൽ മൊഴി കൊടുക്കുന്നവർ അതിനുമുമ്പ് താൻ പറയുന്നത് യാഥാർത്ഥ്യം തന്നെയെന്ന് സത്യം ചെയ്യേണ്ടതുണ്ട്. ഇത് ലോകത്ത് എവിടെയും കോടതി നടപടികളിൽ ഉൾപ്പെട്ട ഒന്നാണ്. ഇവിടെ, സത്യം ചെയ്യിക്കൽ തീർത്തും അനിവാര്യമായിരുന്നിട്ടും, ഹുസൂറിന്റെ വിഷയത്തിൽ അങ്ങനെ ചെയ്യിക്കാതെ, കോടതി അദ്ദേഹത്തിന്റെ മൊഴികൾ രേഖപ്പെടുത്തുകയായിരുന്നു. കാരണമെന്തെന്നോ, തീർത്തും അസാധാരണമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സത്യം ചെയ്യിക്കുന്ന വിഷയത്തിൽ എങ്ങനെയോ മറവി പറ്റിപ്പോയിരുന്നു. സ്വപ്നദർശനത്തിലൂടെ അല്ലാഹു തന്റെ ദാസനെ അറിയിച്ചതും അതുതന്നെയായിരുന്നു. ●

ഈജാസ്

# ത്യാഗത്തിന്റെ സൗരഭ്യം പരത്തുന്ന ചരിത്രപ്പുറങ്ങൾ

ചരിത്രപഠനം മനുഷ്യസമൂഹത്തിന്റെ പുരോയാനത്തിനുള്ള പ്രചോദകമാണ്. ഭൂതകാലത്തെക്കുറിച്ചുള്ള പഠനം മാത്രമല്ല ചരിത്രം, അത് ഭാവിയുടെ ബലതന്ത്രം കൂടിയാണ്. വിശുദ്ധഖുർആൻ നൽകുന്ന ശാസ്ത്രീയവും സർവ്വാശ്ലേഷകവുമായ ചരിത്രദർശനത്തിന്റെ സന്ദേശവും ഇതാണ്. ചരിത്രഗവേഷണം മുസ്ലിംകളുടെ മുഖമുദ്രയായിരുന്നു. ചരിത്രദർശനത്തിന് മഹത്തായ സംഭാവനകൾ സമർപ്പിച്ചവരാണ് മുസ്‌ലിംകൾ. ബ്രിട്ടീഷ് തത്ത്വചിന്തകനായ റോബർ ഫ്‌ളിന്റിന്റെ അഭിപ്രായത്തിൽ 'ഇബ്നുഖൽദുൽ' ആണ് എക്കാലത്തെയും അതുല്യനായ ചരിത്രതത്ത്വജ്ഞൻ. ലോകചരിത്രത്തിന് മുഖവുരയെഴുതിയ 'ഇബ്നുഖൽദൂ'ന്റെ ലോകപ്രശസ്തമായ 'മുഖദ്ദിമമയെ ഇന്നേവരെ രചിക്കപ്പെട്ടതിൽ ഏറ്റവും മഹത്തായ ചരിത്രതത്വശാസ്ത്രകൃതിയായാണ് ചരിത്രകാരനായ ആർനോൾഡ് ജെ. ടോയൻബി വിശേഷിപ്പിച്ചത്.

മനുഷ്യരുമായി ബന്ധപ്പെട്ട ഭൂതകാല സംഭവങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളും, വിശകലനങ്ങളും മാത്രമല്ല, മനുഷ്യവംശത്തെ ബാധിക്കുന്ന എല്ലാ പഠനങ്ങളും ചരിത്രമാണ്. അങ്ങനെനോക്കുമ്പോൾ പ്രപഞ്ചത്തിന്റെ വികാസപരിണാമങ്ങളെകുറിച്ചുള്ള പഠനങ്ങൾപോലും ചരിത്രത്തിന്റെ ഭാഗമാണ്. 20-ാം നൂറ്റാണ്ടിലെ ഫ്രഞ്ച് ചരിത്രകാരനായ ഫെർനാൻഡ് ബ്രോഡൻ സാമ്പത്തികശാസ്ത്രത്തെയും നരവംശശാസ്ത്രത്തെയും ഭൂമിശാസ്ത്രത്തെയുമെല്ലാം ആഗോളചരിത്രപഠനത്തിന്റെ ഭാഗമായിട്ടാണ് കണ്ടത്. ആധുനിക ചരിത്രവിശാരദൻമാരെല്ലാം ചരിത്രത്തെ സാമൂഹ്യശാസ്ത്രത്തിന്റെ ഗണത്തിലാണ് പെടുത്തുന്നത്. ഇറ്റാലിയൻ ചരിത്രകാരനായ ബെനെഡെറ്റോ ക്രോസിയുടെ അഭിപ്രായത്തിൽ എല്ലാ ചരിത്രവും സമകാലീനചരിത്രമാണ്. അങ്ങനെ ചരിത്രം ഭൂതകാലത്തിന്റെ സ്മരണകളിലൂടെ നമ്മെ വർത്തമാനകാലത്തിലേയ്ക്ക് വഴിനടത്തുന്ന അദ്ധ്യാപകനാണ്. ചരിത്രബോധമില്ലാത്ത ഒരു ജനതയ്ക്കും വിജയിക്കാനാവില്ല. അതുകൊണ്ടാണ് സ്വന്തം സമുദായത്തെക്കുറിച്ചുള്ള ചരിത്രബോധമില്ലാത്തെ ജനതയ്ക്ക് പുരോഗതിപ്പെടാനാവില്ലെന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഓർമ്മിപ്പിച്ചത്.

ചരിത്രബോധം പ്രദാനം ചെയ്യുന്ന ഏതൊരു ശ്രമവും ഇസ്ലാമികസമൂഹത്തിൽ ശ്ലാഘനീയവും പ്രശംസനീയവുമാണ്. അഹ്മദിയ്യാചരിത്രഗവേഷകനായ മദാർ അബ്ദുശ്ശക്കൂർ രചിച്ച 'കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം' എന്ന കൃതി ഇക്കാര്യത്തിലുള്ള ഏറ്റവും ശ്രദ്ധേയമായ കാൽവെപ്പാണ്. പഴയ തലമുറയിലെ അഹ്മദികളുടെ ത്യാഗപൂർണ്ണമായ ജീവിതങ്ങളെക്കുറിച്ചുള്ള സ്മരണികയെന്നതിലുപരി അഹ്മദിയ്യാ ജമാഅത്തിന്റെ സത്യത്തിലേക്കുള്ള മലയാളത്തിന്റെ ചരിത്രസാക്ഷ്യം കൂടിയാണ് ഈ ചരിത്രഗ്രന്ഥം.

ഇസ്‌ലാം, മുഹമ്മദ്നബി(സ) തിരുമേനിയുടെ പരിശുദ്ധജീവിതകാലത്തുതന്നെ പ്രചരിച്ചനാടാണ് കേരളം. ഇസ്‌ലാമിന്റെ പുനരുജ്ജീവനരുപമായ അഹ്മദിയ്യത്തും വടക്കൻ കേരളത്തിൽ, മലബാറിൽ വാഗ്ദത്തമസീഹ്(അ)ന്റെ ജീവിതകാലത്തുതന്നെ വേരൂന്നുകയുണ്ടായി. ശക്തമായ ഒരു മുസ്‌ലിം രാജസ്വരൂപത്തിന്റെ നേതൃത്വത്തിൽ നടന്ന എതിർപ്പുകൾക്കിടയിലുള്ള പ്രക്ഷുബ്ധമായ ആ വേരോട്ടത്തിന്റെ വിവിധ രംഗാവിഷ്ക്കാരങ്ങളാണ് മദാർ അബ്ദുശ്ശക്കൂർ സാഹിബ് നമുക്ക് വിവരിച്ചുതരുന്നത്. ഒരു നിർദ്ദിഷ്ട കാലഘട്ടത്തിന്റെയും അതിന് സാക്ഷിയാവാൻ ഭാഗ്യം സിദ്ധിച്ച ചിലരുടെയും ജീവിതപരിത്യാഗങ്ങളുടെ രേഖാചിത്രങ്ങൾ മാത്രമേ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ഇതൊരു സമ്പൂർണ്ണ ചരിത്രഗ്രന്ഥമല്ലെന്നും വിശദമായ ചരിത്രരചനയ്ക്ക് ഉപയോഗപ്പെടുത്താവുന്ന ഒരു റഫറൻസ് മാത്രമാണിതെന്നും ആമുഖത്തിൽ ഗ്രന്ഥകർത്താവ് പറയുന്നുണ്ട്.

കണ്ണൂരിൽനിന്നുതുടങ്ങി പഴയങ്ങാടി, കൂടാളി, കോഴിക്കോട് എന്നിവിടങ്ങളിലൂടെ എതിർപ്പിന്റെ തീക്കനലുകൾ കടന്നാണ് അഹ്മദിയ്യാ ജമാഅത്ത് ഇന്ന് കേരളത്തിൽ സുശക്തവും ആദരണീയവുമായ ഒരു ആത്മീയപ്രസ്ഥാനമായി വളർന്നത്. അദൃശ്യമായ ഒരു നിയോഗത്തിന്റെ അടിയൊഴുക്കുപോലെയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഗർഭഗൃഹമായി കണ്ണൂർ തിരഞ്ഞെടുക്കപ്പെട്ടതെന്നു ഗ്രന്ഥകാരൻ സമർത്ഥിക്കുന്നുണ്ട്. കേരളത്തിലെ ഏക മുസ്‌ലിം രാജവംശം എന്ന നിലയിൽ മുസ്‌ലിം പ്രതാപത്തിന്റെ വീര്യം പേറുന്ന

അറക്കൽ രാജസ്വരൂപമാണ് അഹ്മദിയ്യാ ജമാഅത്തിനെ ഇവിടെനിന്നു തുടച്ചുനീക്കാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകിയത്. അവർ അഴിച്ചുവിട്ട സാമൂഹ്യബഹിഷ്ക്കരണങ്ങളെയും മർദ്ദനങ്ങളെയും അഹ്മദികൾ അതിജീവിച്ചതെങ്ങനെയെന്നതിന്റെ ചിത്രീകരണമാണ് ഈ ഗ്രന്ഥം അനാവരണം ചെയ്യുന്നത്. ത്യാഗത്തിന്റെ ആത്മസൗരഭ്യം വിടർത്തുന്ന വാക്കുകളിലൂടെ ഗ്രന്ഥകർത്താവ് ഇതു നമ്മോടു പറഞ്ഞുതരുന്നു: 'അദ്ധ്യാത്മിക ജ്യോതിർഗ്ഗോ'ളമായ ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രഭാവലയത്താൽ ആകൃഷ്ടരായി സകലതും സമർപ്പണം ചെയ്ത ആമുൻഗാമികൾ രക്തവും വിയർപ്പും കണ്ണീരും വീഴ്ത്തി നനച്ചുവളർത്തിയ അഹ്മദിയ്യത്തിന്റെ ചെടിയാണ് ഇന്ന് കേരളത്തിലാകെ തഴച്ചു വളർന്നുകൊണ്ടിരിക്കുന്നത്' (പേ.91). 'അഗ്നിപരീക്ഷണങ്ങളുടെ കൊടും ചൂടിലകപ്പെട്ട അഹ്മദികൾക്ക് കണ്ണൂരിന്റെ മണ്ണിൽനിന്നും അഹ്മദിയ്യത്ത് എന്നെന്നേയ്ക്കുമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടേക്കുമോ എന്നുപോലും തോന്നിപ്പോയെങ്കിലും സാത്വികരും സത്യനിഷ്ഠരുമായ ആദ്യകാല അഹ്മദികളെ അല്ലാഹു പരീക്ഷണങ്ങളുടെ നൂൽപാലത്തിലുടെ നടത്തിക്കുകയും വിശ്വാസ ദാർഢ്യത്തിന്റെ അഗ്നിയിൽ വേവിച്ചെടുത്ത് ശുദ്ധീകരിക്കുകയുമായിരുന്നു' (പേ. 95).

അറക്കൽ രാജസ്വരൂപം ആസൂത്രണംചെയ്തതനുസരിച്ച് 1909-ൽ രാജസദസ്സിൽവച്ച് മഹാനായ ഇ. അബ്ദുൽ ഖാദർകുട്ടി സാഹിബ്(റഹ്), ചാലിലകത്ത് മുഹമ്മദ് ഹാജി മുസല്യാരുമായി നടത്തിയ വാദപ്രതിവാദത്തോടെയാണ് സംഘടിതമായ എതിർപ്പുകളുടെ ചരിത്രം ആരംഭിക്കുന്നത്. വാദവിവാദം പുരോഗമിക്കുമ്പോൾ പുറത്ത് ആയിരക്കണക്കിനാളുകൾ തടിച്ചുകൂടി നിൽക്കുകയായിരുന്നു. ഇതിനുശേഷമാണ് അറക്കൽ കൊട്ടാരത്തിൽനിന്നും 13 ആദ്യകാല അഹ്മദികൾക്കെതിരെ കുപ്രസിദ്ധമായ സാമൂഹ്യബഹിഷ്ക്കരണം പ്രഖ്യാപിക്കപ്പെട്ടത്. അതോടെ അഹ്മദികളുടെ ജീവിതം ദുർഭരമായി. ആ സംഭവം മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബി(റഹ്)ന്റെ വാക്കുകളിൽ ഗ്രന്ഥകർത്താവ് വിവരിക്കുന്നുണ്ട്. കേരളത്തിലെ അഹ്മദിയ്യാ ചരിത്രത്തിലെ നാഴികക്കല്ലുകളായി നിലകൊള്ളുന്ന ഒട്ടേറെ ചരിത്രസംഭവങ്ങളും നമുക്കിതിൽ വായിക്കാൻ കഴിയും.

വാഗ്ദത്തമസീഹ്(അ)ന്റെ പ്രശസ്തരായ ചില സഹാബിമാരുടെ 1919-ൽ ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ)യുടെയും 1925-ൽ ഹദ്റത്ത് ഹാഫിസ് റോശൻ അലിസാഹിബ്(റ)ന്റെയും 1927-ൽ ഹസ്രത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെയും 1934-ൽ ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് ബീഹാരി(റ)യുടെയും- കേരള സന്ദർശനത്തിന്റെ ഹൃദയംഗമമായ സ്മരണകൾ നമുക്കിതിൽ അയവിറക്കാം.

അക്കാലത്തെ മുസ്ലിം ഗുണ്ടകളുടെ പതിവുവിളയാട്ടങ്ങളുടെ ചില നേർക്കാഴ്ചകൾ ഗ്രന്ഥകാരൻ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. ഒരു ചോരക്കുഞ്ഞിനെ മറവുചെയ്യാനായി അഹ്മദികളെ സഹായിക്കാൻചെന്ന ഒറ്റക്കാരണത്താൽ ഫൈസ് മുഹമ്മദ് കുഞ്ഞി എന്ന യുവാവിന് ഒരു ശത്രുവീരന്റെ അടിയേറ്റു പിടയേണ്ടിവന്നത്, അബ്ദുൽ ഖാദർകുട്ടി സാഹിബിന്റെ കുടുംബക്കാർക്ക് സാധനങ്ങൾ വിറ്റതിന് കുട്ടിമാപ്പിളകത്ത് ആഖാ സാഹിബിനെ ഒരു ശത്രുമൂപ്പൻ അങ്ങാടിപ്പിള്ളേരെക്കൊണ്ട് ഉപദ്രവിച്ചത്, കണ്ണൂർ ടൗണിൽ സാധനങ്ങൾ വാങ്ങാനെത്തിയ പഴയങ്ങാടിക്കാരായ അഹ്മദികളെ തിരഞ്ഞുപിടിച്ചു മർദ്ദിച്ചത്, പുതീസ്ലാംപള്ളിയിൽ നമസ്ക്കരിക്കാൻ ചെന്നതിന് ബപ്പിരിന്റകത്ത് മുഹമ്മദ് കുഞ്ഞി സാഹിബിനെ അടിച്ചവശനാക്കിയത്, പഴയങ്ങാടിയിൽ നിന്നു തബ്ലീഗിനു ചെന്ന ഒരു സംഘം യുവാക്കളെ മാട്ടൂലിൽവെച്ച് ഉടുതുണിയൂരി ശല്യം ചെയ്തത്.....

നിഷ്പക്ഷമായ പ്രതിപാദനരീതിയാണ് ആധികാരികവും ആകർഷണീയവുമാക്കുന്നത്. തങ്ങളുടെ ജീവിതകാലത്തിന്നപ്പുറത്തുള്ള വസ്തുതകളെ സ്ഥാപിക്കാനായി ചരിത്രകാരന്മാർ ഉപയോഗിക്കുന്ന ഒരു ചരിത്രരചനാരീതിയാണ് 'സമകാലാത്മക സ്ഥിരീകരണം' (Contemporaneaous Corroboration) എന്നു പറയുന്നത്. ഇതനുസരിച്ച് ഒരു ചരിത്രകാരനോ പര്യവേഷകനോ പൂർവ്വകൽപിതമായ നിഗമനങ്ങളുടെ തടവുകാരനായിക്കൂടാ. തെളിവുകളൊന്നും ഗൗനിക്കാതെ തീരുമാനത്തിൽനിന്നു പിന്നെ വിശകലനങ്ങളും വസ്തുതാന്വേഷണങ്ങളും എന്നതിനുപകരം സ്വതന്ത്രമായ വസ്തുതാന്വേഷണങ്ങളിലൂടെ തീരുമാനത്തിലെത്തിച്ചേരുക എന്നതാണത്. അവതാരികയിൽ പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് ചൂണ്ടിക്കാണിച്ചതുപോലെ അകൃത്രിമമായ പ്രതിപാദനവും തികഞ്ഞ സംയമനവും ഈ ഗ്രന്ഥത്തിന് ചരിത്രത്തിന്റെ ആനുകൂല്യം നൽകുന്നു. വലിയവരുടെ ജീവിതത്തിന്നുപരി ഏറ്റവും താഴെയുള്ളവരുടെ സമർപ്പണത്തിന്റെ സുഗന്ധം ഏറ്റവും പുതിയ ചരിത്രനിർമ്മിതിയുടെ സാക്ഷാത്ക്കാരമായി ഈ കൃതിയിലുണ്ട്.

അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്ത് ശതവാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ കേരളത്തിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഉൾക്കരുത്തും പൈതൃകവും തിരിച്ചറിയാൻ ഈ കൃതിയുടെ പുനർവായന പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. പ്രവാചകന്മാരുടെ അനുയായികളുടെ ചരിത്രം ആത്യന്തികമായി വിജയഗാഥകൾ നിറഞ്ഞതാണ്. അത് സാത്വികതയുടെ ഉന്നതപാഠങ്ങളും നമുക്ക് നൽകുന്നു. അതുകൊണ്ടാണ് നമ്മുടെ പൂർവ്വികന്മാ

പേജ് - 34 - ൽ

ലേഖനം

അഡ്വ. ടി. നിസാർ അഹമദ്, കണ്ണൂർ

# തിരുമനസ്സിന്റെ തിരുമുമ്പിൽ-

## നാലാം ഖലീഫയുടെ ഓർമ്മകൾ

(തുടർച്ച)

സന്ദർശനസമയം കഴിയേണ്ടതാമസം ഡോർ മെല്ലെ തുറന്ന് ഒരു ഉദ്യോഗസ്ഥൻ തല കാണിച്ചു. എന്നെ നോക്കി വാച്ച് ഉയർത്തിക്കാണിച്ചു. സമയമായി, ഉടനെ ഇറങ്ങുക എന്നായിരുന്നു അതിന്റെ അർത്ഥം. ഹുസൂർ അത് മനസ്സിലാക്കി. അത് അവഗണിച്ചുകൊണ്ടായി പിന്നെ സംസാരം. ഹുസൂർ വളരെ പതുക്കെപ്പറഞ്ഞു: "അവർ എന്നെ ഒന്നിനും സമ്മതിക്കില്ല. ഇത്രയും ദൂരെനിന്ന് വന്ന നിങ്ങളോട് സംസാരിച്ചില്ലെങ്കിൽ അത് ശരിയാവില്ല എന്ന് ഇവർക്കറിയില്ല.' അപ്പോൾ പുറത്തെ സ്റ്റാഫ് തിരക്ക് കൂട്ടുന്നതും ഞങ്ങളെ രൂക്ഷമായി നോക്കുന്നതും ഞാൻ കണ്ടു. അവർ ഞങ്ങളെ പിടിച്ചിറക്കും എന്നെനിക്ക് തോന്നി. അതുകൊണ്ട് ഞാൻ പറഞ്ഞു: "അവർ ചെയ്യുന്നതല്ലേ ശരി, ഹുസൂറിന്റെ ആരോഗ്യവും സമയവും അവർ നോക്കുന്നത് നമുക്കെല്ലാവർക്കും വേണ്ടിയല്ലേ." ഇത് കേട്ടയുടനെ ഹുസൂർ വെറുമൊരു കുട്ടിയെപ്പോലെ ഒന്ന് ചിരിച്ച് എന്റെ സുഹൃത്തുക്കളോടായി പറഞ്ഞു: "Your friend has defected to their side" (നിങ്ങളുടെ സുഹൃത്ത് അവരുടെ (സ്റ്റാഫിന്റെ) പക്ഷത്തേക്ക് കാലുമാറി. ഇനി നിങ്ങളെന്റെ കൂടെയുണ്ടാവണം) ആ തമാശ ഭാഷ മനസ്സിലായില്ലെങ്കിലും ഉഗാണ്ടൻ പ്രതിനിധികളും ആസ്വദിച്ചു. ഹുസൂർ വീണ്ടും എഴുന്നേറ്റ് മുറിയിൽ നടക്കാനാരംഭിച്ചു. ഞങ്ങളും എഴുന്നേറ്റു. അപ്പോൾ ക്യാമറ ഹുസൂറിന്റെ ശ്രദ്ധയിൽപെട്ടു. ഉടനെ അദ്ദേഹം ഉഗാണ്ടൻ സഹോദരങ്ങളുടെ കൂടെ പോസ് ചെയ്തു. എന്റെ സുഹൃത്ത് ഫോട്ടോയെടുത്തു. ആരും ഒന്നും പറയാതെതന്നെ ഹുസൂർ ഞങ്ങളോടൊപ്പം മാറിമാറി നിന്ന് ഫോട്ടോക്ക് പോസ് ചെയ്തു.

ഇതിനിടയിൽ സ്റ്റാഫിലെ ഒരു ഉദ്യോഗസ്ഥൻ മുറിയിലേക്ക് വന്നു. ഭവ്യതയോടെ ഹുസൂറിനോടും ഞങ്ങളോടുമായി വാച്ച് കാണിക്കുകയും ഉർദുവിൽ എന്തോ പറയുകയും ചെയ്തു. പക്ഷേ, ആ ചെറുപ്പക്കാരനോട് പോലും ഹുസൂറിന്റെ പെരുമാറ്റം വളരെ ഭവ്യമായിട്ടായിരുന്നു. തന്റെ ജീവനക്കാരനാണെന്നല്ല തന്റെ രക്ഷിതാവാണ് ആ ഉദ്യോഗസ്ഥൻ എന്ന നിലയിലായിരുന്നു ഹുസൂർ അപ്പോൾ കാണിച്ച ഭവ്യത. അല്ലാഹുവിന്റെ ഖലീഫയാണ് ഈ വിനയം കാണിക്കുന്നതെന്ന് ഞാൻ ഒരുനിമിഷം ഓർത്തുപോയി. കാരാഗൃഹങ്ങളേയും തൂക്കുമരങ്ങളേയും പേടിക്കാത്ത ഈ മനുഷ്യൻ ചെറുപ്പക്കാരനായ തന്റെ പരിചാരകന്റെ മുമ്പിൽ അനുസരണയുള്ള കുട്ടിയായി നില്ക്കുന്ന രംഗം ഞാൻ കൗതുകത്തോടെ കണ്ടു.

പിന്നെ ഞങ്ങൾ ഇറങ്ങുകയായി. മനസ്സില്ലാമനസ്സോടെ ഞങ്ങളും ഉഗാണ്ടൻ സഹോദരങ്ങളും ഒപ്പം ഹുസൂറും പരസ്പരം വിട പറഞ്ഞുതുടങ്ങി- ഒരുപാട് കാലത്തെ ബന്ധമുള്ളവർ പിരിയുന്നതുപോലെ. ഹുസൂർ നൂറ് ശതമാനവും ആത്മാർത്ഥതയോടെ വിട പറയാൻ ഓരോരുത്തരുടേയും കൈ പിടിച്ചു. പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നപോലെ മേശവലിപ്പിൽനിന്നും ഒരു ചോക്ലേറ്റ് എടുത്ത് എനിക്ക് തന്നു. ഹൃദ്യമായി ചിരിച്ചുകൊണ്ട് പറഞ്ഞു: "This is my Dua for you" (ഇത് നിങ്ങൾക്കുള്ള എന്റെ ദുആ ആണ്). ഞാനത് വാങ്ങുമ്പോൾ എല്ലാവരുടേയും കണ്ണ് നിറഞ്ഞു. അപ്പോഴും ഡ്യൂട്ടിയിൽ വിട്ടുവീഴ്ചയില്ലാത്ത സ്റ്റാഫംഗം മേശവലിപ്പ് തുറന്ന് ബാക്കിയുള്ള ചോക്ലേറ്റുകൾ എണ്ണുകയായിരുന്നു. വിടപറയലിന്റെ പിരിമുറുക്കത്തിന്നിടയിൽ ഹുസൂർ അപ്പോഴും തമാശ പറഞ്ഞു: (ഞാൻ മിഠായി തിന്നതായി ഇദ്ദേഹം വിശ്വസിക്കുന്നതായി തോന്നുന്നു). അതിനിടയിൽ ഉദ്യോഗസ്ഥൻ പരിശോധന പൂർത്തിയാക്കി. ആ ചെറുപ്പക്കാരന്റെ പുറത്ത് തട്ടിക്കൊണ്ട് ഹുസൂർ ഉർദുവിൽ പറഞ്ഞു: "എണ്ണം ശരിയല്ലേ. ഞാൻ ചോക്ലേറ്റും ബിസ്ക്കറ്റും ഇവർക്കാണ് കൊടുത്തത്. അതിന് ഇവർ സാക്ഷിയാണ്. ഇനി ഇവർ പോയിക്കഴിഞ്ഞ് ഞാൻ കഴിച്ചു എന്ന് പറയരുത്." ആ ഉദ്യോഗസ്ഥൻ ആ തമാശയിൽ പങ്കുചേർന്നെങ്കിലും ഞങ്ങളെ പിന്നെ ഒരു നിമിഷംപോലും അവിടെ നില്ക്കാൻ അനുവദിച്ചില്ല.

വിഷമത്തോടെ വേദനയോടെ ഞങ്ങൾ ഹുസൂറിന് ഹസ്തദാനം ചെയ്തു പുറത്തേക്ക് നീങ്ങി. ഏറ്റവും പിറകിൽ ഞാനായിരുന്നു. എന്റെ കണ്ണുകൾ ഈറനണിഞ്ഞത് ഹുസൂർ ശ്രദ്ധിച്ചു. എന്നിട്ട് പറഞ്ഞു: "We will meet again. All the best." (നാം ഇനിയും കാണും. നല്ലത് വരട്ടെ). ഞാൻ അവസാനത്തെ അപേക്ഷ ബോധിപ്പിച്ചു. ഹുസൂർ ഞങ്ങൾക്ക് വേണ്ടി ദുആ ചെയ്യണം. ഹുസൂർ പ്രതിവചിച്ചു. "തീർച്ചയായും.

ഇന്നത്തെ എന്റെ ദുആയിൽ നിങ്ങളെ ഞാനോർക്കും." ദുഃഖം കടിച്ചമർത്തി ഞങ്ങൾ വാതിൽപ്പടി കടക്കവേ ഹുസൂർ വീണ്ടുമൊരു കുട്ടിയായി, ഉച്ചത്തിൽ പറഞ്ഞു: "You don't forget Ugandan brothers. You have taken their time." (ഉഗാണ്ടൻ സഹോദരന്മാരെ മറക്കരുത്. അവരുടെ സമയമാണ് നിങ്ങളെടുത്തത്.)

പിന്നിൽ വാതിലടയുന്നതുവരെ ഞാൻ പ്രകാശം വിതറുന്ന ആ തിരുസ്വരൂപം നോക്കിക്കൊണ്ടിരുന്നു. പുറത്ത് ആൾക്കൂട്ടത്തിന്റെ തിരക്കിനിടയിൽ എത്തിയപ്പോൾ വല്ലാത്ത നഷ്ടബോധം തോന്നി. ഒരിത്തിരി നേരം കൂടി തിരുമനസ്സിന്റെ തിരുമുമ്പിൽ ഇരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നാഗ്രഹിച്ചുപോയി. ഏൽപിച്ച സാധനങ്ങൾ തിരിച്ചുവാങ്ങാൻ സെക്യൂരിറ്റി ഓഫീസിൽ ചെന്നപ്പോൾ ഒരു ഉന്നത ഉദ്യോഗസ്ഥൻ അവിടെ വന്നു. അദ്ദേഹം പാക്കിസ്ഥാൻ സിവിൽ സർവ്വീസിൽനിന്നും രാജിവെച്ച് ഹുസൂറിന്റെ കൂടെ വന്നയാളാണ്. അദ്ദേഹം ഞങ്ങളോട് വല്ലാത്ത ദ്വേഷ്യത്തിലായിരുന്നു. ചുളുവിൽ സന്ദർശനാനുമതി വാങ്ങിയശേഷം പരിധിയിൽ കവിഞ്ഞ സമയം ഹുസൂറിന്റെ മുറിയിൽ ചെലവഴിച്ചു. ഹുസൂറിനെക്കൊണ്ട് വല്ലാതെ സംസാരിപ്പിച്ചു, മരുന്ന് കഴിക്കാൻ ഹുസൂർ മറന്നു, ഫോട്ടോക്ക് പോസ് ചെയ്യിച്ചു- ഇങ്ങനെ കുറേയേറെ കുറ്റങ്ങൾ അദ്ദേഹം ഞങ്ങളുടെമേൽ ചാർത്തി.

ഞാൻ നിശ്ശബ്ദനായി എല്ലാം കേട്ടു. പക്ഷേ, അനഹ്മദികളായ എന്റെ സ്നേഹിതന്മാർ അദ്ദേഹത്തോട് കാര്യം വിശദീകരിച്ചു. അവർ അനഹ്മദികളാണെന്നും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് ഒന്നുമറിയില്ലെന്നും എന്നാൽ ഹുസൂറിന്റെ മുമ്പിൽനിന്നും വലിച്ചിറക്കിയാൽപോലും ഇറങ്ങാൻ തങ്ങൾക്ക് കഴിയില്ലെന്നും അതിന് എന്ത് ശിക്ഷ വേണമെങ്കിലും ആവാമെന്നും അവർ പറഞ്ഞു. ഓഫീസറുടെ ശബ്ദം താഴ്ന്നു. അദ്ദേഹത്തിന്റെ ഗൗരവം ചോർന്നു. അദ്ദേഹം ഞങ്ങളെ ആലിംഗനം ചെയ്തു. എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു: "നിങ്ങൾ ചുരുങ്ങിയത് രണ്ട് പേർക്കെങ്കിലും യഥാർത്ഥ ഇസ്‌ലാമിനെ പരിചയപ്പെടുത്തിയല്ലോ. നന്ദിയുണ്ട്."

ആ ഓഫീസർ പക്ഷേ, പിന്നീട് പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ വല്ലാത്ത വിഷമമാണ് തോന്നിയത്. ജമാഅത്തിന്റെ ഉന്നതാധികാരികൾ വളരെ കർശനമായി ഹുസൂറുമായുള്ള മുലാക്കാത്തുകൾ നിയന്ത്രിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കാരണം ഹുസൂറിന്റെ ആരോഗ്യം മോശമാണ് എന്നുള്ളതാണ്. ഹുസൂർ ആരോഗ്യം, ഭക്ഷണം, മരുന്ന്- ഇവയൊന്നും ശ്രദ്ധിക്കാറേയില്ല. അർദ്ധരാത്രി കഴിഞ്ഞ് ഏതാനും മണിക്കൂറുകളാണ് ഉറക്കം. തഹജ്ജുദ് കഴിഞ്ഞാൽ ഉറങ്ങാറില്ല. 20 മണിക്കൂർവരെ ജോലി ചെയ്യുന്ന ദിവസങ്ങളുണ്ട്. എഴുത്ത്, പ്രസംഗം, ഗവേഷണം, യാത്ര എന്നിവ അദ്ദേഹത്തെ തളർത്തുന്നുണ്ട്. അതിനെല്ലാറ്റിലും കൂടുതൽ അധ്വാനഭാരമുണ്ടാവുന്നത് നൂറുകണക്കിന് സന്ദർശകരുമായി സംസാരിക്കുന്നതാണ്. ആ ദിവസം ഞങ്ങൾ പതിനഞ്ചാമത്തെ സന്ദർശക സംഘമായിരുന്നു. അന്നുതന്നെ മറ്റൊരു ഇരുപത് സംഘങ്ങളുടെ സന്ദർശനം ബാക്കിയുണ്ട്. ഇതൊന്നും നിയന്ത്രിച്ചില്ലെങ്കിൽ ശരിയാവില്ല. ഹുസൂർ ഒരു നിയന്ത്രണത്തിനും വഴങ്ങുന്നുമില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്നവരെ മാറോട് ചേർത്ത് ഹൃദയത്തിന്റെ ഭാഷയിൽ അവരോട് സംസാരിക്കുക എന്നത് അദ്ദേഹത്തിന് ഒഴിവാക്കാനാവാത്തതാണ്. ആ സമയങ്ങളിലെ ജോലി മുഴുവൻ ഹുസൂർ അർദ്ധരാത്രിയുടെ യാമങ്ങളിൽ ഉറക്കമൊഴിഞ്ഞ് തീർക്കുകയും ചെയ്യുന്നു.

ഇത്രയും കേട്ടപ്പോൾ എനിക്ക് കുറ്റബോധമാണ് തോന്നിയത്. ഞങ്ങളും ഹുസൂറിന്റെ കുറേ സമയം കളഞ്ഞില്ലേ എന്ന തോന്നൽ. ഞങ്ങളുടെ വിഷമം മനസ്സിലാക്കിയ ഓഫീസർ ഞങ്ങളെ സാന്ത്വനിപ്പിച്ചു: വിഷമിക്കേണ്ട, ഇത്രയൊക്കെ ജോലി ചെയ്തിട്ടും ഹുസൂർ എല്ലാം ഭംഗിയായി നടത്തുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹം ഹുസൂറിന്റെ ഓരോ നിമിഷത്തിലും ഓരോ ചലനത്തിലുമുണ്ട്.

അസർ ബാങ്കുകേട്ട് ഞങ്ങൾ കാന്റീനിൽനിന്ന് പുറത്ത് വരുമ്പോൾ ആളുകൾ പള്ളിയിലേക്കുള്ള നടപ്പാതയുടെ ഇരുഭാഗത്തും കൂടിനില്ക്കുകയാണ്. അവരെ പരമാവധി ദൂരേക്ക് മാറ്റാൻ അതികായകരായ സുരക്ഷാഉദ്യോഗസ്ഥർ പാടുപെടുന്നു. ആ വഴിയിലൂടെയാണ് ഹുസൂർ ഇപ്പോൾ പള്ളിയിലേക്ക് നമസ്കാരത്തിന് വരുന്നതെന്നും സന്ദർശനാനുമതി ലഭിച്ചിട്ടില്ലാത്തവരും കാത്തുകഴിയുന്നവരും ആ സമയത്ത് ഹുസൂറിനെ കാണാൻ തിരക്ക് കൂട്ടുകയാണെന്നും മനസ്സിലായി. ഞങ്ങളും ആ ആൾത്തിരക്കിൽ ചേർന്നു. ഒന്നുകൂടി ഹുസൂറിനെ കാണാൻ തിക്കിത്തിരക്കി. നിമിഷങ്ങൾക്കകം ഒരു സുരക്ഷാവലയത്തിന്റെ നടുവിലായി ഹുസൂർ ആ നടപ്പാതയിലൂടെ പള്ളിയിലേക്ക് നടന്നുവന്നു. സുരക്ഷാ ഉദ്യോഗസ്ഥർ വളഞ്ഞുനിന്ന് ഒരാളെപ്പോലും അടുത്തേക്ക് വിടാതെ നീങ്ങുകയാണ്. ഹുസൂറിന്റെ തലപ്പാവ് മാത്രമേ പുറത്ത് കാണുന്നുള്ളൂ. എന്നിട്ടും പഴുതുകളിലൂടെ ഹുസൂർ പുറത്തേക്ക് നോക്കി ആൾക്കൂട്ടത്തിന്റെ നേരെ കൈ വീശുകയും ആ പ്രസിദ്ധമായ ചിരി പൊഴിക്കുകയും ചെയ്യുന്നു. അത് കാണാൻ ഭാഗ്യം ലഭിക്കുന്നവർ സുരക്ഷാവലയം ഭേദിച്ച് ഹുസൂറിനടുത്തെത്താൻ കുതിക്കുന്നു. ഉദ്യോഗസ്ഥർ അവരെ ബലം പ്രയോഗിച്ച് അകറ്റിനിർത്തുന്നു. ഒരു കൊച്ചുകുഞ്ഞിനെ കളിപ്പാട്ടങ്ങൾ കാണിക്കാതെ കൊണ്ടുനടക്കുന്നപോലെ എനിക്ക് തോന്നി.

റബ്‌വയിൽ നിന്നെത്തിയ ഹുസൂറിനെ അടുത്തറിയുന്ന ഒരു സന്ദർശകൻ എന്നോട് വിവരിച്ചുതന്നു- ആ മനോഹരദൃശ്യത്തെക്കുറിച്ച്. റബ്‌വയിലും

ഇങ്ങനെ തന്നെയായിരുന്നു ഹുസൂർ. ജനങ്ങൾ എന്നും ഹുസൂറിന്റെ ദൗർബല്യമായിരുന്നു. ജനക്കൂട്ടത്തിന്റെ നടുവിലെത്താൻ വല്ലാത്ത ധൃതിയാണ് ഹുസൂറിന്. സിയാഉൽ ഹഖിന്റെ പട്ടാളക്കൂട്ടങ്ങൾ റബ്‌വ മുഴുവൻ ഹുസൂറിനെ തിരയുമ്പോഴും രഹസ്യവഴികളിലൊന്നുമായിരുന്നില്ല ഹുസൂർ. സന്ദർശകരോടൊപ്പം, ജനങ്ങൾക്കൊപ്പം, നിറഞ്ഞ ചിരിയും മാറാത്ത അടുപ്പവുമായി അങ്ങനെ നടക്കുകയായിരുന്നു. കൂടെയുള്ള സുരക്ഷാ ഉദ്യോഗസ്ഥർക്കും സഹായികൾക്കുമായിരുന്നു എന്നും ടെൻഷൻ. ഹുസൂർ അതൊന്നും ഒരിക്കലും ഗൗനിച്ചിരുന്നില്ല. ഇന്നിപ്പോൾ നിവൃത്തികേട് കൊണ്ടാണ് ഇത്തിരി നിയന്ത്രണങ്ങൾക്ക് ഹുസൂർ മനസ്സില്ലാ മനസ്സോടെ സമ്മതിച്ചുകൊടുക്കുന്നത്. ഈ വിശദീകരണം ഞങ്ങളുടെ സന്ദർശനാനുഭവം കൂടിയായിരുന്നല്ലോ.

പള്ളിയിൽ ജനം തിങ്ങിനിറഞ്ഞിരുന്നു. ഞങ്ങൾ പുറത്തെ പുൽമേട്ടിലെ സഫിലായിരുന്നു. ലൗഡ്സ്പീക്കറിലൂടെ ഹുസൂറിന്റെ ഘനഗംഭീരമായ ശബ്ദം മാത്രമേ നമസ്കാരത്തിൽ കേൾക്കുന്നുള്ളൂ. നമസ്കാരം കഴിഞ്ഞ് ഹുസൂർ വന്നതുപോലെതന്നെ തിരിച്ച് മുറിയിലേക്ക് പോയി.

ഞങ്ങൾ ലണ്ടൻ മസ്ജിദിനോട് വിട പറയുകയായി. കാലുകൾ പുറത്തേക്ക് നീങ്ങുന്നില്ല. അടുത്ത നമസ്കാരസമയങ്ങൾ കൂടി കാത്തിരുന്നാൽ ഒരുപക്ഷേ, ഹുസൂറിനെ ഒന്നുകൂടി കാണാനൊത്തെങ്കിലോ എന്നൊരു തോന്നൽ. പക്ഷേ, സുഹൃത്തുക്കളോട് പറയാൻ മടി. ഒന്നുമില്ലെങ്കിലും അവർ അഹ്മദികളല്ലല്ലോ. എന്റെയൊരു സ്വാർത്ഥതയ്ക്ക് അവരെക്കൂടി നിർബന്ധിക്കാമോ. അങ്ങനെ ചിന്തിച്ച് ഞാൻ ഗേറ്റ് വരെ നടന്നു. തിരിഞ്ഞുനോക്കുമ്പോൾ എന്റെ സുഹൃത്തുക്കൾ കൂടെയില്ല. അവർ ഹുസൂറിന്റെ വലിയ ചിത്രങ്ങൾ പതിച്ച ബോർഡുകളിലെ അദ്ദേഹത്തിന്റെ വിവിധ പ്രസംഗഭാഗങ്ങൾ നോക്കിക്കാണുകയായിരുന്നു. ഞാനവരുടെ പുറത്ത് തട്ടിയിട്ട് ചോദിച്ചു: "എന്റെ നേതാവിനെക്കുറിച്ച് എന്ത് തോന്നി?" രണ്ട് പേരും ഒരേസമയം എന്റെ വായപൊത്തി. അവരുടെ കണ്ണുകൾ നിറഞ്ഞു. അവർക്ക് ഹുസൂറിന്റെ സന്നിധി വിട്ടുപോരാൻ പ്രയാസം. ഞങ്ങൾ വീണ്ടും പുൽതകിടിയിലിരുന്നു. "ഹുസൂർ നമ്മളെ ആദ്യം കാണുകയല്ലേ. പക്ഷേ, എത്രമാത്രം അടുപ്പമാണ് കാണിച്ചത്. ഖാദിയാനിസത്തെപ്പറ്റി ഒന്നും ഞങ്ങളോട് പറഞ്ഞില്ലല്ലോ. ആ മുഖത്തെ പ്രകാശം അസാധാരണമാണ്. ഒരു മനുഷ്യനും അങ്ങനെയൊരു മുഖശോഭ ഇല്ല. എത്ര ബുദ്ധിമുട്ടിയാലും ഹുസൂറിനെ ഒന്നുകൂടി കാണണം. അദ്ദേഹത്തിന്റെ മുമ്പിൽ ഇരുന്നപ്പോൾ ഇതുവരെ അനുഭവിക്കാത്ത ശാന്തത. തീർച്ചയായും ഹുസൂർ അമാനുഷികമായ കഴിവുകളുള്ളയാളാണ്. അവർ ഇരുവരും അങ്ങനെ പറഞ്ഞുകൊണ്ടേയിരുന്നു. മുമ്പ് മൊയിലാർക്ക എന്ന് പറഞ്ഞുപോയതിൽ അവർക്ക് വലിയ വിഷമം. "മലക്ക് പോലൊരു മനുഷ്യൻ. കൊച്ചുകുട്ടിയുടെ സ്വഭാവനൈർമല്യം. പാക്കിസ്ഥാൻ പട്ടാളത്തലവൻ ഈ വിശുദ്ധനെയാണോ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചത്. ഈ മൃദുലമാനസനാണോ പട്ടാളഭരണത്തെ നേരിട്ട് ലണ്ടനിലെത്തിയത്....' അവരുടെ മനസ്സ് തുറന്ന സംശയങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

അവർക്കെന്നല്ല ഹുസൂറിനെ ഒരു നോക്ക് കാണുന്നയാർക്കും ആ സാന്നിധ്യം വിട്ടുപോവാൻ കഴിയില്ല. കാന്തശക്തിപോലെ നമ്മെ മുമ്പിൽ തളച്ചിടുന്ന അത്യാകർഷത്വം. സൂര്യനുദിച്ചുവരുന്നപോലുള്ള മുഖകാന്തി. ആ ചെറുചിരിയുടെ മുമ്പിൽ നമ്മുടെ മുഴുവൻ വിഷമങ്ങളും ആവിയായി പോകുന്നപോലെ. ഏത് നിയന്ത്രണങ്ങളേയും ഭേദിച്ച് ആ തിരുസന്നിധിയിലെത്താൻ തോന്നിപ്പോകും ആർക്കും. എന്റെ കൂട്ടുകാർ സംശയിച്ചതുപോലെ ഈ മാടപ്രാവ് പോലുള്ള, വെറും കൊച്ചുകുട്ടിയെപ്പോലെ പെരുമാറുന്ന ആളാണോ ലോകത്തെ ഏറ്റവും കിരാതമായ ഭരണകൂടത്തെ വെല്ലുവിളിച്ചത്? റബ്‌വയുടെ തെരുവീഥികളിലും ഇസ്‌ലാമാബാദിലെ രാജപാതകളിലും പട്ടാളം വിരിച്ച 'മാൻഹണ്ടിംഗി'ന്റെ ഉരുക്കുവലകൾ പൊട്ടിച്ചെറിഞ്ഞ ആളാണോ ഇത്? പാക്കിസ്ഥാൻ ചരിത്രത്തിലെ ഏറ്റവും കുപ്രസിദ്ധമായ, ഏറ്റവും വലിയ ഒരു പഴുതുമില്ലാത്ത ആ മനുഷ്യവേട്ടയെ എങ്ങനെയാണ് ഈ ശാന്തിയുടെ രാജകുമാരൻ അതിജീവിച്ചത്.

അവിശ്വസനീയമായ അറബിക്കഥപോലെയാണ് എല്ലാവർക്കും ആ ചരിത്രം. ഹുസൂറിനെ നേരിൽക്കണ്ടവർക്കോ അതൊരു അത്ഭുതവും. പക്ഷേ, അതായിരുന്നു അല്ലാഹുവിന്റെ അലംഘനീയമായ അത്ഭുതാടയാളം. ഹുസൂർ ആ നിയോഗമാണ് നിർവ്വഹിച്ചത്. ഹുസൂറിന്റെ തിരുസന്നിധിയിലെത്തുന്നവർക്കാണ് ആ വലിയ മനുഷ്യൻ നിർവ്വഹിക്കുന്ന ദൗത്യങ്ങളിൽ വിസ്മയം തോന്നുന്നത്. ചിരിയും തമാശയും കുട്ടിക്കളികളുമായി സന്ദർശകരോടും ഇത്തിരി ദ്വേഷ്യവും കൊച്ചുകൊച്ചു അനുസരണക്കേടുകളുമായി സ്വന്തം സ്റ്റാഫിനോടും പെരുമാറിവന്ന അതേ ഹുസൂറാണ് തന്നെയും ജമാഅത്തിനേയും ചവിട്ടിയരക്കാൻ കെല്പുള്ള അതിനൊരുങ്ങിയിറങ്ങിയ അധികാരശക്തികളെ വിരൽചൂണ്ടി നിർത്തിയതും ജമാഅത്തിനെ വിജയത്തിന്റെ ചക്രവാളങ്ങളിലെത്തിച്ചതും. ആ ദിവ്യാത്ഭുതത്തിന്റെ മുന്നിൽനിന്നാണ് വിടപറയാനാവാതെ തേങ്ങലടികളുമായി ഞാനും രണ്ട് അനഹ്മദി സുഹൃത്തുക്കളും തിരിഞ്ഞുനടന്നത്. അദ്ദേഹത്തിന്റെ സന്ദേശവും ആ അനുഭവങ്ങളും ഞാൻ പിന്നീട് അന്നത്തെ കണ്ണൂർ ജമാഅത്തിൽ വിവരിച്ചിരുന്നു.

രണ്ടാം ദിവസം ഞങ്ങൾ ഇന്ത്യയിലേക്ക് പറക്കുമ്പോൾ ലണ്ടൻനഗരം മനസ്സിൽനിന്ന് മാഞ്ഞിരുന്നു. പക്ഷേ, കാലത്തിന്റെ നായകനോടൊപ്പം ചിലവഴിച്ച

നിമിഷങ്ങൾ ഓർമ്മകളിലേക്ക് ഇരച്ചുകയറി വന്നുകൊണ്ടിരുന്നു. ആകാശത്തിന്റെ അനന്തതയിലേക്ക് പറക്കുന്ന യന്ത്രപ്പക്ഷിയേക്കാൾ വിസ്മയമായിരുന്നു ആ വെളുത്ത തലപ്പാവും ആ നിറഞ്ഞചിരിയും. വിമാനത്തിൽ വിളമ്പിയ ഭക്ഷണം ചില യാത്രക്കാരിൽ ദഹനക്കേടും വയറുവേദനയുമുണ്ടാക്കി. ഞങ്ങൾ നാലുപേരേയും അത് ബാധിച്ചു. (നാലാമൻ ഹുസൂറിനെ കാണാൻ വന്നിരുന്നില്ല). വയറുവേദന കലശലായപ്പോഴാണ് ഏതോ ദിവ്യമന്ത്രം പോലെ ഹുസൂർ സമ്മാനിച്ച ചോക്ലേറ്റുകൾ കേടു വരുത്താതെ ഒരു നിധി പോലെ ഞങ്ങൾ സൂക്ഷിച്ചുവെച്ചത് ഞങ്ങൾ ഓർത്തത്. ഞങ്ങൾ നാലുപേരും ആ ചോക്ലേറ്റ് തിന്നു. ആ മധുരത്തേക്കാൾ മധുരിച്ചത് ഹുസൂറിന്റെ ചിരിക്കുന്ന മുഖത്തിന്റെ ഓർമ്മയായിരുന്നു. വയറുവേദനയേക്കാൾ വേദനിപ്പിച്ചത് ഹുസൂറിനോട് വിട പറഞ്ഞിറങ്ങിയ അനുഭവവും. ഇത്തിരിനേരം ആ ഓർമ്മകളുടെ സ്വപ്നങ്ങളിൽ മയങ്ങിക്കഴിഞ്ഞ് എഴുന്നേറ്റപ്പോഴാണ് ഞാനറിഞ്ഞത് അസഹ്യമായ വയറുവേദന നിശ്ശേഷം മാറിയെന്ന്. കൂട്ടുകാർക്കും അതേ അനുഭവമായിരുന്നു. അപ്പോഴും സഹയാത്രികരിൽ പലർക്കും സുലൈമാനിയും ടാബ്ലറ്റ്സും ടോണിക്കും മറ്റും എയർഹോസ്റ്റസുമാർ ഓടിനടന്ന് കൊടുക്കുകയായിരുന്നു. ഒരു മരുന്നും കഴിക്കാതെ വയറുവേദന മാറിയപ്പോൾ ഞാനോർത്തത് ചോക്ലേറ്റ് എനിക്ക് തരുമ്പോൾ ഹുസൂർ പറഞ്ഞ വാചകമായിരുന്നു: "ഇത് എന്റെ ദുആ ആണ്.... ഇന്നത്തെ എന്റെ പ്രാർത്ഥനകളിൽ ഞാൻ നിങ്ങളെ ഓർക്കും...."

അതെ അല്ലാഹുവിന്റെ ഖലീഫയുടെ തിരുമുമ്പിൽ ഞങ്ങളെത്തിയത് തന്നെ അല്ലാഹു ഞങ്ങളുടെ പുണ്യമായികരുതിയിരിക്കണം. ഖലീഫയുടെ ദുആ അല്ലാഹു സ്വീകരിച്ചിരിക്കും. ഖലീഫയുടെ അനുഗ്രഹം ഞങ്ങളെ കാത്തിരിക്കും. വെറുമൊരു സാധാരണ പുരോഹിതനെന്ന് കരുതി എന്റെ കൂട്ടുകാർ കാണാൻ ചെന്ന മഹാപുരുഷൻ, തിരിച്ചിറങ്ങുമ്പോൾ അവരെ കരയിക്കുകയും അവരുടെ മനസ്സുകളിൽ ആ മഹദ്വ്യക്തിത്വത്തിന്റെ മായാത്ത മുദ്രകൾ പതിപ്പിക്കുകയും ചെയ്തത് അതുകൊണ്ടായിരിക്കണമല്ലോ. ഹുസൂർ എന്നല്ലാതെ ഹുസൂറിന്റെ പേരുപോലും പിന്നെയൊരിക്കലും ആ കൂട്ടുകാർ ഉച്ചരിച്ചിട്ടില്ല. ഹുസൂർ എന്ന് കേൾക്കുമ്പോഴും പറയുമ്പോഴും അവരുടെ മുഖങ്ങളിൽ ആർദ്രതയും ആദരവും നിറയുമായിരുന്നു.

എല്ലാം ഒരു സ്വപ്നമായിട്ടാണ് എനിക്ക് തോന്നിയത്. ജീവിതത്തിലെ ഏറ്റവും വലിയ സുകൃതം, ഏറ്റവും വലിയ അനുഭവം, അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹം. തിരിച്ചുവന്ന് എന്റെ വന്ദ്യപിതാവിനോട് ആ അനുഭവം വിവരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഖലീഫയാകുന്നതിന് മുമ്പ്, വർഷങ്ങൾക്ക് മുമ്പ്, ഹുസൂറിന്റെ യൗവനത്തിൽ അന്നും മിർസാ താഹിർ അഹ്മദ് ഇങ്ങനെയൊക്കെത്തന്നെയായിരുന്നു എന്നായിരുന്നു. എന്റെ പിതാവിന് ഹുസൂറിനെ നേരിൽ കണ്ടപോലെ നിർവൃതി തോന്നിയ നിമിഷമായിരുന്നു അത്.

വർഷങ്ങൾക്കുശേഷം ഹുസൂറിന്റെ ജനാസ ടി.വിയിൽ കണ്ടപ്പോൾ, ഇങ്ങകലെ ജനാസ നമസ്കാരത്തിൽ പങ്കെടുത്തപ്പോൾ, ആ വിശുദ്ധി വിളങ്ങിയ മുഖകമലം ചിത്രങ്ങളിൽ കാണുമ്പോൾ, വിഷാദം അരിച്ചിറങ്ങുന്ന മനസ്സിലേക്ക് ആ പുണ്യമായ സമാഗമത്തിന്റെ അനുഭൂതി ഓർമ്മകളായി കടന്നുവന്നു. ഇനിയൊരിക്കലും ആ ദിവ്യതേജസ്സിനെ നേരിൽ കാണാൻ കഴിയില്ല എന്ന് ചിന്തിച്ചപ്പോൾ അന്നും ഇന്നും ഗദ്ഗദം കണ്ഠനാളത്തെ തടസ്സപ്പെടുത്തി. ആ ഇതിഹാസപുരുഷന്റെ പവിത്രമായ ഓർമ്മകൾക്ക് കണ്ണീരിന്റെ നനവാണിന്നും. അല്ലാഹു ആ മഹാന്റെ പരലോകജീവിതം ഐശ്വര്യപൂർണമാക്കട്ടെ. ആ സ്നേഹം അനുഭവിച്ചുവന്ന് അഞ്ചാം ഖിലാഫത്തിന്റെ തണലിലെത്തിനില്ക്കുന്ന നമുക്കേവർക്കും ആ പരിശുദ്ധപാത വിജയകരമായി പിന്തുടരാൻ അല്ലാഹു അനുഗ്രഹം നൽകട്ടെ. ആമീൻ.

●

---

പേജ്-30ൽനിന്ന്

രെക്കുറിച്ചുള്ള അറിവ് പല ഉന്നതാദർശങ്ങിലേക്കും നമ്മെ വഴി നയിക്കുമെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ചൂണ്ടിക്കാട്ടിയിട്ടുള്ളത്.

പ്രയത്നബദ്ധമായ ഒരു ചരിത്രസപര്യയുടെ ഫലമാണ് ഈ കൃതി എന്നതിൽ സംശയമില്ല. ഈ ചരിത്രഗ്രന്ഥത്തിന്റെ പണിപ്പുരയെ സുസജ്ജമാക്കുന്നതിൽ സഹായികളായി വർത്തിച്ച ഒട്ടേറെ പേരെ മദാർ അബ്ദുശ്ശക്കൂർ സാഹിബ് സ്മരിക്കുന്നുണ്ട്. ആ പേരുകളുടെ നീണ്ട പട്ടികതന്നെ ഗ്രന്ഥകർത്താവിന്റെ ആത്മാർത്ഥമായ പരിശ്രമത്തിന്റെയും ഗവേഷണബുദ്ധിയുടെയും നിദർശനമാണ്. എഴുതപ്പെട്ട ആദ്യത്തെ അഹ്മദിയ്യാ ചരിത്രം- ഹദ്റത്ത് ശേഖ് മഹ്മൂദ് അഹ്മദ് ഇർഫാനിയുടെ 'താരീഖെ മലബാർ' എന്ന ഉർദു കൃതി ഇക്കാര്യത്തിൽ ഗ്രന്ഥകാരന് ഒരു മാർഗ്ഗദർശകമായിത്തീർന്നിരിക്കാം. അഹ്മദിയ്യാ ചരിത്രഗവേഷണരംഗത്തെ നിരുപമമായ താൽപര്യം മാത്രമല്ല, അസാധാരണമായ ഓർമ്മശക്തിയുടെ അനുഗ്രഹവും ഗ്രന്ഥകാരന് ഇക്കാര്യത്തിൽ കൂട്ടാണ്. ഇതുപോലെ വാഗ്ദത്ത മസീഹ്(അ)ന്റെ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചരിത്രോപഹാരങ്ങൾ ഇനിയും അദ്ദേഹത്തിൽ നിന്ന് പ്രതീക്ഷിക്കുന്നവർ ഒട്ടേറെയുണ്ട്.

●

*അഡ്വ: ജമീൽ അഹ്മദ്*

# കേരള സംസ്ഥാന മജ്‌ലിസ് അൻസാറുല്ലാഹ് വാർഷിക റിപ്പോർട്ട് 2007-08

**ജ:** പി.പി. നാസിറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിലുള്ള മജ്‌ലിസ് ആമിലയാണ് സംസ്ഥാനത്തിനകത്ത് അൻസാറുല്ലായുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നിങ്ങനെ ആറു മേഖലകളായി വിഭജിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

യു. മൻസൂർ അഹ്മദ് സാഹിബ് (കണ്ണൂർ), നൗഷർ സാഹിബ് (കോഴിക്കോട്), സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് (മലപ്പുറം), എം.കെ. അബ്ദുൽ അസീസ് സാഹിബ് (പാലക്കാട്), പി.കെ. ശാഹുൽ ഹമീദ് സാഹിബ് (എറണാകുളം), ശരീഫ് അഹ്മദ് സാഹിബ് പാലാഞ്ഞി (തിരുവനന്തപുരം) എന്നിവരാണ് വിവിധ മേഖലാ നാസിമുമാർ.

***വസിയ്യത്ത്:-***

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)ന്റെ നിർദ്ദേശവും ആഗ്രഹവും പരിഗണിച്ചുകൊണ്ട് പരമാവധി അംഗങ്ങളെ വസിയ്യത്ത് പദ്ധതിയിൽ ചേർക്കുന്നതിന് അൻസാറുല്ലാ സംസ്ഥാന സമിതി ശ്രമിച്ചിട്ടുണ്ട്. വിവിധ മേഖലാ നാസിമുമാരിലൂടെ ഇതിന്നായുള്ള നിർദ്ദേശങ്ങൾ പ്രാദേശിക മജ്‌ലിസുകൾക്ക് നൽകുകയും അവർ അതിനനുസരിച്ച് ബോധവൽക്കരണവും മറ്റും നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇതുവരെ ഏകദേശം 32% പേരെ മാത്രമേ ഈ പദ്ധതിയിൽ അംഗങ്ങളാക്കാൻ സാധിച്ചിട്ടുള്ളൂ. 50%ത്തിലധികം അംഗങ്ങളെ ഇതിലംഗമാക്കാൻ സംസ്ഥാന സമിതി ശ്രമിച്ചുവരികയാണ്. അത് സാധ്യമാകാൻ ദുആ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം ഈ കാര്യത്തിൽ അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

***തബ്‌ലീഗ്:-***

ഈ വകുപ്പിൻ കീഴിൽ വലുതായ പ്രവർത്തനങ്ങൾ നടന്നതായി അവകാശപ്പെടുന്നില്ലെങ്കിലും അൻസാറുല്ലാ അതിന്റെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട് എന്നു പറയാൻ ആഗ്രഹിക്കുന്നു. എല്ലാ മേഖലകളിലും മജ്‌ലിസ് അൻസാറുല്ലായുടെ നേതൃത്വത്തിൽ ഖിലാഫത്ത് ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്. ഖിലാഫത്തിനെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തിക്കൊണ്ടുള്ള ബോർഡുകൾ സ്ഥാപിച്ചും ലഘുലേഖകൾ വിതരണം ചെയ്തും യോഗങ്ങൾ സംഘടിപ്പിച്ചും മജ്‌ലിസ് അൻസാറുല്ലാ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്. കോഴിക്കോട് മേഖലയിലെ ഒരു അൻസാർ സഹോദരൻ ഖിലാഫത്ത് സംബന്ധമായ ലേഖനം തയ്യാറാക്കുകയും വാഗ്ദത്ത മസീഹിന്റെ ഫോട്ടോ സഹിതം മലയാളത്തിലെ ഒരു പ്രമുഖ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി. കൂടാതെ ശതവാർഷികം സംബന്ധിച്ച വാർത്തകൾ പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും വരുത്തുന്നതിന് ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം മേഖലാ മജ്‌ലിസ് അൻസാറുല്ലാ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് മലപ്പുറം ജില്ലയിൽ 17 ദിവസം നീണ്ടുനിന്ന ഒരു വാഹനപ്രചാരണ പരിപാടി നടത്തുകയുണ്ടായി. 15000 നോട്ടീസുകളും ലഘുലേഖകളും വിതരണം ചെയ്ത ഈ പരിപാടിയിൽ 120 കവല പ്രസംഗങ്ങളും 17 പൊതുയോഗങ്ങളും നടത്തപ്പെട്ടു. എറണാകുളം മേഖലയിൽ ജൂബിലിയോടനുബന്ധിച്ച് മജ്‌ലിസ് അൻസാറുല്ലായുടെ കൂടി സഹകരണത്തോടെ വാഹനപ്രചാരണം സംഘടിപ്പിക്കപ്പെട്ടു. ഇതിന്നായി അൻസാറുല്ലായുടെ വകയായി 10,000 നോട്ടീസുകൾ അച്ചടിച്ച് വിതരണത്തിന്നായി നൽകി. പ്രസ്തുത പരിപാടിയിൽ നൂറ് സ്ഥലങ്ങളിൽ പ്രസംഗങ്ങൾ സംഘടിപ്പിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സഹകരണത്തോടെ എറണാകുളത്ത് മതമൈത്രീ സമ്മേളനവും നടത്തപ്പെട്ടു. കണ്ണൂർ ടൗണിൽ നടന്ന എക്സിബിഷനിൽ അൻസാറുല്ലായുടെ വകയായി ഒരു ബുക്ക്സ്റ്റാൾ നടത്തിയിരുന്നു. കണ്ണൂർ മേഖലയിൽ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ സജീവമാകുന്നതിൽ പ്രകോപിതരായ ചിലർ യോഗങ്ങൾ അലങ്കോലപ്പെടുത്തുകയും പ്രചാരണ ബോർഡുകളും പോസ്റ്ററുകളും വ്യാപകമായി നശിപ്പിക്കുകയും ചെയ്തിരുന്നു. കോഴിക്കോട് വെച്ച് നടന്ന സംസ്ഥാന ഖിലാഫത്ത് ശതവാർഷിക ജൂബിലി സമ്മേളനത്തിലും അതോടനുബന്ധിച്ച് നടന്ന അൽ ഖുർആൻ എക്സി

ബിഷനിലും അൻസാർ സഹോദരങ്ങൾ സജീവമായി പങ്കെടുക്കുകയുണ്ടായി.

***തർബിയ്യത്ത്:-***

കേരളത്തിലെ എല്ലാ പ്രാദേശിക ജമാഅത്തുകളും നടത്തുന്ന തർബിയ്യത്ത് പരിപാടിയിൽ സജീവസാന്നിധ്യം വഹിക്കുന്നത് അൻസാർ അംഗങ്ങളാണ്. നബിദിനം, മസീഹ് മൗഊദ് ദിനം, മുസ്‌ലീഹ് മൗഊദ് ദിനം, ഖിലാഫത്ത് ദിനം തുടങ്ങിയ വിശേഷാൽ പരിപാടികളിൽ മജ്‌ലിസ് അൻസാറുല്ലാ പ്രവർത്തകരുടെ സജീവ സാന്നിധ്യം ഉണ്ടായിട്ടുണ്ട്.

***തഅ്‌ലീം:-***

ഹുസൂറിന്റെ പ്രത്യേക നിർദ്ദേശാനുസരണം നടത്തേണ്ടിയിരുന്ന പരീക്ഷകൾ ഈ സംസ്ഥാനത്തും നടത്തിയിട്ടുണ്ട്. വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിന്നുള്ള സംവിധാനമായ തഅ്‌ലീമുൽ ഖുർആൻ പദ്ധതി മിക്ക മജ്‌ലിസുകളിലും നടത്തിവരുന്നുണ്ട്.

***ഖിദ്മത്തെ ഖൽഖ്:-***

നിരവധി പ്രവർത്തനങ്ങൾ നടത്താൻ ഈ വകുപ്പിൻ കീഴിൽ സാധിച്ചിട്ടുണ്ട്. അതിന് ആദ്യമായി അല്ലാഹുവിനെ സ്തുതിക്കുന്നു. ചികിത്സ, വിവാഹം എന്നീ സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകാനുള്ള ഒരു സ്ഥിരം സംവിധാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ കണ്ണൂർ മേഖലയിലെ അൻസാറുല്ലായ്ക്കുണ്ട്. ഈ പദ്ധതിയിൻ കീഴിൽ അഹ്മദികളും അനഹ്മദികളുമായ നിരവധി പേരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഖിലാഫത്ത് ശതവാർഷിക ജൂബിലിയുടെ ഭാഗമായി ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ കണ്ണൂർ മേഖലാ അൻസാറുല്ലാക്ക് സാധിച്ചിട്ടുണ്ട്. ഇതിന്നായി അകമഴിഞ്ഞ് സാമ്പത്തിക സഹായം നൽകാൻ തയ്യാറായവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. വിവാഹം, വീട് നിർമ്മാണം, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള സഹായം നൽകുന്നതിൽ കോഴിക്കോട് മേഖലയും പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. മറ്റു മേഖലകളിലെ അൻസാറുകളും ഈ രംഗത്ത് നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. വഖാറെ അമൽ നടത്തുന്നതിലും ഖാദിമീങ്ങളോടൊപ്പം കേരളത്തിലെ അൻസാർ സഹോദരന്മാരും ചേർന്നിട്ടുണ്ട്.

***ഇശാഅത്ത്:-***

ഈ വകുപ്പിൻ കീഴിൽ തിളക്കമാർന്ന പ്രവർത്തനങ്ങൾ നടത്താൻ മജ്‌ലിസ് അൻസാറുല്ലായ്ക്ക് ഈ വർഷം സാധിച്ചിട്ടുണ്ട്. അതിന് അല്ലാഹുവിനെ സ്തുതിക്കുന്നു. ഒപ്പം ഇതിനുവേണ്ടി സാമ്പത്തികവും മറ്റുമായ സഹായം നൽകിയവരെ നന്ദിപൂർവ്വം സ്മരിക്കുകയും ചെയ്യുന്നു. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ അൻസാറുല്ലാഹ് മുഖപത്രമായ 'സത്യമിത്രം' ദ്വൈമാസികയായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കടലായി മജ്‌ലിസിലെ ശംസുദ്ദീൻ സാഹിബിന്റെ സേവനം ഇവിടെ ഓർമ്മിക്കുന്നു. ഈ ദ്വൈമാസികയുടെ പ്രസിദ്ധീകരണത്തിലും വിതരണത്തിലും കണ്ണൂരിലെ അൻസാർ സഹോദരങ്ങൾ കാണിക്കുന്ന താൽപര്യം ശ്ലാഘനീയമാണ്.

മലയാള ഭാഷയിൽ ഹദീസുകളുടെ സമാഹാരമായ 'ഹദീഖത്തുൽസ്വാലിഹീൻ' എന്ന ഗ്രന്ഥം പുറത്തിറക്കാൻ സാധിച്ചത് അൻസാറുല്ലായുടെ പ്രസിദ്ധീകരണ വിഭാഗത്തിന് ഈ വർഷം കൈവരിക്കാൻ സാധിച്ച ഒരു നേട്ടമാണ്. ഇതിന്റെ വിവർത്തനം നടത്തിയ മൗലവി എച്ച്. ശംസുദ്ദീൻ സാഹിബിനോടും അതിന്റെ റിവ്യൂ നിർവ്വഹിച്ച മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബിനോടുമുള്ള കടപ്പാട് ഇവിടെ കുറിക്കട്ടെ. ഈ ഗ്രന്ഥം പുറത്തിറക്കുന്നതിന് സാമ്പത്തിക സഹായം നൽകിയവരേയും സ്മരിക്കുന്നു.

കേരളത്തിലെ എല്ലാ അഹ്മദികളുടേയും അവരുടെ സ്ഥാപനങ്ങളുടേയും ടെലിഫോൺ നമ്പറുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഡയറക്ടറിയും ശുചിത്വത്തെ സംബന്ധിച്ച ഒരു വീഡിയോ സിഡിയും ഈ വർഷം അൻസാറുല്ലാ പുറത്തിറക്കിയിട്ടുണ്ട്.

ഹദീഖത്തുൽസ്വാലിഹീൻ, ടെലിഫോൺ ഇൻഡക്സ്, വീഡിയോ സിഡി എന്നിവ ആറു മേഖലകളിലും പ്രകാശനം ചെയ്യപ്പെടുകയുണ്ടായി. കണ്ണൂർ മേഖലയിൽ കണ്ണൂർടൗണിൽവെച്ചും കോഴിക്കോട് മേഖലയിൽ കോഴിക്കോട്വെച്ചും മലപ്പുറം മേഖലയിൽ വാണിയമ്പലത്തുവെച്ചും, പാലക്കാട് മേഖലയിൽ മണ്ണാർക്കാട് വെച്ചും, എറണാകുളം മേഖലയിൽ എറണാകുളത്തുവെച്ചും തിരുവനന്തപുരം മേഖലയിൽ കരുനാഗപ്പള്ളിയിൽവെച്ചുമാണ് പ്രകാശനം ചെയ്തത്. പ്രസിദ്ധീകരണ രംഗത്ത് ഇനിയും കൂടുതൽ പ്രവർത്തിക്കാൻ മജ്‌ലിസ് അൻസാറുല്ലാക്ക് സാധ്യമാകുന്നതിന് ദുആ ചെയ്യണമെന്ന് എല്ലാവരോടും അപേക്ഷിക്കുന്നു.

***പ്രാദേശിക, മേഖലാ ഇജ്തിമകൾ:-***

കേന്ദ്ര നിർദ്ദേശാനുസരണം കേരളത്തിൽ പ്രാദേശിക മേഖലാ ഇജ്തിമകൾ സംസ്ഥാന ഇജ്തിമയുടെ മുന്നോടിയായി നടത്തുകയുണ്ടായി. കണ്ണൂർ മേഖലാ ഇജ്തിമ കൂടാളിയിലും, മലപ്പുറം മേഖലാ ഇജ്തിമ എടപ്പാളിലും, പാലക്കാട് മേഖല ഇജ്തിമാ കാഞ്ഞിരപ്പുഴ ഡാം സൈറ്റിലും, എറണാകുളം മേഖലാ ഇജ്തിമ മൂവാറ്റുപുഴയിലും, തിരുവനന്തപുരം മേഖലാ ഇജ്തിമ കരുനാഗപ്പള്ളിയിലുമാണ് നടത്തിയത്. എല്ലാ മേഖലാ ഇജ്തിമകളിലും സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. മേഖലാ ഇജ്തിമയോടനുബന്ധിച്ച് എറണാകുളം മേഖല മതമൈത്രീ സമ്മേളനവും, തിരുവനന്തപുരം മേഖല ആരോഗ്യ പരിപാലന സംബന്ധമായ ചോദ്യോത്തര പരിപാടിയും നടത്തുകയുണ്ടായി.

●

റിപ്പോർട്ട്


*സ്റ്റാഫ് റിപ്പോർട്ടർ*

# മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമ റിപ്പോർട്ട്

**2008–**ലെ മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമ ഒക്ടോബർ 12-ന് പഴയങ്ങാടി സെന്റിനറി ഹാളിൽവെച്ച് നടത്തപ്പെട്ടു. പഴയങ്ങാടി അഹ്മദിയ്യാ മുസ്‌ലിം പള്ളി അങ്കണത്തിൽ പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് രാവിലെ 9.45-ന് പതാക ഉയർത്തിയതോടെയാണ് ഇജ്തിമ ഔദ്യോഗികമായി ആരംഭിച്ചത്. നാസിർ ഇസ്‌ലാഹോ ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബാണ് തക്ബീർ ധ്വനികളുടെ അകമ്പടിയോടെ പതാകയുയർത്തിയത്.

തുടർന്ന് സെന്റിനറി ഹാളിൽ ഉദ്ഘാടന സമ്മേളനം നടത്തപ്പെട്ടു. പഴയങ്ങാടി മജ്‌ലിസംഗമായ ജനാബ് മദാർ അബ്ദുശ്ശക്കൂർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് ഉദ്ഘാടന ചടങ്ങ് ആരംഭിച്ചത്. അൻസാറുല്ലാ സംസ്ഥാന നാസിം ജനാബ് പി.പി. നാസിറുദ്ദീൻ സാഹിബ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അൻസാറുല്ല അംഗങ്ങൾ തങ്ങളുടെ കടമകളെക്കുറിച്ച് ബോധവാന്മാരാകണമെന്നും പക്വതയുടെ പ്രായക്കാരായ അൻസാറുകൾ അത് എല്ലാ രംഗങ്ങളിലും പ്രകടമാക്കണമെന്നും അദ്ദേഹം പറഞ്ഞു. ഹുസൂർ തിരുമനസ്സിന്റെ അഭിലാഷത്തിനനുസൃതമായി കേരളത്തിലെ ആകെ അൻസാർ അംഗങ്ങളിൽ അൻപത് ശതമാനത്തിലധികം പേർ വസിയ്യത്തിൽ അംഗങ്ങളാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്യുകയുണ്ടായി.

തുടർന്ന് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. രണ്ട് ജൂബിലി ആഘോഷങ്ങളിൽ നമുക്ക് പങ്കെടുക്കാൻ കഴിഞ്ഞത് അല്ലാഹുവിന്റെ ഒരു അപാര അനുഗ്രഹമാണ്. അതിലൊന്ന് ജമാഅത്തിന്റെ ശതവാർഷികവും മറ്റൊന്ന് ഖിലാഫത്ത് ശതവാർഷികവുമാണ്. ഖിലാഫത്ത് ജൂബിലി ആഘോഷത്തോടെ ശത്രുക്കൾ അസൂയാലുക്കളായിരിക്കുകയാണ്. അതുകൊണ്ടുതന്നെ അവർ പല ഗൂഢാലോചനയിലുമാണ്. പക്ഷേ വിജയം അല്ലാഹു നേരത്തേതന്നെ വാഗ്ദാനം ചെയ്തിട്ടുണ്ട്. '***ഇത്തീമഅക്കയാമസ്റൂർ***' എന്ന വെളിപാട് അതാണ് സൂചിപ്പിക്കുന്നത്. ഖിലാഫത്ത് ശതവാർഷിക ആഘോഷവേളയിൽ നടക്കുന്ന എല്ലാ ചടങ്ങുകളും അതുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ അൻസാറുല്ലാ സംസ്ഥാന ഇജ്തിമയും അതുമായി



**സംസ്ഥാന ഇജ്തിമ ഉദ്ഘാടനം ചെയ്തുകൊണ്ട് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് സംസാരിക്കുന്നു**

ബന്ധപ്പെട്ടതാണെന്നും ഇതിൽ പങ്കെടുക്കുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം ലഭ്യമാകുന്നതാണ്. ഇന്ത്യയിലങ്ങോളമിങ്ങോളം ജമാഅത്തിന് അഭൂതപൂർവ്വമായ വിജയമാണ് ഈ വർഷം ഉണ്ടായിട്ടുള്ളത്. അദ്ദേഹം തുടർന്നു.

ഉത്തർപ്രദേശ് മജ്‌ലിസ് അൻസാറുല്ലാഹ് നാസിം ജനാബ് ഹമീദുല്ലാ സാഹിബ് അഫ്ഘാനി, കോഴിക്കോട് മേഖല അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ എം.എ. മുഹമ്മദ് സാഹിബ്, കേരള മിഷനറി ഇൻചാർജ് മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ഹമീദുല്ലാ സാഹിബിന്റെ ഉർദു പ്രസംഗം ടി. അഹ്മദ് സയീദ് സാഹിബ് പരിഭാഷപ്പെടുത്തി. തുടർന്ന് 'അൽവസിയ്യത്ത്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ടി.കെ. മഹ്മൂദ് സാഹിബ് തർബിയ്യത്ത് ക്ലാസ്സെടുത്തു.

ചടങ്ങിൽവെച്ച് തലമുതിർന്ന അൻസാർ അംഗങ്ങളായ ജനാബ് സി.പി. ആലിക്കുട്ടി മൗലവി സാഹിബ്, ജനാബ് ബി. അഹ്മദ് സാഹിബ് എന്നിവരെ ആദരിച്ചു. അവർക്കുള്ള ഉപഹാരങ്ങൾ മൗലാനാ മുഹമ്മദ് ഉമർ സാഹിബ് കൈമാറി.

അൻസാറുല്ലായുടെ ഒരുവർഷത്തെ പ്രവർത്തന റിപ്പോർട്ട് അഡ്വ. എം. ജമീൽ അഹ്മദ് സാഹിബ് (നായിബ് നാസിം, ഉമൂമി) അവതരിപ്പിച്ചു. പഴയങ്ങാടി അൻസാറുല്ലാ സയീം കെ.പി. മസൂദ് സാഹിബ്

സ്വാഗതം പറഞ്ഞു. അബ്ദുർ റഹീം സാഹിബ് (എറണാകുളം) പദ്യം ചൊല്ലി. ചടങ്ങിൽ വിവിധ മേഖലകളിലെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അമീർമാരായ പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ്, ബി.ബി. അഹ്മദ് കബീർ സാഹിബ്, പ്രൊഫ. അബ്ദുൽ കരീം സാഹിബ്, കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് എന്നിവരും സന്നിഹിതരായിരുന്നു.

നമസ്കാരത്തിനും ഭക്ഷണത്തിനും ശേഷം വിവിധ വൈജ്ഞാനിക മത്സരങ്ങൾ നടത്തുകയുണ്ടായി. ഖുർആൻ പാരായണ മത്സരങ്ങളിൽ മദാർ അബ്ദുശ്ശക്കൂർ സാഹിബ് (കണ്ണൂർ മേഖല), അറബി പദ്യത്തിൽ ടി. അഹ്മദ് സയീദ് സാഹിബ് (കോഴിക്കോട് മേഖല), ഉർദു പദ്യത്തിൽ അബ്ദുർ റഹീം സാഹിബ് (എറണാകുളം മേഖല), മലയാള പദ്യത്തിൽ ഐ.കെ. അഹ്മദ് കുട്ടി സാഹിബ് (കോഴിക്കോട് മേഖല). ഓർമ്മ പരിശോധനയിൽ ടി. ശംസുദ്ദീൻ സാഹിബ് (കണ്ണൂർ മേഖല) എന്നിവർ ഒന്നാം സ്ഥാനത്തിന്നർഹരായി.

വൈകീട്ട് 4 മണിക്ക് കണ്ണൂർ മേഖല അൻസാറുല്ലാ നാസിം യു. മൻസൂർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ സമാപന സമ്മേളനം ആരംഭിച്ചു. ജനാബ് മുല്ലക്കോയ തങ്ങൾ സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്. "വിവാഹ രജിസ്ട്രേഷൻ നിയമം'' എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. കൗസർ സാഹിബ് എടപ്പകത്ത് 'കഥയിലെ കാര്യം' എന്ന വിഷയത്തിൽ ഡോ. ഫുആദ് എ. ജലീൽ സാഹിബ് എന്നിവർ ക്ലാസ്സെടുത്തു.

തുടർന്ന് നമസ്കാരം എന്ന വിഷയത്തെക്കുറിച്ചുള്ള ചോദ്യോത്തരവേദി സംഘടിപ്പിക്കപ്പെട്ടു. അംഗങ്ങൾക്ക് ഏറെ പ്രയോജനം ചെയ്ത ചോദ്യോത്തര വേദിയിൽ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞത് മൗലവിമാരായ നാസിർ അഹ്മദ് സാഹിബ്, മുഹമ്മദ് സലീം സാഹിബ് കൊടുങ്ങല്ലൂർ, മുഹമ്മദ് ശരീഫ് സാഹിബ് എന്നിവരായിരുന്നു. അംഗങ്ങളിൽനിന്നും നേരത്തേ



ഇജ്തിമയ്ക്കെത്തിയ സദസ്സിന്റെ ഒരു ദൃശ്യം




കേരള നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് അധ്യക്ഷഭാഷണം നടത്തുന്നു

ശേഖരിച്ച് ക്രോഡീകരിച്ച ചോദ്യങ്ങൾ ക്രോസ് വിസ്താരം നടത്തുന്ന രീതിയിൽ അഡ്വ. ജമീൽ അഹ്മദ് സാഹിബാണ് ചോദിച്ചത്.

തുടർന്ന് യു. മൻസൂർ അഹ്മദ് സാഹിബ് അധ്യക്ഷപ്രസംഗം നടത്തി. ലോകത്ത് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികത്തകർച്ച ജമാഅത്തിന്റെ സത്യതയിലേക്കുള്ള ഒരു തെളിവാണെന്നും വാഗ്ദത്ത മസീഹും അദ്ദേഹത്തിന്റെ ഖലീഫമാരും പ്രവചിച്ചതുപോലെ എല്ലാ സാമ്പത്തിക സംവിധാനങ്ങളും തകർന്ന് അൽവസിയ്യത്തിൽ അധിഷ്ഠിതമായ ഇസ്ലാമിക സമ്പദ് വ്യവസ്ഥ നിലവിൽ വരുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ഇജ്തിമാ കമ്മിറ്റി കൺവീനർ പ്രൊഫ. ബി. മഹ്മൂദഹ്മദ് സാഹിബ് ഇജ്തിമ അവലോകനം ചെയ്യുകയും നന്ദി പറയുകയും ചെയ്തു. ചടങ്ങിൽ വിവിധ മേഖലകളിലെ സയീമുമാരായ അഹ്മദ് ശരീഫ് സാഹിബ് പാലാഞ്ഞി, പി.കെ. ശാഹുൽ ഹമീദ് സാഹിബ്, നൗഷിർ സാഹിബ്, സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് എന്നിവരും സന്നിഹിതരായിരുന്നു. മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ പഴയങ്ങാടി ജമാഅത്ത് അമീർ ജനാബ് സലീം സാഹിബ് വിതരണം ചെയ്തു.

തലേദിവസംതന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള അൻസാർ അംഗങ്ങൾ പഴയങ്ങാടിയിൽ എത്തിച്ചേർന്നിരുന്നു. 12-ന് രാവിലെ നടന്ന ദർസിൽ മൗലവി അബ്ദുസ്സലാം സാഹിബ് ക്ലാസ്സെടുക്കുകയുണ്ടായി.

ഇജ്തിമയുടെ നടത്തിപ്പിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ അകമഴിഞ്ഞ സഹകരണം ഉണ്ടായിരുന്നു. ഇതിന്നായി തലേന്നുതന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ളവർ നായിബ് സദ്ർ ഡോ. സലാഹുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ എത്തിച്ചേരുകയുണ്ടായി.

# ബൈത്തുൽമാൽ അറിയിപ്പ്

(ജമാഅത്ത് അംഗത്തെ സംബന്ധമായി ബയ്ത്തുൽമാൽ ആമദ് നാസിർ സാഹിബ് അറിയിക്കുന്നത്)

1. ജമാഅത്തുപരമായ പാരമ്പര്യങ്ങളും സമ്പ്രദായങ്ങളുമനുസരിച്ച് സ്ഥിരമായി താമസിക്കുന്ന ഒരു സ്ഥലത്തുള്ള അല്ലെങ്കിൽ ജമാഅത്തിലുള്ള ഓരോ വ്യക്തിയും ആ സ്ഥലത്തുള്ള ജമാഅത്തിന്റേയോ സ്ഥലത്തിന്റേയോ പ്രതിനിധിയായിരിക്കും. അവിടെത്തന്നെ തങ്ങളുടെ ചന്ദ അവർ കൊടുക്കേണ്ടതാണ്. ഏതെങ്കിലും സ്നേഹിതൻ തന്റെ കുടുംബത്തെ മാത്രം ഒരു ജമാഅത്തിലാക്കുകയും അവർ അവിടെ താമസിച്ചുവരികയും എന്നാൽ, ആ സ്നേഹിതൻ ഉദ്യോഗാവശ്യാർത്ഥമോ തൊഴിലുപരമായോ മറ്റൊരു സ്ഥലത്ത് താമസിക്കുകയും വല്ലപ്പോഴുമൊക്കെ തന്റെ കുടുംബത്തിന്റെ അടുക്കൽ വരികയും ചെയ്യുകയാണെങ്കിൽ, അയാൾ മാത്രം അയാൾ ഉദ്യോഗം വഹിക്കുകയോ തൊഴിൽ ചെയ്യുകയോ ചെയ്യുന്ന സ്ഥലത്തുള്ള ജമാഅത്തിലെ അംഗമായിരിക്കുകയും അവിടത്തെ ജമാഅത്തിൽ ചന്ദ കൊടുക്കുകയും ചെയ്യേണ്ടതാണ്. ഇതാണ് ജമാഅത്ത് വ്യവസ്ഥിതി ആവശ്യപ്പെടുന്നത്.

2. ഇതേ കാര്യത്തിൽ ചില പരാതികൾ ഖലീഫത്തുൽ മസീഹിന് ലഭിച്ചപ്പോൾ 18.8.1994-ന് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ൽനിന്ന് ഭാരതത്തിലെ സകല ജമാഅത്തുകൾക്കുമായി ഒരു സർക്കുലർ വന്നിരുന്നു. "ജമാഅത്തംഗങ്ങൾ ജമാഅത്ത് വ്യവസ്ഥിതി പാലിക്കാനും ഏത് ജമാഅത്തിലാണോ താമസിക്കുന്നത് അവിടുത്തെ ബഡ്ജറ്റിൽ ചേരാനും ജമാഅത്തുകളെ സർക്കുലർ മുഖേന അറിയിക്കുക" എന്നതായിരുന്നു സർക്കുലറിലെ നിർദ്ദേശം.

ഇതൊരടിസ്ഥാനപരമായ മാർഗ്ഗനിർദ്ദേശമാണ്. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബ്ബന്ധമാണ്. എന്നാൽ, ചില പരിതസ്ഥിതികളിൽ കേന്ദ്രത്തിന് വിശദമായിട്ടെഴുതി സന്ദർഭാനുസരണം പ്രത്യേകമായി അനുവാദം വാങ്ങാവുന്നതാണ്.

3. 341-ാം നമ്പർ നിയമപ്രകാരം ചന്ദ കൊടുക്കുന്നവർ എന്നതുകൊണ്ടുദ്ദേശിക്കുന്നത് തങ്ങളുടെ ചന്ദ കൃത്യമായി കൊടുത്തുകൊണ്ടിരിക്കുന്നവരും ചന്ദ ആമോ ചന്ദഹിസ്സ ആമദോ ആറുമാസത്തേക്കാൾ കൂടുതൽ കുടശ്ശികയില്ലാത്തവരും ചന്ദ ജൽസ സാലാന ഒരു വർഷത്തേക്കാൾ കൂടുതൽ കുടിശ്ശിക ഇല്ലാത്തവരുമാണ്.

4. 343-ാം നമ്പർ നിയമനുസരിച്ച് തദ്ദേശ ജമാഅത്തിലെ ഏതെങ്കിലും അംഗത്തിന് 341-ാം നിയമനുസരിച്ച് കുടിശ്ശികയുണ്ടാവുകയും ആ കുടിശ്ശിക അടച്ചുതീർക്കാൻ അവധി നീട്ടിവാങ്ങാതിരിക്കുകയുമാണെങ്കിൽ അയാൾ ഒരു സ്ഥാനത്തേക്കും തിരഞ്ഞെടുക്കപ്പെടാൻ അർഹനല്ല. തിരഞ്ഞെടുപ്പ് കമ്മറ്റിയിലെ അംഗവുമായിരിക്കുകയില്ല.

5. നിയമം 305. ഏതെങ്കിലും വകുപ്പിലേക്ക് ഭാരവാഹികളാരും തിരഞ്ഞെടുക്കപ്പെടുന്നില്ലെങ്കിൽ ആ വകുപ്പിന്റെ പ്രവർത്തനം സദ്ർ/അമീർ വഹിക്കേണ്ടതാണ്.

6. നിയമം 384. മർക്കസിൽനിന്ന് ലഭിക്കുന്ന ഗ്രാന്റ് ഉൾപ്പെടെയുള്ള തദ്ദേശ ജമാഅത്തിന്റെ എല്ലാവിധ വരവ് ചെലവ് കണക്കുകളും കൃത്യമായി ബഡ്ജറ്റുണ്ടാക്കി മജ്‌ലിസെ ആമിലായിൽ അവതരിപ്പിക്കുകയും അതനുസരിച്ച് ചെലവഴിക്കുകയും കേന്ദ്രത്തിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് അതിന്റെ കണക്കുകളും രേഖകളും സൂക്ഷിക്കുകയും ചെയ്യേണ്ടത് ഓരോ തദ്ദേശ അഞ്ചുമനും നിർബന്ധമാണ്. അത് പരിശോധിപ്പിക്കേണ്ട ഉത്തരവാദിത്തം നിസാറത്ത് ബയ്ത്തുൽമാൽ ആമദിനായിരിക്കും.


7. നിയമം 383. ഓരോ തദ്ദേശ അഞ്ചുമനും തങ്ങളുടെ എല്ലാവിധ തദ്ദേശ ചെലവുകൾക്കും തദ്ദേശ അഹ്മദികളിൽനിന്ന് ചന്ദ പിരിക്കാവുന്നതാണ്. അത് മൊത്തം ചന്ദആമിന്റെയും ഹിസ്സ ആമദിന്റെയും കണക്കിന്റെ 30%-ൽ അധികം ആകാൻ പാടില്ല (ഇതൊരു പുതിയ നിയമമാണ്).

8. നാസിർ ബയ്ത്തുൽമാൽ ആമദിന് 17.9.1996-ന് ലഭിച്ച ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ കത്തിൽ പറയുന്നു: "തോതനുസരിച്ച് ചന്ദ കൊടുക്കാത്ത വ്യക്തിയിൽനിന്ന് ലോക്കൽ ചന്ദ വാങ്ങുന്നത് നിറുത്തേണ്ടതാണ്. ഇനിയാരെങ്കിലും തരികയാണെങ്കിൽ അതുകൊണ്ട് ആ വ്യക്തിയുടെ ലാസ്മി ചന്ദയിൽ വന്നിട്ടുള്ള കുറവ് നികത്തുക.

9. 5.10.1992-ന് പ്രൈവറ്റ് സെക്രട്ടറി അയച്ച സർക്കുലറിൽ പറയുന്നു: "ഹുസൂർ അൻവർ നിർദ്ദേശിക്കുന്നു 'എന്റെ അറിവിൽ ഇന്നയാൾ ദരിദ്രനാണ്. അയാൾക്കെന്തെങ്കിലും കൊടുക്കേണ്ടതാണ്' എന്ന് ആർക്ക് വേണമെങ്കിലും പറയാവുന്നതാണ്. എന്നാൽ, കേന്ദ്രത്തിന്റെ അനുവാദമില്ലാതെ സൽകർമ്മങ്ങളുടെ പേരിലാണെങ്കിലും തുക പിരിച്ചെടുക്കുന്നത് അനുവദിക്കുക സാധ്യമല്ല. അതിൽനിന്ന് കുഴപ്പമുണ്ടാകാൻ ഇടയുണ്ട്.

*പേജ് 42-ൽ*

എൻ.ഇ.ഹഖ്



# വിശുദ്ധഖുർആന്റെ ആഴവും അഴകും തിരിച്ചറിഞ്ഞ ആലിക്കോയ സാഹിബ്

ജനാബ് എം. ആലിക്കോയ സാഹിബിന്റെ വേർപാട് കേരള അഹ്മദിയ്യാ ജമാഅത്തിൽ പ്രതിഭാശാലിയായ ഒരു ഇസ്‌ലാമിക സേവകന്റെ വിടവാണുണ്ടാക്കിയത്. രോഗത്തിന് കീഴടങ്ങി നീണ്ടനാളുകളായി സ്വന്തം വീട്ടിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്നതുവരെ അദ്ദേഹം കോഴിക്കോട് ജമാഅത്തിലെ സജീവ സാന്നിധ്യമായിരുന്നു. ഇസ്‌ലാമും അഹ്മദിയ്യത്തും വാഗ്ദത്തമസീഹിന്റെ സ്ഫോടനാത്മക സിദ്ധാന്തങ്ങളും ലിഖിതങ്ങളിൽ മാത്രമല്ല ചിന്തകളിലും വാക്കുകളിലുമെല്ലാം നിറഞ്ഞുനിന്നു. കേരള അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ കോഴിക്കോട് ജമാഅത്തിന്റെ അഭിമാനസ്തംഭമായി വിരാജിച്ചയാളും ഒരുവേള കോഴിക്കോട് ജമാഅത്തിന്റെ സിരാകേന്ദ്രമെന്നു പറയാവുന്ന 'മാർക്കർഹൗസ്' തറവാട് അഹ്മദിയ്യാ പ്രസ്ഥാനത്തിനു സംഭാവന ചെയ്ത ജ്ഞാനോപഹാരവുമായിരുന്നു അദ്ദേഹം.

1925-ലാണ് ആലിക്കോയ സാഹിബ് ജനിച്ചത്. പിതാവ് കോഴിക്കോട്ടെ പ്രമുഖ വ്യാപാരിയായിരുന്ന പി.എം. മാമുക്കോയ സാഹിബും മാതാവ് പഴയങ്ങാടിയിലെ മുക്രിന്റകത്ത് ബിയ്യാത്തുകുട്ടി സാഹിബയുമായിരുന്നു. കേരളത്തിൽ ആദ്യമായി വാഗ്ദത്ത മസീഹിന്റെ സത്യം സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ചവരിലൊരാളും കേരള അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യരൂപമായ മലബാർ അഹ്മദിയ്യാ സംഘത്തിന്റെ കാര്യദർശിയുമായിരുന്ന മഹാനായ ഹദ്റത്ത് എം. അഹ്മദ് സാഹിബ് അദ്ദേഹത്തിന്റെ മാതുലനാണ്. വന്ദ്യമാതുലന്റെ ഗ്രന്ഥശേഖരത്തിൽ നിന്നാണ് ആലിക്കോയ സാഹിബിന്റെ വിജ്ഞാനദാഹം ഉറവെടുത്തത്.

1970-ൽ സത്യമതത്തിന്റെ പ്രചരണാർത്ഥം സ്വന്തം പരിശ്രമത്തിൽ അദ്ദേഹം ആരംഭിച്ച ഇംഗ്ലീഷ് ത്രൈമാസികയാണ് പരേതന്റെ ആത്മീയസേവനത്തിന്റെ ഭാസുരസ്മരണകൾ നമ്മിലാദ്യമായി ഉണർത്തുന്നത്. ശാസ്ത്രീയ അറിവും യുക്തിയും നിറഞ്ഞ ഖുർആനികജ്ഞാനങ്ങളുടെ വർണ്ണക്കാഴ്ചകളാണ് അതിന്റെ ഓരോ ലക്കവും അനുവാചകർക്ക് പകർന്നത്. ഇംഗ്ലീഷ് ഭാഷയിലുള്ള ഇന്ത്യയിലെതന്നെ ആദ്യ അഹ്മദിയ്യാ പ്രസിദ്ധീകരണമായി ഏറെക്കാലം മിനാരത്ത് വിളങ്ങിനിന്നു. അഹ്മദിയ്യാ ജമാഅത്തിനേയും ഇസ്‌ലാമിനേയും കുറിച്ചുള്ള പഠനഗവേഷണങ്ങളിൽ അവലംബമായി മിനാരത്തിന്റെ പഴയതാളുകൾ തുടർന്നും നിലകൊള്ളുമെന്നതിൽ സംശയമില്ല.

വാഗ്ദത്ത മസീഹ് തന്റെ അനുയായികളിൽ സൃഷ്ടിച്ച പരിവർത്തനങ്ങളെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലീഹ് മൗഊദ് പറഞ്ഞ വാക്കുകൾ ആലിക്കോയ സാഹിബിനെ സംബന്ധിച്ചിടത്തോളം തികച്ചും സാർത്ഥകമാണ്. ഒരു ഭാഗത്ത് ദൈവവചനങ്ങളോടും തിരുനബിയോടും വാഗ്ദത്ത മസീഹിനോടുമുള്ള സ്നേഹത്താൽ മത്തനായി കാണപ്പെടുകയും, മറുഭാഗത്ത് യുക്തിയുക്തമല്ലാത്ത യാതൊന്നും തന്നെ സ്വീകരിക്കാൻ തയ്യാറില്ലാത്ത കടുത്ത വിമർശനബുദ്ധിയും, യുക്തിസഹമായി തെളിയിച്ചു കാണിക്കപ്പെടുന്ന ഒന്നിൽ മാത്രം വിശ്വാസം കൊള്ളുന്നയാളും താൻ പറയുന്നതിന്റെ സത്യാവസ്ഥ ന്യായയുക്തികളോടെ മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ളയാളുമായിരുന്നു അദ്ദേഹം. ശാസ്ത്രവും ശാസ്ത്രീയബോധവും പരത്തുന്നതിന് ആഗ്രഹിച്ചയാളാണദ്ദേഹം. ശാസ്ത്രത്തെ മതത്തിന്റെ പൂരകമായും സഹായിയുമായാണ് അദ്ദേഹം കരുതിയത്.

ഇന്ന് കേരളത്തിലെ നാനാഭാഗങ്ങളിലായി ഖുർആനികപാഠങ്ങളുടെ ശാസ്ത്രീയവും ദാർശനീകവുമായ സൗന്ദര്യം ദൃശ്യാവിഷ്കാരത്തിലൂടെ അവതരിപ്പിക്കുന്ന മഹത്തായ 'എക്സിബിഷൻ അൽഖുർആൻ' സംരംഭത്തിന് തുടക്കം കുറിച്ചത് അദ്ദേഹമായിരുന്നു. സെക്യുലർ ജ്ഞാനത്തിന്റെ സാന്നിധ്യമില്ലാതെ വിശുദ്ധഖുർആനിലെ അഗാധജ്ഞാനങ്ങളുടെ ആഴവും അഴകും തിരിച്ചറിയാനാവില്ലെന്ന അഭിപ്രായക്കാരനായിരുന്നു ആലിക്കോയ സാഹിബ്. അതുകൊണ്ടാണ് അദ്ദേഹം ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും മാർഗ്ഗത്തിൽ മുസ്‌ലിംകൾ ഒരു സമുദായമെന്നനിലയിൽ മുന്നേറേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും അതിനുവേണ്ടി തന്റേതായ വൃത്തത്തിൽ അറിവും തൂലികയും ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തത്. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ്(റഹ്) മുസ്‌ലിം ലോകത്തെ അഭിമുഖീകരിച്ചു പറഞ്ഞ വാക്കുകൾ ഇക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ ആവേശത്തെ സാധൂകരിച്ചു. ഖലീഫ നാലാമൻ(റഹ്) പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു.

"ശാസ്ത്രങ്ങളുടേയും കലകളുടേയും പഠനങ്ങളിൽ ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്ക് മുസ്‌ലിം ലോകത്തോട് പറയാനുള്ളത്. എന്തെന്നാൽ അവർ നിരവധി നൂറ്റാണ്ടുകാലം അനാവശ്യമായ ആരവങ്ങ

ളിലും മുദ്രാവാക്യങ്ങളിലും സമയം പാഴാക്കുകയും സാഹിത്യങ്ങളോടും കവിതകളോടുമുള്ള പ്രേമത്തിൽ മുങ്ങിത്താഴുകയുമാണുണ്ടായത്. പൈങ്കിളികളെ പോലെ ദുർബ്ബലരും പരിക്ഷീണരുമാണവർ. പുറം ലോകം ഏറെ മുന്നേറുകയും ലോകജനതകൾ ശാസ്ത്രങ്ങളിലും കലകളിലും അഭൂതപൂർവ്വമായ പുരോഗതി കൈവരിക്കുകയും ചെയ്തു. മുസ്‌ലിം യുവാക്കൾക്ക് ലോകജനതകൾക്കിടയിൽ ആദരണീയമായ സ്ഥാനം നേടണമെന്നുണ്ടെങ്കിൽ, അവർ ശാസ്ത്രങ്ങളിലും കലകളിലും അതുപോലെതന്നെ മറ്റു വിജ്ഞാനശാഖകളിലും പുരോഗതിപ്പെട്ടേ മതിയാകൂ."

മിനാരത്ത് മാസികയിലൂടെ പുറത്തുവന്ന അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ഭാഷാപാടവം പോലെതന്നെ മലയാളത്തിലും അദ്ദേഹം കൃതഹസ്തനായിരുന്നു. വിജ്ഞാനനിർഭരമായ നിരവധി ലേഖനങ്ങൾ അദ്ദേഹത്തിന്റേതായി സത്യദൂതൻ മാസികയുടെ വിവിധ താളുകളിൽ കാണാനാവും. അഹ്‌മദിയ്യാ ജമാഅത്തിന്റെ സാർവ്വദേശീയ പ്രസിദ്ധീകരണമായ 'റിവ്യൂ ഓഫ് റിളീജ്യൻസി'ലും അദ്ദേഹത്തിന്റെ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ക്രൈസ്തവ മിഷനറിയായ എൻറി ജെ. ഓട്ടൻ, ക്രിസ്തീയ പ്രചാരകർക്കായി തയ്യാറാക്കിയ തന്റെ 'അഹ്‌മദിയ്യാ ഡോക്ട്രിൻ ഓഫ് ഗോഡ്' എന്ന ഗ്രന്ഥത്തിൽ കോഴിക്കോട് താൻ കണ്ടുമുട്ടിയ അഹ്‌മദികൾക്കിടയിലെ ഉദാഹരണം എടുത്തുകാട്ടി അഹ്‌മദി മുസ്‌ലിംകളുടെ വിവാദ മർമ്മജ്ഞതയേയും ഊർജ്ജസ്വലമായ മതാഭിമാനബോധത്തേയും ലക്ഷ്യബോധത്തേയും കുറിച്ച് പരാമർശിക്കുന്നുണ്ട്. ജനാബ് ആലിക്കോയ സാഹിബുമായുള്ള കൂടിക്കാഴ്ചയല്ലാതെ മറ്റെന്താവാം ഈ ഏറ്റുപറച്ചിലിലേക്ക് അദ്ദേഹത്തെ എത്തിച്ചത്.

അഹ്‌മദിയ്യാ ജമാഅത്തിന്റെ പ്രചരണസംവിധാനം പ്രചണ്ഡമാക്കുകയെന്നത് അദ്ദേഹത്തിന്റെ എപ്പോഴത്തേയും ആവേശമായിരുന്നു. പ്രത്യേകിച്ചും 2001 സെപ്തംബർ 11-നെ തുടർന്നുള്ള സംഭവ വികാസങ്ങളോടെ ആഞ്ഞടിക്കാനുള്ള സമയമായെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ബുദ്ധിജീവികൾക്കിടയിൽ ഇസ്‌ലാമിന്റെ മഹനീയപാഠങ്ങളുടെ സൗന്ദര്യം എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് അദ്ദേഹം ഇംഗ്ലീഷ് മിനാരത്ത് ത്രൈമാസികയുടെ തുടക്കം കുറിച്ചത്. മുപ്പത് വർഷത്തിലേറെ കാലത്തിനുശേഷം അതിന്റെ പ്രസിദ്ധീകരണം നിലച്ചുപോയതോടെ അദ്ദേഹം തളർന്നുപോയെന്നതാണ് സത്യം. ജമാഅത്തിന്റെ സാഹിത്യങ്ങൾ വിപുലമായി പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യണമെന്നതാണ് അദ്ദേഹത്തിന്റെ എക്കാലത്തേയും ആഗ്രഹം. അങ്ങനെയാണ് വളരെ മുമ്പേതന്നെ അദ്ദേഹം മിനാരത്ത് പബ്ലിക്കേഷൻസ് എന്ന പ്രസിദ്ധീകരണ സംരംഭത്തിന് നേതൃത്വം നൽകിയത്.

അറിവിന്റെ ഉപാസകനായിട്ടുള്ള നിരവധി ശിഷ്യന്മാരെ സൃഷ്ടിക്കാൻ ആലിക്കോയ സാഹിബിന് സാധിച്ചിട്ടുണ്ട്. അവരിൽ ചിലർ കോഴിക്കോട് ജമാഅത്തിലെ സജീവപ്രവർത്തകരായും മസീഹി സന്ദേശത്തിന്റെ സജീവപ്രചാരകരായും എഴുത്തുകാരായുമുണ്ട്. സത്യദൂതൻ പത്രാധിപരും ഗ്രന്ഥകാരനും അൽഖുർആൻ എക്സിബിഷന്റെ വിപുലമായ പുതിയ ദൃശ്യാവിഷ്കാരത്തിന്റെ ഉപജ്ഞാതാവുമായ എ.എം. മുഹമ്മദ് സലീം സാഹിബ് അക്കൂട്ടത്തിൽ പ്രമുഖനാണ്. വിശുദ്ധഖുർആന്റെ ആഹ്വാനംപോലെതന്നെ ഖുർആൻ കൊണ്ട് ജിഹാദ് നടത്തിയവരുടെ കൂട്ടത്തിൽ അദ്ദേഹം ഉൾപ്പെടുമെന്നതിൽ സംശയമില്ല. എളിയ ജീവിതമാണ് അദ്ദേഹം നയിച്ചത്. ആരോപണങ്ങളിൽ ഒട്ടും താൽപര്യം കാണിച്ചിരുന്നില്ല. എന്നാൽ, അദ്ദേഹത്തിന്റെ സാന്നിധ്യം പ്രബുദ്ധതയുടെ പ്രകാരവും തബ്‌ലീഗിന്റെ ആവേശവും ചൊരിഞ്ഞു. അദ്ദേഹവുമായി സംസാരിക്കാൻ കിട്ടുന്ന അവസരങ്ങൾ ആത്മീയവും ഭൗതീകവുമായ അറിവുകളുടെ വർണ്ണപ്പൊലിമ സൃഷ്ടിക്കുന്ന നിമിഷങ്ങളായിരുന്നു. കാരുണ്യവാനായ അല്ലാഹു പരേതന്റെ ദീനീസേവനങ്ങൾ സ്വീകരിക്കുകയും പരലോകത്ത് മഗ്ഫിറത്തും ജന്നത്തും പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ. ●

## പ്രതികരണം

അഡ്വ. നിസാർ അഹ്‌മദ് സാഹിബിന്റെ മൂന്ന് ലക്കങ്ങളിലായി വന്ന 'തിരുമനസ്സിന്റെ തിരുമുമ്പിൽ' എന്ന ലേഖനം വായിച്ചുകഴിഞ്ഞപ്പോൾ ഇങ്ങനെയൊരു കുറിപ്പ് എഴുതാതിരിക്കാൻ കഴിഞ്ഞില്ല. അത്ര ആകർഷകവും, മനസ്സിനെ പിടിച്ചിരുത്തുകയും ചെയ്ത അനുഭവമായിരുന്നു. പരിഹാസത്തിന്റെ പരിവേഷമണിഞ്ഞ് 'നിന്റെ മൊയിലാർക്കയെ കാണാം' എന്ന ഭാവത്തിൽ എത്തിയ കൂട്ടുകാരുടെ അനുഭവം വായിച്ചപ്പോൾ, ശേഷം അവർക്കെന്ത് പറ്റി, അവരുടെ പ്രതികരണം എന്തായിരുന്നു എന്നറിയാൻ എന്തെന്നില്ലാത്ത ആകാംക്ഷ. തീർച്ചയായും അവരുടെ പ്രതികരണം സത്യമിത്രത്തിലൂടെ അറിയാനുള്ള അവസരമുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. അവസാനഭാഗം ഹുസൂർ നമ്മെ അറിയിക്കാൻ പറഞ്ഞ വാക്കുകൾ "ദിവസവും ഞാനവരെ കാണുന്നു. അവരോട് സംസാരിക്കുന്നു. എന്റെ സഹോദരങ്ങളും അങ്ങനെ ചെയ്യാറുണ്ടോ എന്ന് നിങ്ങൾ അന്വേഷിക്കണം" എന്ന് വായിച്ചപ്പോൾ കണ്ണുകൾ അറിയാതെ നിറഞ്ഞുപോയി. ഹുസൂർ തിരുമനസ്സിന്റെ വരവിനായ് കാത്തിരിക്കുന്ന ഈ സന്ദർഭത്തിൽ വർഷങ്ങൾ കുറേകഴിഞ്ഞാണെങ്കിലും ഈ സുവർണ്ണാവസരം പങ്കിടാൻ ശ്രമിച്ചതിൽ വളരെയധികം സന്തോഷിക്കുന്നു. ദുആയോടെ

വിനീത

നാസിറസുലൈമാൻ, പഴയങ്ങാടി

**അനുസ്മരണം**

# സി.കെ. അബ്ദുല്ലാസാഹിബ്

ഞങ്ങളുടെ സഹോദരനും കൊടിയത്തൂർ ജമാഅത്തംഗവുമായിരുന്ന സി.കെ. അബ്ദുല്ലാസാഹിബ് (75) 2008 ജൂൺ 24-ന് ചൊവ്വാഴ്ച രാത്രി പുത്തൂർ ഗ്രാമത്തിലെ മകന്റെ വസതിയിൽ നിര്യാതനായി. (ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ) അനാരോഗ്യത്തിൽ കൂടുതൽ അവശനായപ്പോൾ മകന്റേയും കുടുംബത്തിന്റേയും പ്രത്യേക പരിചരണത്തിൽ കഴിയുകയായിരുന്നു.

കുറ്റ്യാടി പ്രദേശത്ത് മതനിഷ്ഠയിൽ പ്രസിദ്ധമായിരുന്ന ആലിശ്ശേരി തറവാട്ടിലെ പ്രഗത്ഭപണ്ഡിതൻ അഹ്മദ് മുസ്ല്യാരുടെ മകനായിരുന്നു. മടവൂർ, ബത്തേരി (വയനാട്) എരവണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിൽ പ്രസിദ്ധനായ മുദർരിസും ഖത്തീബുമായിരുന്നു പിതാവ്. അതേ ചിന്താസരണിയിലാണ് വളർന്നതെങ്കിലും പിൽക്കാലത്ത് പുളിക്കൽ മദീനത്തുൽ ഉലൂം കോളേജിൽനിന്ന് വിദ്യാഭ്യാസം നേടിയതിനാൽ ഉല്പതിഷ്ണുവിഭാഗത്തിൽ ചേർന്നു. പ്രസ്തുതാശയ പ്രചരണത്തിന്നിടെ ഒരിക്കൽ കഠാരി ഭീഷണി നേരിടുകയുണ്ടായി. അക്കാലത്തെ യാഥാസ്ഥിതിക ചുറ്റുപാടിൽ കുടുംബക്കാരിൽനിന്നും നാട്ടുകാരിൽനിന്നും വളരെ എതിർപ്പുകൾ നേരിട്ടു.

പിന്നീട് ജമാഅത്തെ ഇസ്ലാമിയുമായി ബന്ധപ്പെടുകയും ഉർദു പഠിക്കുകയും ചെയ്തു. 1974-ൽ അഹ്മദിയ്യത്തിൽ ബയ്അത്ത് ചെയ്തതോടുകൂടി ഈ വിനീതനടക്കമുള്ള കുടുംബാംഗങ്ങളിൽനിന്നും നാട്ടുകാരിൽനിന്നും കൂടുതൽ ഒറ്റപ്പെടുകയും വളരെ ശുഷ്കമായ ഒരു ജീവിതം നയിക്കേണ്ടി വരികയും ചെയ്തു. നേരത്തേ വായനാപ്രിയനായിരുന്നതിനാലും ഉർദു-അറബി ഭാഷാ പരിജ്ഞാനമുള്ളതുകൊണ്ടും മസീഹ് മൗഊദ്(അ)ന്റെ പല ഗ്രന്ഥങ്ങളും വായിച്ചു. സമൂഹത്തിൽനിന്നുള്ള ഒറ്റപ്പെടലിൽ അത് ഒരാത്മീയ രസായനമായി അനുഭൂതി പകർന്നു.

പഴയ പ്രസ്ഥാനങ്ങളുടെ സ്ഥാപനങ്ങളിൽ വളരെ കാലം അധ്യാപകനായും ഖത്തീബായും ജോലി ചെയ്തിരുന്നു. അഹ്മദിയ്യാ ജമഅത്തിൽ ചേർന്ന ശേഷം കണ്ണൂർ സിറ്റി, പഴയങ്ങാടി, കടലായി, ആദിനാട്, കൊടിയത്തൂർ എന്നിവിടങ്ങളിലും മുഅല്ലിമായി സേവനമനുഷ്ഠിച്ചു. മുസ്ലിം അമുസ്ലിം ഭേദമെന്യേ ബന്ധപ്പെടാൻ കഴിയുന്നവർക്കെല്ലാം തബ്ലീഗ് ചെയ്യുന്നതിലും തല്പരനായിരുന്നു.

മക്കൾ: അബ്ദുർ റസ്സാഖ് (കെ.എസ്.ഇ.ബി), ഷെഹർബാൻ (അഫ്സലുൽ ഉലമ), ശമീമത്ത് (ഹിന്ദി).

മരുമക്കൾ; നസറുല്ലാഹ് (എഞ്ചിനീയർ), നിസാർ (ദുബൈ), നസീബ് (ടീച്ചർ).

സഹോദരങ്ങൾ: മുഹിയിദ്ദീൻ (പഴയങ്ങാടി ജമാഅത്ത്), അബ്ദുറഹിമാൻ. പരേതാത്മാവിന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ. ആമീൻ.

---

പേജ്-39-ൽനിന്ന്

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഖിലാഫത്തിന്റെ ആരംഭം മുതൽതന്നെ ഈ ദുഷ്പ്രവണതയ്ക്കെതിരെ ശക്തമായി പ്രതികരിച്ചിരുന്നു. ഇപ്പോൾ ഇക്കാര്യം വീണ്ടും മനസ്സിലാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. കേന്ദ്രത്തിന്റെ അനുവാദമില്ലാതെ ഇപ്രകാരം സ്വയം വിളംബരം ചെയ്ത് പണം പിരിക്കുന്നതിനെ ശക്തമായി തടയുക.'

10. ജമാഅത്ത് വ്യവസ്ഥിതിയിൽനിന്ന് അകന്ന് തങ്ങളുടെ ചന്ദ നേരിട്ട് കേന്ദ്രത്തിലേക്ക് അയക്കാൻ ജമാഅത്തിലെ ഒരംഗത്തിനും അനുവാദമില്ല (ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) 1937-ലെ മുശാവറത്ത് യോഗത്തിൽ പറഞ്ഞത്).

ഇതിനു പുറമെ കാലത്തിന്റെ ഖലീഫമാർ വിവിധ അവസരങ്ങളിൽ സന്ദർഭോചിതം ഖുത്ബകളിലൂടെ നല്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിയമങ്ങളിൽപെടുന്നതാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. ഇതിനുപുറമെ എന്തെങ്കിലും സംശയമുണ്ടെങ്കിൽ നിസാറത്തുമായി ബന്ധപ്പെടുക. ഈ നിസാറത്ത് നിങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതാണ്. ●